വില ₹ 30/-

# ജീവനും വെളിച്ചവും

മെയ് 2024




## ക്രിസ്തു വിളിക്കുന്നു...

**ദൈവവിളി**

അതിരൂപതയും അൽമായരും

അഡ്വ. ഡോ. മേരി ജോൺ

**ലേഖനം**

അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങളും പുനരധിവാസവും

ഡോ. യുജിൻ ഗോമസ് ജെ.

**കഥ**

**കവിത**

# Dr. Dhanuja Jose BHMS

## HOMEOPATHIC CONSULTANT

Reg. No. 13993

Near SK Hospital, Edapazhinji, Sree Chithra Nagar, Anaswara line, Trivandrum

**'OUR DREAM IS HEALTHY SOCIETY'**

## ജർമ്മൻ, ഫ്രാൻസ്, ഇന്ത്യൻ ഹോമിയോപ്പതിക് മരുന്നുകളുടെ ലഭ്യതയോടെയുള്ള ചികിത്സ

### എന്തുകൊണ്ട് ഹോമിയോപ്പതി ചികിത്സ?

- പാർശ്വഫലങ്ങളില്ലാത്ത ചികിത്സ
- ഹോർമോൺ ഗ്രന്ഥികളുടെ സ്വാഭാവികമായ പ്രവർത്തനശേഷി വീണ്ടെടുക്കുന്നു.
- ആർത്തവ ചക്രത്തെ ക്രമപ്പെടുത്തുന്നു.
- സ്വാഭാവികമായ അണ്ഡാഗമനം
- സ്വാഭാവികമായ ഗർഭധാരണത്തിന് സഹായിക്കുന്നു.

## ലഭ്യമായ ചികിത്സകൾ

### ശിശുരോഗങ്ങൾ

- ടോൺസിലൈറ്റിസ്
- വിരശല്യം
- ദഹനകുറവ്
- കഫക്കെട്ട്
- ആസ്ത്മ
- അലർജി (കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ബാധിക്കുന്ന അലർജി)
- തുമ്മൽ

### സ്ത്രീരോഗങ്ങൾ

- വേദനയേറിയ ആർത്തവം
- ഫൈബ്രോയിഡ്
- വെള്ളപോക്ക്
- ഗർഭാശയ മുഴകൾ
- PCOD
- ആർത്തവ ക്രമക്കേടുകൾ

### ജീവിതശൈലി രോഗങ്ങൾ

- ഹൈപ്പർ ടെൻഷൻ
- കൊളസ്ട്രോൾ
- പ്രമേഹം
- മൂത്രാശയ കല്ലുകൾ
- മൂത്രത്തിൽ പഴുപ്പ്
- ഗ്യാസ്ട്രബിൾ
- ഫിഷർ
- അമിതവണ്ണം
- തലകറക്കം
- അസിഡിറ്റി
- പൈൽസ്

### പകർച്ചവവ്യാധികൾ

- ചെങ്കണ്ണ്
- മഞ്ഞപ്പിത്തം
- അഞ്ചാംപനി
- മുണ്ടിനീര്
- പകർച്ചപ്പനി
- ചിക്കൻപോക്സ്

### മറ്റ് ചികിത്സകൾ

- സന്ധിവേദന
- സ്ത്രീപുരുഷ വന്ധ്യത
- ലൈംഗിക പ്രശ്നങ്ങൾ
- വാതരോഗങ്ങൾ
- കുട്ടികളുടെ പഠന പ്രശ്നങ്ങൾ

പ്രവർത്തന സമയം: തിങ്കൾ മുതൽ ശനി വരെ
വൈകുന്നേരം 5 മണി മുതൽ 8 മണി വരെ

മുൻകൂട്ടി അപ്പോയ്മെന്റ് എടുക്കാനായി വിളിക്കുക **7736633980**

**ജീവനും വെളിച്ചവും**

**തിരുവനന്തപുരം**
**ലത്തീൻ അതിരൂപത**
**പ്രസിദ്ധീകരണം**

2024 മെയ്
പുസ്തകം - 48 ലക്കം - 5
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. ഡാനിയേൽ ആർ.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. അസ്സീസി ജോൺ സുമേഷ്
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഡേവിഡ്സൻ ജസ്റ്റസ്
ഫാ. ജോർജ്ജ് ഗോമസ്
ഫാ. വിജിൽ ജോർജ്ജ്
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
സതീഷ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.

*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum

## മുഖവിചാരം

# വിശുദ്ധ യൗസേപ്പിതാവിന്റെ പാത പിന്തുടരാം...

**വേ**നലവധിക്കാലത്ത് കഠിന ചൂട് വകവയ്ക്കാതെ രാജ്യം ഭരിക്കേണ്ട ഭരണകർത്താക്കൾ ജനങ്ങളുടെ തൊട്ടടുത്തുവന്ന് ഇടപെട്ട നാളുകൾക്ക് താൽക്കാലികമായി വിരാമമാവുകയാണ്. നന്നായി അധ്വാനിച്ചവരും മികച്ച പ്രകടനങ്ങൾ കാഴ്ചവച്ചവരും പ്രതീക്ഷയോടെ കാത്തിരിക്കുന്നു. അതിനിടയിലാണ് നിശബ്ദനായ ഒരു മനുഷ്യൻ കാലിക പ്രാധാന്യത്തോടെ നമ്മെ അമ്പരപ്പിക്കുന്നത്. മെയ് 1 വിശുദ്ധ യൗസേപ്പിതാവിന്റെ ഓർമ്മദിനം, തൊഴിലാളി ദിനമായി ലോകം ആചരിക്കുമ്പോൾ, നാം തൊഴിലിന്റെ മഹത്വത്തെയും തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങളെയും വിശുദ്ധ യൗസേപ്പിതാവിന്റെ മാതൃകയിലൂടെ അഭിമാനത്തോടെ നോക്കി കാണേണ്ടതുണ്ട്.

ഏത് ജോലിയും മനുഷ്യന്റെ ആന്തരിക പൂർണ്ണതയ്ക്ക് ഉപകരിക്കണം. ജോലി കൂടുതൽ വിശുദ്ധി നേടാനുള്ള ഉപാധിയാണ്, ആരാധനാ വിഷയം അല്ല അത്. ഒരിക്കൽ നാം ഭൗതിക ശരീരത്തിൽനിന്നു നിത്യതയിലേക്ക് പ്രവേശിക്കുമ്പോൾ, അവിടെ ഉത്പാദനശേഷിക്ക് അനുസരിച്ചല്ല മനുഷ്യൻ വിധിക്കപ്പെടുക, നമ്മിലെ ദൈവാംശം അനുസരിച്ചായിരിക്കും വിധിക്കപ്പെടുക. നമ്മുടെ ജോലിയിലൂടെ ക്രിസ്തുവിൽ വളരാൻ നാം അറിവ് നേടണം. അധ്വാനം ദൈവീകമാണ്, അതിനാൽ പരിശുദ്ധവുമാണ്. ദൈവാലയത്തിൽ പോകുന്ന അതേ മനോഭാവത്തോടെ നമുക്ക് ജോലിക്ക് പോകാം. അധ്വാനം പാപികളുടെ മേൽ ചുമത്തപ്പെട്ട ആദ്യത്തെ പ്രായശ്ചിത്തം ആയതിനാൽ, നമ്മുടെ ഈ ലോകത്തിന്റെ പാപങ്ങൾക്ക് പരിഹാരമായി നമുക്ക് അത് കാഴ്ചവയ്ക്കാം. വിത്ത് പാകുന്നതുമുതൽ നമ്മുടെ മേശയിൽ ഭക്ഷണം നിരത്തുന്നതുവരെയുള്ള ഓരോ പ്രവർത്തനങ്ങളിലും ദൈവത്തെ സഹായിക്കുന്ന വ്യക്തികൾ ദൈവത്തിന്റെ അത്ഭുതകരമായ പരിപാലനയിൽ പങ്കാളിയാവുകയാണ്. എങ്കിൽ അധ്വാനം ആരാധനയല്ലാതെ എന്താണ് ? നമ്മുടെ അധ്വാനം ഇപ്രകാരം ദിവ്യകാരുണ്യപരമാക്കി മാറ്റാം, ബലിയും കൂദാശയും ആക്കാം. നാം സമ്പാദിക്കുന്ന നമ്മുടെ തൊഴിലിന്റെ പ്രതിഫലമായ വേതനം നമ്മുടെ കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കും സഭയ്ക്കും സമൂഹത്തിനും വേണ്ടി വീതിച്ചു നൽകുമ്പോൾ ജ്ഞാനികളെപ്പോലെ നമ്മുടെ കാഴ്ച വസ്തുക്കൾ നാം ദൈവത്തിന് നൽകുകയാണ്. യേശുനാമമോ ദൈവനാമമോ ഉരുവിട്ടുകൊണ്ട് നാം അധ്വാനിക്കുമ്പോൾ നമ്മുടെ ജോലി ഒരു സ്തോത്രഗീതവും അനുഗ്രഹയാചനയും ബലിയുമായി മാറുന്നു. നമ്മുടെ അധ്വാനമാകുന്ന കാഴ്ചവസ്തുക്കളെ അവിടുന്ന് സാരാംശഭേദം വരുത്തി അവിടുത്തെ തിരുശരീരവും തിരുരക്തവും ആക്കി മാറ്റും. നമ്മൾ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവന്റെ യോഗ്യതയിലാണത് സംഭവിക്കുന്നത്. തിരുകുടുംബത്തിന് വേണ്ടി തന്റെ കഠിനാധ്വാനത്തെ ബലിയാക്കി മാറ്റിയ വിശുദ്ധ ഔസേപ്പ് പിതാവ് നമ്മുടെ അധ്വാനങ്ങൾ ബലിയാക്കി മാറ്റാൻ നമുക്കുവേണ്ടി മാധ്യസ്ഥം വഹിച്ച് നിരന്തരം പ്രാർത്ഥിക്കും. ആത്മാഭിമാനത്തോടും അർപ്പണബോധത്തോടും നിരന്തരം ഈ ബലിയിൽ പങ്കുചേരാനും ബലിയർപ്പകനാകാനും വിശുദ്ധ യൗസേപ്പിതാവിന്റെ പാത പിന്തുടരാം...

– പത്രാധിപർ

# പ്രതികരണങ്ങൾ

## സുവിശേഷവൽക്കരണമാണ് സന്യസ്തവിളിയുടെ അടിക്കല്ല്

ഏപ്രിൽ ലക്കത്തിൽ യൂജിൻ അച്ചൻ, പൊന്നുമോൻ, പത്രോസ്, പാട്രിക് മൈക്കിൾ, സനുസാജൻ, വിമല സ്റ്റാൻലി ഇവരുടെ ലേഖനങ്ങൾ വായിച്ചു. വർഷാവർഷം അവകാശ പത്രിക സർക്കാരിന് സമർപ്പിച്ചതുകൊണ്ടോ, ദലിത് ക്രൈസ്തവരെ സ്ഥാനാർത്ഥിയാക്കിയില്ലെന്ന് പരാതി പറഞ്ഞതുകൊണ്ടോ, യുവജനങ്ങളെ പരിഗണിച്ചില്ലെന്ന് പറഞ്ഞിട്ടോ, തീരദേശത്തിന്റെ തീരാനോവുകൾ ആരും കണ്ടില്ലെന്ന് കരഞ്ഞിട്ടോ, ലത്തീൻ സമുദായം വർഷങ്ങളായി നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നില്ലെന്ന മുറവിളിയിൽ കാര്യമില്ല. അഞ്ചുവർഷമോ അമ്പതു വർഷമോ കഴിഞ്ഞാലും ഇങ്ങനെ പോയാൽ ഇങ്ങനെയൊക്കെ തന്നെയായിരിക്കും നമ്മുടെ അവസ്ഥയും ദുരവസ്ഥയും.

എന്താണ് സഭാധികൃതർക്ക് അതിരൂപതയിലെ വിശ്വാസികളെക്കുറിച്ചുള്ള ദീർഘവീക്ഷണവും കാഴ്ചപ്പാടും?

സഭയുടെ പൊതുകാര്യത്തിനുപോലും ഒരു കുടക്കീഴിൽ വിശ്വാസികളെ നിർത്താൻ കഴിയുമോ എന്ന് സംശയമാണ്. വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളിൽ വിശ്വാസികൾ ചേക്കേറുക സ്വാഭാവികം. ആർക്ക് വോട്ട് ചെയ്യണം ആർക്ക് വോട്ട് ചെയ്യരുത് എന്ന് പൊതുജനത്തിനറിയാം. കെട്ടിച്ചമച്ച് വിശ്വാസ്യത ഉണ്ടാക്കുന്ന കള്ളങ്ങൾക്ക് പോലും വോട്ടർമാർ വശംവദർ ആകുമെന്നത് വേറെ കാര്യം.

സുവിശേഷവൽക്കരണമാണ് സന്യസ്തവിളിയുടെ അടിക്കല്ലും അടിസ്ഥാനവും. നാം പലപ്പോഴുമത് മറന്നുപോകുന്നില്ലേ? രാഷ്ട്രീയക്കാരുടെ പിറകേ പോയതുകൊണ്ട് നാം ഒന്നും നേടുന്നില്ല. തീരദേശ ജനതയെ അവർ ആർജ്ജിക്കുന്ന വരുമാനം കാര്യക്ഷമമായും ക്രിയാത്മകമായും ഉപയോഗിക്കാൻ പഠിപ്പിച്ചാൽ തന്നെ അവരുടെ ഭൗതിക നിലവാരങ്ങൾ ഉയർത്താൻ കഴിയും. അതിനുള്ള രൂപരേഖ അതാത് ഇടവകയോ/രൂപതയോ തയ്യാറാക്കിയാൽ മതി. സർക്കാരിന് സമർപ്പിക്കുന്ന അവകാശ പത്രികകൾ ജലരേഖകൾ മാത്രമാണെന്ന് എല്ലാവർക്കുമറിയാം. ആദിവാസികളേക്കാൾ ദയനീയമാണ് തലസ്ഥാന ജില്ലയിലെ കടലിന്റെ മക്കളുടെ ജീവിതാവസ്ഥയെന്ന് സൂസപാക്യം പിതാവ് പലവുരു പറഞ്ഞിട്ടുണ്ട്.

ഏറ്റവും മിടുക്കരായ വൈദികരും രൂപതാ നേതൃത്വവും ഉണ്ടായിട്ടും തീരദേശത്തെ സമുദ്ധരിക്കുവാനും പുരോഗതിയിലേക്ക് നയിക്കാനും കൂടുതൽ ആത്മീയ പക്വതയിലേക്ക് വളർത്താനും സഭയ്ക്ക് കഴിഞ്ഞിട്ടില്ല എന്നത് നാം അതീവ ഗൗരവമായി ആത്മപരിശോധന നടത്തേണ്ട കാര്യമാണ്.

'വോട്ട് ചെയ്ത് വോട്ട് ചെയ്ത് നമ്മൾ
ഓട്ടക്കലമായി മാറി"
എന്ന കുഞ്ഞുണ്ണിയുടെ കവിതാശകലം ഓർമവരുന്നു.

**വിയാനാ**
ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ, പാളയം

## അമ്മയുടെ പുഞ്ചിരിയിൽ വിരിയുന്നത്...

ഏപ്രിൽ ലക്കം 'ജീവനും വെളച്ചവും മാസികയിൽ പ്രസിദ്ധീകരിച്ച വർഗീസ് ജോർജിന്റെ 'അമ്മയുടെ പുഞ്ചിരിയിൽ വിരിഞ്ഞതെന്താകാം...?' എന്ന കവിത വളരെ ഹൃദ്യമായിരുന്നു. നിശബ്ദസഹനത്തിന്റെ മാതൃരൂപമായി, കാരുണ്യസ്പർശമായി, ചിരപ്രാർത്ഥനയായി. അനുഗ്രഹപ്പൂമഴയായി, ഹൃദയാർദ്രമായി അങ്ങനെ പലവിധ മാനങ്ങളിലൂടെ കവി അമ്മയെ വരച്ചിടുന്നു. അമ്മയ്ക്കനുപാദം അലങ്കാരത്തിനാവില്ലെന്നും അമ്മയെ തൂക്കിനോക്കരുത് അത്രമേൽ അപമാനിക്കരുതെന്നും കവി ദീർഘദർശനം ചെയ്യുന്നു. കവിയ്ക്കും കവിത പ്രസിദ്ധീകരിച്ച ജീവനും വെളിച്ചവും മാസികയ്ക്കും അഭിനന്ദനങ്ങൾ...

**അനിത ജെയിംസ്**, അരയതുരുത്തി




## ഇടവേളയിലെ മനനങ്ങൾ

വിശുദ്ധ ബൈബിൾ പറയാതെ വിട്ട ഒരു വികാര സാഗരത്തിന്റെ തിരയടികളാണ് ലിസി കുരിയാക്കോസ് എഴുതിയ 'ഇടവേളകളിലെ മനനങ്ങൾ'. ഒക്കെയും അരുളപ്പാടാണ് എന്ന് തിരിച്ചറിയുന്നതിന് മുൻപ് തീർച്ചയായും ഏതൊരു പുരുഷനും ഭാര്യ നേരത്തെ ഗർഭിണിയാണെന്ന് അറിയുമ്പോഴുണ്ടാകുന്ന തെറ്റിദ്ധാരണയും മാനസിക സംഘർഷവും തന്നെയാണ് ജോസഫും അനുഭവിക്കുന്നത്. ഭാവനാ നിർഭരമായ ഒരു നല്ല കഥ. കഥാകാരിക്ക് അഭിനന്ദനങ്ങൾ. അതുപോലെ ഖലീൽ ജിബ്രാന്റെ 'അലയുന്നവർ' ക്രിസ്തുവിന്റെ പ്രകാശവും ചൈതന്യവും ആവാഹിച്ച അസാധാരണമായ കഥയാണ്. ഇത്തരം കഥകൾ ഇനിയും പ്രതീക്ഷിക്കുന്നു. ജീവനും വെളിച്ചവും മാസികയ്ക്കും അണിയറ പ്രവർത്തകർക്കും എല്ലാ ഭാവുകങ്ങളും...

**തദേവൂസ്**, പരുത്തിയൂർ

# താളുകളിൽ


**അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങളും പുനഃരധിവാസവും** 6
ഡോ. യൂജിൻ ഗോമസ് ജെ.

***കവിത:*** 9
**രക്തനദി**
ഷൈജു അലക്സ്

**അതിരൂപതയും അല്മായരും** 10
അഡ്വ. (ഡോ.) മേരി ജോൺ

***കവിത*** 13
**ഏദനിൽ നിന്നും ഗെദ്സെമനിലേക്ക്**
നിമിമോൾ പി.എഫ്.

**കർത്താവേ അരുളിചെയ്താലും...** 14
ജെറാൾഡ് ബി. മിരാൻഡ

**ആഗോള സഭയിൽ യുവാക്കളോടൊപ്പം** 16
ഡോൺ ബോസ്കോ

**ക്രിസ്തുവിന്റെ മാധ്യമ അപ്പസ്തോലർ** 18
സിസ്റ്റർ സരിത

***കഥ*** **: കാലം** 19
ഫാ. ജിജി കലവനാൽ

**ചിറകുകളില്ലാത്ത മാലാഖമാർ** 20
സിസ്റ്റർ മാഗി ഫെർണാണ്ടസ്

**ചരിത്രപഥം** 22
ഇഗ്നേഷ്യസ് തോമസ്

**വായന** 24
ജോയിഷ് ജോസ്

**വാർത്തകൾ** 26

**കാനോൻ ലോ** 33
ഫാ. ജോസ് ജി.

**നീർച്ചാൽ** 34

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.








ലേഖനം



# അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങളും പുനരധിവാസവും

## ഒരു അവലോകനം

**ലോ**കത്തിലെ ഏതൊരു രാജ്യത്തിന്റെയും വികസനത്തിലും വളർച്ചയിലും ആ രാജ്യത്തിന്റെ തൊഴിൽ മേഖലയ്ക്ക് ഒരു വലിയ പങ്കുണ്ട്. ഇന്ത്യ പോലൊരു ജനാധിപത്യ രാജ്യത്തിൽ തൊഴിൽ മേഖലയ്ക്കുള്ള പങ്ക് മറ്റേതൊരു രാജ്യത്തേക്കാളും വളരെ വലുതാണ്. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യൻ തൊഴിൽ മേഖലയ്ക്ക് വൈവിധ്യങ്ങളായ സ്വഭാവ സവിശേഷതകളുണ്ട്. ഇന്ത്യയിലെ തൊഴിൽ മേഖലയെ പ്രധാനമായും രണ്ടായി തിരിക്കാവുന്നതാണ്.

### സംഘടിത മേഖലയും അസംഘടിതമേഖലയും

ഇന്ത്യയിലെ അസംഘടിത തൊഴിൽ മേഖല സംഘടിത തൊഴിൽ മേഖലയെ അപേക്ഷിച്ച് വൻ കുതിപ്പോ വികസനമോ നേടിയിട്ടില്ലാ എന്നത് വസ്തുതയാണ്. എന്നാൽ രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ അസംഘടിത മേഖലയ്ക്കുള്ള പങ്ക് സംഘടിത മേഖലയുടേതിന് തുല്യമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ 50% GDP (Gross Domestic Product) അഥവാ മൊത്ത ആഭ്യന്തര ഉൽപ്പാദനം അസംഘടിത മേഖലയിൽ നിന്നാണ് വരുന്നത്. എന്നിട്ടും അസംഘടിത മേഖലയിലെ ഒരു ശതമാനം തൊഴിലാളികൾക്കുപോലും പ്രോവിഡന്റ് ഫണ്ട് പോലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നത് നമ്മെ ഞെട്ടിപ്പിക്കുന്ന അറിവാണ്.

### അസംഘടിത മേഖലയുടെ നിർവചനം

ഇന്ത്യയിൽ അംസംഘടിത മേഖല എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് ഗ്രാമീണ മേഖലയിലെ ഭൂരിപക്ഷം തൊഴിലുകളും നഗര മേഖലയിലെ ഏതാനും ചില തൊഴിലുകളെയുമാണ്. നിർമ്മാണ തൊഴിൽ മേഖല, താൽക്കാലിക തൊഴിലുകൾ, കടകളിലും മറ്റു കച്ചവട സ്ഥാപനങ്ങളിലുമുള്ള വിവിധതരം തൊഴിലുകൾ,



**ഡോ. യൂജിൻ ഗോമസ്സ്. ജെ**
CLS (Rtd.)

ബീഡി നിർമ്മാണ മേഖല, മത്സ്യ മേഖലയിലെ തൊഴിലാളികൾ, ചെറുകിട വ്യവസായങ്ങൾ, തൂപ്പ്, ശുചികരണ തൊഴിലുകൾ, പ്ലാറ്റ്ഫോം തൊഴിലുകൾ, കൃഷി, കയർ മേഖലകൾ, ഗാർഹിക തൊഴിലാളികൾ, സ്വയം തൊഴിൽ ചെയ്യുന്നവർ എന്നീ നിരവധി മേഖലകൾ ഉൾപ്പെടുന്നതാണ് അസംഘടിത മേഖല. അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെയാണ് അസംഘടിത തൊഴിലാളികൾ എന്ന് വിളിക്കുന്നത്.

2008 ലെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ നിയമം കുറേക്കൂടി വ്യക്തമായ ഒരു നിർവചനം നൽകിയിട്ടുണ്ട്. 'അസംഘടിത മേഖല' എന്നാൽ വ്യക്തികളുടേയോ സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടേയോ ഉടമസ്ഥതയിലുള്ളതും സാധനങ്ങളുടെ ഉൽപാദനത്തിലോ വിൽപനയിലോ അഥവാ ഏതെങ്കിലും തരത്തിലുള്ള സേവനം അത് എന്തു തന്നെയായാലും, നൽകുന്നതിലോ ഏർപ്പെട്ടിട്ടുള്ളവരും സംരംഭം തൊഴിലാളികളെ നിയോഗിക്കുന്നിടത്ത് അങ്ങനെയുള്ള തൊഴിലാളികളുടെ എണ്ണം പത്തിൽ കുറവായിരിക്കുന്നതുമായ ഒരു സംരംഭം എന്നർത്ഥമാക്കുന്നു. (Sec 2(1) (0)).

## അസംഘടിത തൊഴിലാളിയേയും ഈ നിയമം താഴെ കൊടുത്തിരിക്കുന്ന രീതിയിൽ നിർവചിച്ചിക്കുന്നു

'അസംഘടിത തൊഴിലാളി' എന്നാൽ അസംഘടിത മേഖലയിലെ ഒരു ഗൃഹാധിഷ്ഠിത തൊഴിലാളിയോ സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളിയോ ഒരു കൂലത്തൊഴിലാളിയോ എന്നർത്ഥമാകുന്നതും ഈ ആക്റ്റിന്റെ II -ാം പട്ടികയിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആക്റ്റുകളിൽ ഉൾക്കൊണ്ടിട്ടില്ലാത്ത അസംഘടിത മേഖലയിലെ ഒരു തൊഴിലാളി ഉൾപ്പെടാത്തതുമാകുന്നു.

എന്നാൽ 2020 ൽ പാർലമെന്റ് പാസാക്കിയ സോഷ്യൽ സെക്യൂരിറ്റി കോഡ് 2020 എന്ന നിയമത്തിൽ കുറച്ചുകൂടി വിപുലമായ ഒരു നിർവചനം നൽകുകയുണ്ടായി. പ്ലാറ്റ് ഫോം തൊഴിലാളികൾ. ജിഗ് തൊഴിലാളികൾ എന്നി വിഭാഗങ്ങളെ പ്രത്യേകമായി ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നിയമം ഇനിയും പ്രാബല്യത്തിലായിട്ടില്ലാത്തതിനാൽ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല.

2008 ലെ സാമൂഹിക സുരക്ഷാ ആക്ടും 2020 ലെ സോഷ്യൽ സെക്യൂരിറ്റി കോഡും സുപ്രീം കോടതിയുടെ സുപ്രധാന ഇടപെടലുകളും വിധികളും കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന സർക്കാരുകളുടേയും വിവിധ പദ്ധതികളും അസംഘടിത തൊഴിലാളികളുടെ ദുരവസ്ഥയിൽ കാര്യമായ മാറ്റം ഉണ്ടാക്കിയിട്ടുണ്ട്.

## അസംഘടിത തൊഴിലാളികളുടെ വിവരശേഖരണം

അടുത്ത കാലംവരെ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിക്കുന്ന വിവരശേഖരണം നടന്നിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ ഇവരുടെ സംഖ്യയെക്കുറിച്ച് വ്യക്തമായ അറിവില്ലായിരുന്നു. കോവിഡ് മഹാമാരിയുടെ കാലത്ത് അന്തർസംസ്ഥാന തൊഴിലാളികൾ സ്വന്തം സംസ്ഥാനങ്ങളിലേക്ക് പാലായനം ചെയ്തപ്പോൾ അനേകം പേർ മരണപ്പെടുകയുണ്ടായി. ഈ വിഷയം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മുമ്പാകെ വരികയും സുപ്രീംകോടതി ഈ വിഷയത്തിൽ വിവിധ മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കരുകൾക്കും കേന്ദ്ര സർക്കാരിനും നൽകുകയുണ്ടായി. (W.P.No; 06 of 2020 & 916 of 2020) ഈ മാർഗ നിർദ്ദേശങ്ങൾ പ്രധാനപ്പെട്ട ഒന്നായിരുന്നു രാജ്യത്തെ മൊത്തം അന്തർ സംസ്ഥാന തൊഴിലാളികളുടെയും അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരുടെയും സ്ഥിതി വിവരകണക്കുകൾ ശേഖരിച്ച് (വിവര ശേഖരണ സമാഹാരം) ഒരു ഡാറ്റാ ബാങ്ക് ഉണ്ടാക്കണമെന്നത്. അങ്ങനെയാണ് e-Shram Portal എന്ന സംവിധാനത്തിന് ഭാരത സർക്കാർ തുടക്കമിട്ടത്.

2021 – 22 ലെ ഭാരത സർക്കാരിന്റെ സാമ്പത്തിക സർവ്വേ പ്രകാരം 2019 –20 വരെയുള്ള കാലയളവിൽ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം 43.9 കോടിയായിരുന്നു. ഇത് ഇന്ത്യയിലെ ആകെ തൊഴിലാളികളുടെ 93% ശതമാനമാണെന്ന് കണക്കാക്കപ്പെടുന്നു.

2021 ആഗസ്റ്റ് 26 ന് കേന്ദ്രസർക്കാർ തുടങ്ങിയ e-Shram Portal ലിൽ ഇതിനകം തന്നെ (as on 15/04/2024) 29,54,22,024 അസംഘടിത തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിൽ നിന്ന് 59,58,533 (as on 15/04/2024) അസംഘടിത തൊഴിലാളികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## അസംഘടിത തൊഴിലാളികൾക്കുള്ള ദേശീയ സംസ്ഥാന നിയമങ്ങളും പദ്ധതികളും

## ദേശീയ നിയമങ്ങളും പദ്ധതികളും, കാര്യപരിപാടികളും

2008 ലെ അംസഘടിത തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ നിയമം, 2020 ലെ സോഷ്യൽ സെക്യൂരിറ്റി കോഡ് എന്നിവയാണ് പ്രധാന നിയമങ്ങൾ.

### 1. അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ നിയമം – 2008

ഈ നിയമപ്രകാരം കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും വിവിധങ്ങളായ ക്ഷേമപദ്ധതി ആവിഷ്കരിച്ച നടപ്പാക്കേണ്ടതാണ്. അസംഘടിത തൊഴിലാളികൾക്കു വേണ്ടിയുള്ള ദേശീയ സുരക്ഷാ ബോർഡും സംസ്ഥാന സുരക്ഷാ ബോർഡുകളും സ്ഥാപിക്കേണ്ടതും വിവിധ ആരോഗ്യ ഇൻഷുറൻസ്, പെൻഷൻ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുമാണ്. 2009 ആഗസ്റ്റ് 18 ന് ദേശീയ സാമൂഹിക സുരക്ഷാ ബോർഡ് സ്ഥാപിക്കപ്പെട്ടു. കേരള അംസഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ ബോർഡ് 25/02/2011 സ്ഥാപിക്കുകയും ചെയ്തു.

### 2. സോഷ്യൽ സെക്യൂരിറ്റി കോഡ്, 2020

2020 ൽ പാർലമെന്റ് ഈ നിയമം പസാക്കാകയും 2008 ലെ അ

സംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ നിയമത്തെയും മറ്റ് എട്ട് നിയമങ്ങളോടൊപ്പം ക്രോഡീകരിച്ച് കോഡിന്റെ ഭാഗമാക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് ഈ കോഡിന്റെ റൂൾസ് തയ്യാറാക്കി പ്രസിദ്ധീകരിച്ചെങ്കിലും ചില സംസ്ഥാനങ്ങൾ റൂൾസ് പ്രസിദ്ധീകരിക്കാൻ കാലതാമസം വരുത്തിയതിനാൽ സാമൂഹിക സുരക്ഷാ കോഡ്, 2020, ഇനിയും പ്രാബല്യത്തിൽ വന്നിട്ടില്ല.

## കേന്ദ്ര സംസ്ഥാന പദ്ധതികൾ

### I. കേന്ദ്രസർക്കാരിന്റെ പദ്ധതികൾ

അസംഘടിത തൊഴിലാളികൾക്കായി കേന്ദ്രസർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ താഴെ കാണിച്ചിരിക്കുന്ന പ്രകാരമാണ്.

### 1. പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന (PMJJBY)

ഈ പ്രദ്ധതി പ്രകാരം മരണം സംഭവിക്കുകയാണെങ്കിൽ അപകട സംരക്ഷണമായി രണ്ട് ലക്ഷം രൂപ ഇൻഷുർ ചെയ്ത തൊഴിലാളിക്ക് ലഭിക്കുന്നതാണ്. ഈ പദ്ധതിയുടെ വാർഷിക പ്രീമിയം 436/- രൂപയാണ്.

### 2. പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന (PMSBY)

വാർഷിക പ്രീമിയം 20/- രൂപയാണ്. ഇൻഷുർ ചെയ്തയാൾക്ക് അപകടമരണം സംഭവിക്കുകയാണെങ്കിൽ 2 ലക്ഷം രൂപ സംരക്ഷണ ധനമായി (ഇൻഷുറൻസ് തുകയായി) ലഭിക്കുന്നതാണ്. അപടത്തിൽ ഭാഗീകമായോ സ്ഥിരമായ വൈകല്യമോ സംഭവിക്കുകയാണെങ്കിൽ സഹായധനമായി ഒരു ലക്ഷം രൂപ ഇൻഷുറൻസ് മുഖേന ലഭിക്കും.

### 3. ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (ABPMJAY)

ഈ പദ്ധതിയനുസരിച്ച് ഇതിൽ അംഗങ്ങളാകുന്ന ഓരോ കുടുംബത്തിനും അഞ്ച് ലക്ഷം രൂപയുടെ വാർഷിക ആരോഗ്യ പരിരക്ഷ ലഭിക്കുന്നതാണ്.

### 4. പ്രധാനമന്ത്രി ശ്രമായോഗി മാൻ ധൻ (PMSYMD)

വാർദ്ധക്യകാല സംരക്ഷണം നൽകാനായി ഭാരതസർക്കാർ 2019 ൽ നടപ്പിലാക്കിയ പെൻഷൻ പദ്ധതിയാണിത്.

### 5. പ്രധാനമന്ത്രി സ്ട്രീറ്റ് വെൻഡേഴ്സ് ആത്മ നിർഭർ നിധി

പ്രധാനമന്ത്രിയുടെ വഴിവാണിഭ കച്ചവടക്കാർക്കുള്ള പദ്ധതിയാണിത്. 2020 ജൂൺ ഒന്നാംതീയതിയാണ് ഭാരതസർക്കാർ ഈ പദ്ധതി ആവിഷ്ക്കരിച്ചത്. ഈട് നൽകാതെയുള്ള പ്രവർത്തന മൂലധനം വഴി വാണിഭ കച്ചവടക്കാർക്ക് നൽകി കോവിഡ് മഹാമാരിയുടെ കാലത്ത് നിന്നുപോയ അവരുടെ കച്ചവടം പുനരാരംഭിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

### 6. ഇ-ശ്രമം പോർട്ടൽ (e-Shram portal)

അസംഘടിത തൊഴിലാളികൾക്ക് വേണ്ടി ഒരു ദേശീയ ഡാറ്റാ ബേസ് സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടുകൂടി ആഗസ്റ്റ് 26, 2021 ൽ ഭാരത സർക്കാർ തുടങ്ങിയ ഒരു രേഖപ്പെടുത്തൽ സംവിധാനമാണ് ഈ-ശ്രമം പോർട്ടൽ. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ വിവിധങ്ങളായ സാമൂഹിക സുരക്ഷാപദ്ധതികളും ക്ഷേമപദ്ധതികളും വഴിവാണിഭ കച്ചവടക്കാരും മറ്റുകച്ചവടക്കാരും ഉൾപ്പെടുന്ന അസംഘടിതതൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായിട്ടാണ് ഈ പോർട്ടൽ ആരംഭിച്ചിട്ടുള്ളത്.

ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവർ CSC വഴിയോ, അക്ഷയ സെന്റർ വഴിയോ, www.eshram.gov.in എന്ന വെബ് സൈറ്റ് വഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യുമ്പോൾ കിട്ടുന്ന Eshram Card ന് ചാർജ്ജ് നൽകേണ്ടതില്ല.

രജിസ്റ്റർ ചെയ്യുന്നവർക്ക് 12 ഡിജിറ്റ് UAN Number അഥവാ (Universal Account Number) യൂണിവേഴ്സൽ അക്കൗണ്ട് നമ്പർ ലഭിക്കുന്നതാണ്.

## കേന്ദ്ര ഗവൺമെന്റിന്റെ മറ്റു പദ്ധതികൾ

(1) പ്രധാനമന്ത്രി റോജ്ഗാർ പ്രോട്ട്സാഹൻ യോജന (PMRPY)

(2) ആത്മനിർഭർ ഭാരത് റോസ്ഗാർ യോജന (ABRY)

3. അം അദ്മി ബീമാ യോജന (AABY).

4. പ്രധാനമന്ത്രി ഗരീബ് കല്യാൺ റോജ്ഗർ അബിയാൻ (PMGKRA).

5. അമൽ ബീമിത് വ്യക്തി കല്യാൺ യോജന (ABVKY).

### II. കേരള സംസ്ഥാന സർക്കാരിന്റെ ക്ഷേമ-സുരക്ഷാ പദ്ധതികൾ

സംസ്ഥ സർക്കാർ 2008 ലെ കേന്ദ്ര സുരക്ഷാ നിയമത്തിന്റെ ചുവടു പിടിച്ച് കേരള അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ (അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ ബോർഡ്) സെക്യൂരിറ്റി ബോർഡ് 25/02/2011 ൽ സ്ഥാപിച്ചു. ഈ ബോർഡിന്റെ കീഴിൽ വിവധങ്ങളായ ക്ഷേമ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. കൂടാതെ കേരള സ്റ്റേറ്റ് അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി സ്കീം (കേരള സംസ്ഥാന അസംഘടിത തൊഴിലാളി സമൂഹികസുരക്ഷാ പദ്ധതി) നടപ്പിലാക്കി. കേരളത്തിൽ നിലവിലിരുന്ന ആറു മറ്റ് ക്ഷേമ പദ്ധതികൾ ഈ സുരക്ഷാ പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയും ചെയ്തു. കേരളത്തിൽ 14 ജില്ലകളിലും രാഷ്ട്രീയ സ്വസ്ത്യ ബീമാ യോജന (RSBY) എന്ന പദ്ധതിയും കോമ്പ്രിഹെൻസീവ് ഹെൽത്ത് സ്കീം (CHIS) എന്ന പദ്ധതിയും നടപ്പിലാക്കുകയുണ്ടായി. ഇതു നടപ്പിലാക്കാനായി കോമ്പ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് ഏജൻസി എന്ന സ്ഥാപനം സംസ്ഥാന സർക്കാർ തുടങ്ങി. ആംആദ്മി ബീമാ യോജന എന്ന കേന്ദ്ര പദ്ധതി കേരളത്തിൽ അഞ്ച് സെന്റ് ഭൂമിയിൽ കൂടുതൽ സ്ഥലമില്ലാത്തവർക്കും സംഘടിത മേഖലയിൽ സ്ഥിരമായി ജോലിയില്ലാത്തവർക്കുമായി ലഭ്യമാക്കാവുന്നതുമാണെന്ന് ഭേദഗതി വരുത്തി നടപ്പിലാക്കി. ■



# രക്തനദി

തെരുവിന്റെ കാൽവരിയിൽ
കത്തുന്ന മെഴുകുതിരിത്തുണ്ടുകളുടെ മാംസങ്ങൾ
വിലപേശി തൊണ്ട തുറക്കുന്നു

വീടിനെ ലക്ഷ്യം വച്ച ധൃതിക്കാലുകൾ
വാഹനത്തിരക്കിനെ മറികടക്കുന്നു
മീൻവെട്ടിയ പിച്ചാത്തിത്തലപ്പിൽ
രക്തക്കറ പടയോട്ടം നടത്തുന്നു
രാത്രിയിലെ വിളമ്പുകലയിൽ
കടൽമടിത്തട്ടിലെയാഴം നുണഞ്ഞ കണ്ണുകൾ
ഇമവെട്ടാതെ ഞരങ്ങി നോക്കുന്നു

ഉറക്കറയിൽ
സ്വപ്നത്തറയിൽ
ചാടിയെഴുന്നേൽപ്പിന്റെ യാദൃച്ഛികതയിൽ
മീനിന്റെ രക്തം പുരണ്ട ദേഹം...
കുളിരിൽ
ഉടൽ കുടഞ്ഞൊരു തുള്ളിരക്തമടർന്നു,
മറപ്പൊരയിലെ
വക്കൊടിഞ്ഞ ജലപ്പാത്രങ്ങളിലെല്ലാം
ഭയത്തോടെ കണ്ടു,
കടുംചോരയുടെ കട്ടി.

രക്തനദിയുടെ കൊടുംപ്രവാഹത്തിൽ
അവൾ മറ്റൊരു മീനായി
ഏതോ അടുക്കളയിലെ ചട്ടിയിൽ
വെന്തു വെന്തു കരിയുന്നു.



ഷൈജു അലക്സ്



**ഭൗതികമേഖലകളിൽ ഇടപെടാനുള്ള സ്വാതന്ത്ര്യം അൽമായർക്ക് ഉണ്ട്. അത് അവരുടെ കടമയുമാണ്. ഈ ലോകത്തിൽ ജീവിക്കുമ്പോൾ അത് അനിവാര്യവുമാണ്. അപ്പോഴൊക്കെ സുവിശേഷത്തിന്റെ സന്ദേശവും സഭയുടെ പഠനങ്ങളും മനസ്സിലാക്കി ഇടപെടുന്നതിന് അൽമായർക്ക് ഉത്തരവാദിത്തമുണ്ട്.**

# അതിരൂപതയും അൽമായരും



**അഡ്വ. (ഡോ.) മേരി ജോൺ ജെ.**

രണ്ടാം വത്തിക്കാൻ കൗൺസിലിനെ തുടർന്ന് വളരെയേറെ ചർച്ചചെയ്യപ്പെട്ട വിഷയമാണിത്. ചർച്ചകൾക്കൊപ്പം അവയിൽ നിന്ന് ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ വിശകലനം ചെയ്ത് സഭാ ജീവിതത്തിലും പ്രവർത്തനങ്ങളിലും ഉചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് തിരുവനന്തപുരം അതിരൂപത ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും വിശുദ്ധഗ്രന്ഥങ്ങളും കാനോൻ നിയമങ്ങളും സഭയും ആധുനിക ലോകവും പ്രതീക്ഷിക്കുന്നത്ര ആഴത്തിലും പരപ്പിലും അൽമായരുടെ പങ്കാളിത്തം ഉണ്ടാകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട സമയമായിട്ടുണ്ട്.

വിശുദ്ധ ഗ്രന്ഥമോ യേശുവോ അപ്പോസ്ഥലന്മാരോ ആദിമസഭയിലെ നേതാക്കളോ വിശ്വാസികളോ 'അൽമായർ' എന്ന വാക്ക് ഉപയോഗിച്ചുകാണുന്നില്ല. പിന്നീട് രൂപപ്പെട്ട പദമാണത്. കത്തോലിക്കാസഭയിൽ വൈദികരോ സന്യസ്ഥരോ ഡീക്കന്മാരോ അല്ലാത്ത വിശ്വാസികളെയാണ് പൊതുവെ അൽമായർ എന്ന് വിളിക്കുന്നത്.

കാനോൻ നിയമത്തിൽ ക്രൈസ്തവ വിശ്വാസികളെപ്പറ്റി പൊതുവെയും (208–223) അൽമായരെപ്പറ്റി പ്രത്യേകിച്ചും (224–230) പ്രതിപാദിക്കുന്നുണ്ട്. അതാണ് സഭയുടെ നിലപാടും വിശ്വാസവും പാരമ്പര്യവും. അവ സുവിശേഷ ദർശനങ്ങളോട് ചേർന്നുനിൽക്കുന്നു.

എല്ലാവരും രക്ഷാകര സന്ദേശം അറിയുന്നതിനും അംഗീകരിക്കുന്നതിനും വേണ്ടി പ്രവർത്തിക്കാൻ, വ്യക്തികളെ

ന്ന നിലയിലും വിവിധ സംഘടനകളെന്ന നിലയിലും, കടമയും അവകാശവും ഉള്ളവരാണ് അൽമായർ. തങ്ങളുടെ പ്രത്യേക ജീവിത സാഹചര്യങ്ങളിൽ ജോലിസ്ഥലങ്ങളിലായാലും കുടുംബങ്ങളിലായാലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലായാലും സമൂഹത്തിന്റെ വിവിധ മേഖലകളിലായാലും - അവിടങ്ങളിലൊക്കെ, സുവിശേഷത്തിന്റെ ആത്മീയത ഉൾക്കൊണ്ട്, അതിനെ പരിപോഷിപ്പിച്ച്, ക്രിസ്തുവിന് സാക്ഷ്യംവഹിച്ച് പൂർണതയിൽ എത്തിക്കാനുള്ള ബാധ്യത സഭ അൽമായർക്ക് നൽകുന്നു.

**ക്രിസ്തീയ പഠനങ്ങളിൽ അവഗാഹം നേടേണ്ടത് അൽമായരുടെ കടമയും അവകാശവുമാണ്. അങ്ങനെ നേടുന്ന അറിവ് മറ്റുള്ളവരിൽ എത്തിക്കുന്നതിനും അവ പരിപോഷിപ്പിക്കുന്നതിനും അപ്പസ്തോലിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും അല്മായർക്ക് ബാധ്യതയുണ്ട്.**

കുടുംബജീവിതത്തിലൂടെ ദൈവജനത്തെ പടുത്തുയർത്തുന്നതിന് കുടുംബസ്ഥരായ വിശ്വാസികൾക്ക് കടമയുണ്ട്. കുട്ടികളെ വളർത്തുകയും അവർക്ക് വിദ്യാഭ്യാസം നൽകുകയും ചെയ്യുക എന്നത് മാതാപിതാക്കളുടെ ഏറ്റവും ഗൗരവമുള്ള കടമയായി സഭ കരുതുന്നു. ഭൗതിക വിഷയങ്ങളിൽ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകുന്നതിനൊപ്പം, ദൈവികശാസ്ത്രങ്ങളിലും മക്കളിൽ അവഗാഹം ഉണ്ടാക്കുന്നതിന് മതാപിതാക്കൾക്ക് കടമയുണ്ട്.

ഭൗതികമേഖലകളിൽ ഇടപെടാനുള്ള സ്വാതന്ത്ര്യം അൽമായർക്ക് ഉണ്ട്. അത് അവരുടെ കടമയുമാണ്. ഈ ലോകത്തിൽ ജീവിക്കുമ്പോൾ അത് അനിവാര്യവുമാണ്. അപ്പോഴൊക്കെ സുവിശേഷത്തിന്റെ സന്ദേശവും സഭയുടെ പഠനങ്ങളും മനസ്സിലാക്കി ഇടപെടുന്നതിന് അൽമായർക്ക് ഉത്തരവാദിത്തമുണ്ട്.

അറിവും പക്വതയും വിവേചനബുദ്ധിയുമുള്ള അൽമായർക്ക് സഭയുടെ വിവിധ വേദികളിൽ പ്രവർത്തിക്കുന്നതിനും വിദഗ്ധർ, ഉപദേശകർ എന്ന നിലകളിൽ അജപാലകരെ സഹായിക്കുന്നതിനും അവസരങ്ങൾ ഉണ്ട്.

ക്രിസ്തീയ പഠനങ്ങളിൽ അവഗാഹം നേടേണ്ടത് അൽമായരുടെ കടമയും അവകാശവുമാണ്. അങ്ങനെ നേടുന്ന അറിവ് മറ്റുള്ളവരിൽ എത്തിക്കുന്നതിനും അവ പരിപോഷിപ്പിക്കുന്നതിനും അപ്പസ്തോലിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും അല്മായർക്ക് ബാധ്യതയുണ്ട്. സഭയുടെ ഔദ്യോഗിക സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും ദൈവശാസ്ത്രം പഠിക്കുന്നതിനും അൽമായർക്ക് അവകാശമുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ, ദൈവശാസ്ത്രം പഠിപ്പിക്കുന്നതിനുപോലും അൽമായർക്ക് അനുവാദം നല്കാറുണ്ട്. കൂടാതെ, വൈദികർ ആവശ്യത്തിനില്ലാത്ത ഇടങ്ങളിൽ വചന പ്രഘോഷണം നടത്തുന്നതിനും ആരാധനാക്രമങ്ങളുടെ നടത്തിപ്പിൽ അധ്യക്ഷം വഹിക്കുന്നതിനും അൽമായരെ സഭ അനുവദിക്കുകയും ക്ഷണിക്കുകയും ചെയ്യാറുണ്ട്.

ഇതൊക്കെ ചൂണ്ടിക്കാണിക്കുന്നത്, അൽമായർക്ക് വളരെ പ്രധാനപ്പെട്ടതും കാതലായതുമായ സ്ഥാനമാണ് ഉള്ളത് എന്നാണ്. കൂദാശകളുടെ പരികർമവും ആരധനാക്രമങ്ങളിലെ നേതൃത്വവും ഹയറാർക്കി സംവിധനവും, പുരോഹിതർക്കും സന്യസ്തർക്കും അധികാരശ്രേണിയിൽ പ്രത്യേക പരിഗണനയും ഔന്നിത്യവും ലഭിക്കുന്നതിന് കാരണമായിട്ടുണ്ടാകാം. അതുമൂലം അവർക്കുണ്ടെന്ന് അവർ കരുതുന്ന താൻ പ്രാമാണിത്തം സുവിശേഷങ്ങൾക്കും സഭാനിയമങ്ങൾക്കും എതിരായ സന്ദേശമാണ് നൽകുന്നത്.

2018 ലെ സിനഡ് പിതാക്കന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് ഫ്രാൻസിസ് പാപ്പ ക്ലെരിക്കലിസത്തെപ്പറ്റി പറയുന്നുണ്ട്. തങ്ങൾക്ക് ലഭിച്ച ദൈവവിളി തങ്ങൾക്ക് ലഭിച്ച വിശിഷ്ടവും അതിശ്രേഷ്ഠവുമായ തൊഴിലാണ് എന്ന് വൈദികരും സന്യസ്തരും കരുതുന്നിടത്തുനിന്നാണ് ക്ലെരിക്കലിസം ഉത്ഭവിക്കുന്നത്. ശുശ്രൂഷ ചെയ്യാനുള്ള വിളിയെ സ്വതന്ത്രവും ഉദാരവുമായ സേവനത്തിനുള്ള ഉപാധിയായി വിനിയോഗിക്കുന്നതിന് പകരം അധികാര പ്രയോഗത്തിനായി ഉപയോഗിക്കുന്നു.

ആഗോളസഭയിലും നമ്മുടെ അതിരൂപതയിലും ഈ പ്രവണത ഉണ്ടായിരുന്നു എന്ന് പിന്നിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ കാണാവുന്നതാണ്. ക്രമേണ ക്ലെരിക്കലിസത്തിന്റെ സ്ഥാനത്ത് അൽമായരുടെ സ്ഥാനവും പങ്കും വർധിക്കുന്നതായി കാണാം. അൽമായർക്ക് സഭാജീവിതത്തിലും പ്രവർത്തനങ്ങളിലും നിർണ്ണായകമായ സ്ഥാനം ഉറപ്പാക്കുന്ന ധാരാളം മാറ്റങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട് എന്നത് മറന്നുകൂടാ.

1. അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളായി (ബി.സി.സികൾ) ഇടവകകളുടെ രൂപഘടന പുനർനിർണയിച്ചപ്പോൾ ഒരു നവോന്മേഷം അൽമായരുടെ ഇടയിലുണ്ടായിട്ടുണ്ട്. തുടക്കത്തിൽ അവ്യക്തതകളും അതിസങ്കീർണമായ ഘടനയാണെന്ന് തോന്നലുമുണ്ടായെങ്കിലും, ക്രമേണ ഇടവക ജീവിതത്തിന്റെ അഭേദ്യമായ അനിവാര്യമായ യാഥാർഥ്യമായി ബിസിസികൾ മാറിയിരിക്കുന്നു.

2. അൽമായരുടെ ഇടയിൽ നിന്ന് ആയിരക്കണക്കിന് ആളുകൾ നേതൃസ്ഥാനങ്ങളിലേക്ക് വന്നിരിക്കുന്നു. ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെടുന്ന ഈ നേതാക്കൾക്ക് സഭയിലും സമൂഹത്തിലും അവർ അർഹിക്കുന്ന പദവികളും സ്ഥാനങ്ങളും ലഭിക്കുന്നതിനാൽ, സഭ തങ്ങളുടേത് തന്നെയാണെന്ന് ബോധ്യം അൽമായരിൽ വളർന്നിരിക്കുന്നു.

3. എല്ലാ കാര്യങ്ങളിലും കൂട്ടായ ചർച്ചകളും ഒരുമിച്ചുള്ള പ്രവർത്തനങ്ങളും നടക്കുന്നതിനാൽ അവയിൽ നിന്ന് ഉരുത്തിരിയുന്ന സാമൂഹ്യ മൂലധനം ആമേയമാണ്. അത് രൂപതയുടെ ധനമാണ്; കരുത്താണ്. നന്നായി പ്രയോജനപ്പെടുത്തിയാൽ അളവില്ലാത്ത ഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിയുന്ന കൃപയാണ് ഈ മൂലധനം.

4. ഇടവകകളിലെ പ്രമാണിമാരെയും വലിയ കുടുംബങ്ങളിലെ കാരണവന്മാരെയും മാത്രം ഉൾപ്പെടുത്തി നടന്നിരുന്ന ഇടവക കമ്മിറ്റികൾ പൊറുക്കാനാവാത്ത ആഘാതം സഭയ്ക്ക് ഉണ്ടാക്കിക്കൊണ്ടിരുന്ന സ്ഥാനത്ത്, ഇന്ന് പാവപ്പെട്ടവർക്കും സാധാരണക്കാർക്കും ഇടവക ഭരണ സംവിധാനത്തിന്റെ ഭാഗമായി പ്രവർത്തിക്കാൻ അവസരം ലഭിക്കുന്നത് ചെറിയ കാര്യമല്ല. സ്വജനപക്ഷപാതവും അഴിമതിയും നടന്നിരുന്നിടത്ത് തുല്യനീതിയുടെ അന്തരീക്ഷം സംജാതമായിട്ടുണ്ട് എന്ന് കാണാതിരുന്നുകൂടാ.

5. ഇടവക തലത്തിൽ സ്ത്രീകളുടെ പങ്ക് വളരെയേറെ വർധിച്ചിരിക്കുന്നു. ധാരാളം സ്ത്രീകൾക്ക് നേതൃപരമായ ഉത്തരവാദിത്തങ്ങൾ വഹിക്കാൻ കഴിയുന്നു. സാമൂഹ്യസേവനം, കുടുംബപ്രേഷിതത്വം എന്നീ മേഖലകളിൽ മാത്രമല്ല, കൂദാശകളുടെ പരികർമങ്ങളും ആരാധനാക്രമങ്ങളും സജീവമാക്കുന്നതിലും വിശ്വാസികളുടെ പങ്കാളിത്തം വിപുലീകരിക്കുന്നതിലും സ്ത്രീകളുടെ സാന്നിധ്യവും ഇടപെടലുകളും ഏറെ ഫലപ്രദമായി കാണുന്നു.

6. ഇടവക കൗൺസിലുകളിൽ സ്വതന്ത്രമായി അഭിപ്രായങ്ങൾ പറയുന്നതിനും ചർച്ചകളിൽ ഫലപ്രദമായി പങ്കെടുക്കുന്നതിനും ഇന്ന് അവസരങ്ങൾ ഉണ്ട്. അതിന് കഴിയുന്നിടങ്ങളിൽ, നിശ്ചയമായും ഇടവക വികാരിയുടെ തനതായ പദവിയും സ്ഥാനവും നേതൃത്വവും അംഗീകരിക്കുന്നതിന് അൽമായർക്ക് യാതൊരു മടിയുമില്ല. തങ്ങളെ കേൾക്കുന്ന ഇടയന്മാരെ അവർ നല്ല ഇടയന്മാരായി തന്നെ കാണുന്നു.

## ഇനി ഏറെ ദൂരം

അൽമായരുടെ പങ്കും സ്ഥാനവും സഭയിൽ ശക്തിപ്പെടുന്ന ചില അവസരങ്ങൾ ചൂണ്ടിക്കാണിച്ചത്, എല്ലാം ഭദ്രം, പൂർണം എന്ന് പറയാനല്ല. വളരെയേറെ കാര്യങ്ങൾ മെച്ചപ്പെടേണ്ടതായിട്ടുണ്ട്.

1. ബിസിസികൾ ആത്യന്തികമായി, അടിസ്ഥാനപരമായി ആധ്യാത്മിക, അജപാലനവേദികളാണ്. അവിടെ വചനധ്യാനവും ആത്മീയപരിപോഷണവുമാണ് നടക്കേണ്ടത്. ചിലയിടങ്ങളിലെങ്കിലും, അധികാര പ്രയോഗവും നേതൃസ്ഥാനത്തിലെത്തുന്ന അല്മായരുടെ താൻ പ്രാമാണിത്തവും ഉണ്ടാകുന്നുണ്ട്. താൻ പ്രാമാണിത്തം വൈദികരുടേതായാലും അൽമായരുടേതായാലും അനുവദിക്കാനാവില്ല. അത് സഭയെ തകർത്തുകളയും.

2. പ്രാർത്ഥനയുടെ വേദികളാകേണ്ട സമൂഹങ്ങൾ, പലപ്പോഴും വഴക്കും കലഹവും ഗ്രൂപ്പിസവും സ്വജനപക്ഷപക്ഷപാതവും നടക്കുന്ന സ്ഥലങ്ങളായി മാറിപ്പോകാറുണ്ട്. അതുമൂലം അല്മായരെ അവർ അർഹിക്കുന്ന വേദികളിൽ നിന്ന് ഒഴിവാക്കേണ്ട സാഹചര്യം അവർ തന്നെ ഉണ്ടാക്കുന്നുണ്ട്.

3. ബിസിസികളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ കക്ഷിരാഷ്ട്രീയം കടന്നുവരുന്നതിനാൽ, അത് പ്രവർത്തനങ്ങളിലും തീരമാനങ്ങളിലും കരിനിഴൽ വീഴ്ത്തുന്നുണ്ട്. തിരഞ്ഞെടുപ്പുകളിൽ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങളും മാനദണ്ഡങ്ങളും നടപ്പിൽ വരുത്താനുള്ള സംവിധാനം ശക്തിപ്പെടേണ്ടതുണ്ട്.

4. ഇടവകകളിൽ നിന്നുയരുന്ന അൽമായശബ്ദം അതിരൂപതയുടെ അത്യുന്നതവേദികളിലുൾപ്പെടെ ചർച്ചചെയ്യപ്പെടുന്നില്ല. എവിടെയോ ആശൃംഗല മുറിഞ്ഞുപോകുന്നു. അത് ആത്യന്തികമായി നല്ലതല്ല.

5. അൽമായരായ ഒരു വലിയവിഭാഗം സഭാ പ്രവർത്തനങ്ങളിൽ നിന്ന് മുഖം തിരിച്ചുനിൽക്കുന്നു. വിദ്യാഭ്യാസവും ധനശക്തിയും ഉള്ളവരാണ് അവരിലധികവും. സഭാപ്രവർത്തനങ്ങളിലുള്ള അവരുടെ വിശ്വാസക്കുറവാണ് അതിന് കാരണം. ■



**പ്രാർത്ഥനയുടെ വേദികളാകേണ്ട സമൂഹങ്ങൾ, പലപ്പോഴും വഴക്കും കലഹവും ഗ്രൂപ്പിസവും സ്വജനപക്ഷപക്ഷപാതവും നടക്കുന്ന സ്ഥലങ്ങളായി മാറിപ്പോകാറുണ്ട്. അതുമൂലം അല്മായരെ അവർ അർഹിക്കുന്ന വേദികളിൽ നിന്ന് ഒഴിവാക്കേണ്ട സാഹചര്യം അവർ തന്നെ ഉണ്ടാക്കുന്നുണ്ട്.**

കവിത

# ഏദനിൽ നിന്നും ഗദ്സെമനിലേക്ക്

സ്വച്ഛായയിൽ സൃഷ്ടിച്ചോരാ മനുജനായ്
ഏദൻതോട്ടമേൽപ്പിച്ചു സ്നേഹതാതൻ.
സ്നേഹ കരങ്ങൾ കോർത്തു നടന്നു
താതനൊപ്പം ഏകമനമായി മനുജനും.
വിലക്കിയോരാ ഫലത്തിൽ സ്വാദറിയും നേരം
ചക്രവാളത്തിലമരും രവിപോൽ,
ഓടിമറഞ്ഞു മനുജൻ ആ തരുവിൻ മറവിൽ.

മരത്തിൽ നിന്നുമേറ്റ പാപഭാരവുമേറി
സ്വർഗമാം ഏദനിൽ നിന്നും
പാദങ്ങളുറപ്പിച്ചു നരക വീചിയിൽ.


പാപക്കറയാൽ ജീവിത നൗക തുഴയും
തൻ ജനത്തിൻ രക്ഷകനായി
വിൺസുതന്നെ പാരിലയച്ചു
ലോകത്തെ സനേഹിക്കുന്നോരാ സൽപിതാവ്

പാപത്തിൻ കാഠിന്യം ഏറ്റുവാങ്ങാനായി
തിരുമെയ്യ് മെനഞ്ഞെടുക്കാൻ
ഗദ്സെമനിൽ താതനൊപ്പമണഞ്ഞു ദിവ്യസുതൻ.

പാനപാത്രമകറ്റുവാൻ കേഴും നേരവും
താതൻ തൻ ഇച്ഛയ്ക്കായി
സ്വയം സമർപ്പിച്ചു വിനീതനായി.

തരു നഷ്ടമാക്കിയോരാ നാകത്തെ
വീണ്ടെടുക്കുവാൻ നിണം വിയർപ്പായി
ചൊരിഞ്ഞു തൻപ്രാർത്ഥനാവേളയിൽ


ഏദനിൽ തുടക്കമിട്ടോരാ പാപത്തിൻ
രക്ഷയ്ക്കായി അർധപ്രാണനായി
സ്വയം ബലിയായി തരുവിൽ.



**നിമി മോൾ പി.എഫ്**
പുന്നക്കാമുഗൾ



# കർത്താവേ അരുളിചെയ്താലും, അങ്ങയുടെ ദാസനിതാ/ ദാസിയീതാ ശ്രവിക്കുന്നു



ജെറാൾഡ് ബി. മിരാൻഡ

എന്താണ് ദൈവവിളി എന്നു ചോദിച്ചാൽ ഒറ്റ ഉത്തരമേയുള്ളൂ. ദൈവം വിളിക്കുന്നതാണ് ദൈവവിളി. വിശുദ്ധ ബൈബിളിൽ ഉടനീളം ദൈവവിളിയെക്കുറിച്ച് പ്രത്യക്ഷമായും പരോക്ഷമായും പരാമർശങ്ങളുണ്ട്. പല ജീവിതാന്തസുകളിൽ ഒന്നാണ് ദൈവവിളി. ഏത് ജീവിതാന്തസ് തിരഞ്ഞെടുത്താലും തിരഞ്ഞെടുക്കപ്പെടുന്ന മേഖല വിജയിക്കാൻ അധ്വാനവും സമർപ്പണവും ത്യാഗങ്ങളും കഷ്ടപ്പാടും കണ്ണീരും വേദനയും ഒറ്റപ്പെടലും തിരസ്കരണവും അനിവാര്യഘടകമാണ്. കുടുംബ ജീവിതമായാലും ഏകസ്ത ജീവിതമായാലും ദൈവവിളി ആയാലും തിരഞ്ഞെടുക്കപ്പെടുന്ന മേഖലകളിൽ വിജയം വരിക്കാൻ ദൈവകൃപ അത്യന്താപേക്ഷിതമാണ്. ജീവിതവിജയം സാധ്യമാകാൻ ദൈവത്തിന്റെ കൈയൊപ്പ് പതിയണമെങ്കിൽ ദൈവത്തോട് ചേർന്നുനിൽക്കണം.

ദൈവം നോഹ, അബ്രാഹം, മോശ, സാമുവൽ, പരിശുദ്ധ മാതാവ്, അപ്പസ്തോലന്മാർ ഇവരെ വിളിക്കുന്നതായും ദൗത്യങ്ങൾ ഏൽപ്പിക്കുന്നതായും ബൈബിളിൽ വായിക്കുന്നു. വലിയൊരു പെട്ടകം നിർമിക്കുവാൻ നോഹ ഏറെ കഷ്ടപ്പെട്ടു എന്ന് നാം അറിയണം. സ്വർഗമാകുന്ന പെട്ടകത്തിലേക്ക് ആത്മാക്കളെ നി

റയ്ക്കുവാൻ ദൈവം വിളിച്ച് സവിശേഷമായി വേർതിരിക്കപ്പെട്ടവരാണ് അഭിഷിക്തർ!

ദൈവം തന്റെ ഇഷ്ടങ്ങൾ ഈ ഭൂമിയിൽ നിറവേറ്റുവാൻ പ്രത്യേകമായി ചിലരെ തിരഞ്ഞെടുക്കപ്പെടുന്ന വിളിയാണ് ദൈവവിളി. ദൈവത്തിന് ഭൂമിയിൽ വന്നുപിറക്കുവാൻ പരിശുദ്ധ കന്യകാമറിയവും വളർത്തി വലുതാക്കുവാൻ വിശുദ്ധ യൗസേപ്പിതാവും ശൈശവവും ബാല്യകൗമാരവും യൗവനവും ദൈവകൃപയുടെ നിറതേജസ്സിൽ രൂപപ്പെടുവാൻ നസ്രത്ത് എന്ന ഗ്രാമവും അനിവാര്യമായിരുന്നു. ഗോതമ്പ് അപ്പത്തിൽ ദൈവത്തിന് വന്നുവസിക്കുവാൻ പുരോഹിതന്റെ പവിത്ര കരങ്ങൾ വേണം. സക്രാരിയിലേക്ക് പ്രവേശിക്കണമെങ്കിലും അഭിഷിക്തന്റെ സഹായം വേണം. എമ്മാനുവേൽ ആയി ഗോതമ്പ് അപ്പത്തിൽ കൂടി വിശ്വാസിയുടെ ഹൃദയത്തിൽ അലിഞ്ഞുചേരാനും പുരോഹിതൻ വേണം. കുരിശിലെ പീഡകളിൽ ദാഹിക്കുന്ന ദൈവം ഉത്ഥാനശേഷം ശിഷ്യരോട് ഭക്ഷിക്കുവാൻ എന്തെങ്കിലുമുണ്ടോ എന്നു ചോദിച്ച് അവർ കൊടുക്കുന്ന വറുത്ത മീൻ ഭക്ഷിക്കുന്ന ദൈവം...



എന്തിന് എന്നെ ദൈവം വിളിച്ചു? എനിക്ക് നിന്നെക്കൊണ്ട് ധാരാളം കാര്യങ്ങൾ നിറവേറ്റാനുണ്ട്. അത്യാവശ്യ കാര്യങ്ങൾ ഉൾപ്പെടെ, നീ എപ്പോഴും എന്റെ കൂടെ ആയിരിക്കണം. മാത്രവുമല്ല ഞാൻ പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടും സൂക്ഷ്മതയോടും കൂടി കേൾക്കേണം. അതെങ്ങനെ നിറവേറ്റണമെന്നും ഞാൻ പറഞ്ഞുതരും. നീ എന്നോടുകൂടെ ആയിരുന്നാൽ മാത്രം മതി. ഞാൻ നിന്നിലൂടെ പ്രവർത്തിച്ചുകൊള്ളാം. ഞാൻ ഭരമേൽപ്പിക്കുന്ന ദൗത്യം ഫലപ്രദമായും കാര്യക്ഷമമായും നിർവഹിക്കുവാനുള്ള എല്ലാ കഴിവുകളും യഥാസമയം ഞാൻ നിനക്കു നൽകും. കാരണം എനിക്ക് നിന്നെക്കൂടാതെയും നിനക്ക് എന്നെക്കൂടാതെയും ഒരു കാര്യവും ഈ ഭൂമിയിൽ നിർവഹിക്കുക അസാധ്യമാണ്. ഭൂമിയിൽ ദൈവേഷ്ടം നിറവേറ്റപ്പെടുക വ്യക്തികളിലൂടെയും വ്യത്യസ്ത സാഹചര്യങ്ങളിലൂടെയുമാണ്. അനുസരണമുള്ളവനായിരിക്കുക എന്നത് സർവപ്രധാനമാണ്. അതിന് നിനക്ക് സമ്മതമാണോ? അനുസരണത്തിൽ നിന്റെ ഇഷ്ടങ്ങളെല്ലാം ഉച്ഛിഷ്ടങ്ങളായി കരുതണം. നിന്റെ പഞ്ചേന്ദ്രിയങ്ങൾ നിരന്തരം എന്നെ തേടണം. എന്നെ മഹത്വപ്പെടുത്തണം. എന്റെ കൂടെ നടന്നാൽ നിന്റെ കൂടെ ഞാൻ വന്നു വസിക്കും. നിന്റെ നോട്ടം എന്നെയും സ്വർഗത്തെയും മാത്രം കേന്ദ്രീകരിക്കണം.

പാപികളെ വചനത്താലും കൂദാശകളാലും പ്രബോധനങ്ങളാലും മാനസാന്തരത്തിലൂടെ വിശുദ്ധ പുഷ്പങ്ങൾ ആക്കുവാൻ ദൈവം നിയോഗിച്ച സാധാരണക്കാരായ ശ്രേഷ്ഠരാണ് സമർപ്പിതർ. പാപിയായ എന്നെ സ്നേഹത്തിന്റെ പൂക്കൾ വിരിഞ്ഞുനിൽക്കുന്ന സ്വർഗത്തിലേക്ക് അയയ്ക്കുവാൻ ദൈവം നിയോഗിച്ച അമ്പാസിഡർമാരാണവർ. പരിശുദ്ധ ത്രീത്വം മാനുഷിക ബുദ്ധിക്കതീതമായ നിഗൂഢ രഹസ്യങ്ങളുടെ കലവറ ആയിരിക്കുന്നതുപോലെ ഓരോ സമർപ്പിതരിലും ദൈവം ചൊരിഞ്ഞിരിക്കുന്ന അഭിഷേക മുദ്രയുടെ അഗാധത അളക്കുക സാധ്യമല്ല. സമർപ്പിതരിൽ ദൈവസ്നേഹത്തിന്റെ അതിദിവ്യമായ സ്വർഗീയ കാന്തി ദൈവം സമ്മാനിച്ചിരിക്കുന്നു. അത് അനർഘവും അമൂല്യവും അത്യുന്നതവും അനിർവചനീയവുമാണ്.

1. സാമുവൽ 3-ാം അധ്യായത്തിൽ ദൈവം സാമുവലിനെ വിളിക്കുന്ന ഭാഗം എത്ര മനോഹരമായാണ് ചിത്രീകരിച്ചിരിക്കുന്നത്. സാമുവൽ ദൈവാലയത്തിൽ ദൈവത്തിന്റെ പേടകത്തിനരികെ കിടക്കുന്നു. ഏലി തന്റെ മുറിയിലും. പ്രകാശം പരത്തി ദൈവത്തിന്റെ മുന്നിലെ ദീപവും. മൂന്നാം പ്രാവശ്യം കർത്താവ് സാമുവലിനെ പേര് ചൊല്ലി വിളിക്കുമ്പോഴാണ് ഏലി പോലും കർത്താവാണ് വിളിക്കുന്നതെന്നു മനസ്സിലാക്കുന്നത്. നാലാം പ്രാവശ്യം കർത്താവ് സാമുവൽ, സാമുവൽ എന്നു വിളിക്കുമ്പോൾ കർത്താവേ, അരുളിചെയ്താലും, അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു എന്നു സാമുവൽ പ്രത്യുത്തരിക്കുന്നു. തെളിനീരുറവ പോലെ സുതാര്യമായൊരു ദൈവവിളിയാണത്.

ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! എന്നായിരുന്നു ഗബ്രിയേൽ ദൂതനോട് മറിയത്തിന്റെ മനോഹരമായ മറുപടി.

അത്യന്തം ഗൗരവപൂർണവും ഉത്തരവാദിത്തങ്ങൾ നിറഞ്ഞതും ഏറെ ശ്രദ്ധയോടെ കാത്തുപരിപാലിക്കേണ്ടതും മഹനീയവും ശ്രേഷ്ഠവുമായ ഒന്നാണ് ഓരോ ദൈവവിളിയും. ദൈവവിളി സ്വീകരിച്ചവർ വിളിച്ചവനോട് വിശ്വസ്തത പുലർത്താൻ ബാധ്യസ്ഥരാണ്. സ്വർഗം മാത്രമാണവർ ലക്ഷ്യമാക്കേണ്ടത്. നോട്ടം ക്രിസ്തുവിൽ നിന്നും മാറിയാൽ ജീവിതം ഭൗതികലോകത്തിന്റെ മായിക വർണ പ്രപഞ്ചത്തിലായാൽ, പഞ്ചേന്ദ്രിയങ്ങളുടെ ആസക്തികൾക്ക് പിന്നാലെ പോയാൽ, പ്രാർത്ഥനയോടും ഉപവാസത്തോടും മടുപ്പ് തോന്നിയാൽ, അനുഭവമില്ലാത്ത ചടങ്ങുപോലെ ദിവ്യബലി അർപ്പിച്ചാൽ, അജപാലനത്തിൽ അലസത കാണിച്ചാൽ, സ്ഥാനമാനങ്ങളുടെ പിന്നാലെ അലഞ്ഞാൽ, ഇടവക ജനത്തെ ഭിന്നിപ്പിച്ചു ഭരിച്ചാൽ, അനുസരണ ഉപേക്ഷിച്ചാൽ... അതോർത്തായിരിക്കും ദൈവം തേങ്ങിക്കരയുക.

ഇന്ന് ദൈവവിളിയെക്കുറിച്ച് കുട്ടികളോട് ആരും പറയുന്നില്ല. സാമുവലിനെപ്പോലെ സക്രാരിക്ക് മുന്നിൽ ആയിരിക്കുവാൻ ആള് കുറഞ്ഞുവരുന്നു. സക്രാരിക്ക് മുന്നിൽ സ്വന്തം ഇടവക ജനത്തിനുവേണ്ടി ആത്മാർത്ഥമായി പ്രാർഥിക്കുന്ന എത്ര വൈദികരുണ്ട്? വൈദികർക്കും തിരുസഭയ്ക്കും വേണ്ടി സക്രാരിക്ക് മുന്നിൽ മുട്ടുകുത്തി കരങ്ങൾ ഉയർത്തി പ്രാർഥിക്കുന്ന എത്ര ഇടവക ജനങ്ങളുണ്ട്? ഭൗതിക സുഖഭോഗങ്ങളുടെ പിന്നാലെ ലോകം നെട്ടോട്ടത്തിലാണ്. സമൃദ്ധമായ ദൈവവിളികൾക്കും നിലവിലെ ദൈവവിളികളുടെ പരിപാവനതയ്ക്കും വേണ്ടി നമുക്ക് പാർഥിക്കാം. ■

### ഡോൺ ബോസ്കോയുടെ സലേഷ്യൻ സഭ

# ആഗോള സഭയിൽ യുവാക്കളോടൊപ്പം



**പാ**തിയുറക്കത്തിന്റെ കെട്ട് വിട്ടുമാറാതെ കണ്ണു തിരുമ്മി മുറ്റത്തേക്ക് ഇറങ്ങിയ പീറ്റർ കണ്ടത് ആർപ്പുവിളിച്ച് വീടിന്റെ തെക്കേ വശത്തുള്ള പുൽമൈതാനത്തേക്ക് ഓടുന്ന അവന്റെ സുഹൃത്തുക്കളെ ആണ്. കൂട്ടത്തിലെ പലരും ആവേശത്തോടെ വിളച്ചുപറഞ്ഞ പേര് കേട്ടമാത്രയിൽ ചാടി ഇറങ്ങിയ പീറ്ററിന് അത് വെറുതെയായില്ല. ഇന്ന് നെടുങ്ങനെ വലിച്ച് ഉയരത്തിൽ കെട്ടിയ കയറിലാണ് പ്രകടനം. വായുവിലെങ്ങും ജോണിയുടെ പേര് മാത്രം. അത്ഭുത കാഴ്ചകൾ കാട്ടി കൂട്ടുകാരെ രസിപ്പിച്ച ജോണി ചാടിയിറങ്ങി. പിന്നീട് നടന്നത് ഇതാണ്...

ബെക്കി എന്ന ഇറ്റാലിൻ ഗ്രാമത്തിൽ 1815 ഓഗസ്റ്റ് പതിനാറാം തീയതി ജനിച്ച കർഷകബാലനായിരുന്നു ജോണി ബോസ്കോ. നിർധനരായ കർഷക ദമ്പതികളുടെ മൂന്നു പുത്രന്മാരിൽ ഏറ്റവും ഇളയവൻ. പഠനത്തോടൊപ്പം കലാകായിക വാസനകൾ വേണ്ടുവോളം നെഞ്ചോട് ചേർത്തുവച്ച ആ കൊച്ചുമിടുക്കൻ ദൈവത്തിനും മനുഷ്യർക്കും ഒരേപോലെ വേണ്ടപ്പെട്ടവൻ. ജോണിക്ക് കേവലം രണ്ടു വയസ്സ് മാത്രം പ്രായമുള്ളപ്പോൾ അശാന്തിയുടെ കരിനിഴൽ പരത്തി പെയ്തിറങ്ങിയ മരണം അവരുടെ പ്രിയങ്കരനായ അച്ഛനെ അവരിൽ നിന്ന് എന്നന്നേയ്ക്കുമായി വേർപെടുത്തി. പിന്നീട് കുടുംബത്തിന്റെ കനത്തഭാരം മുഴുവൻ വഹിച്ചത് അവരുടെ സ്നേഹനിധിയായ അമ്മ മാർഗ്രറ്റ് ആയിരുന്നു.

സ്വപ്നങ്ങൾ കൊണ്ട് നിറഞ്ഞ ജീവിതത്തിന് ഉടമയാണ് കൊച്ചുജോണി. ദൈവഹിതം തിരിച്ചറിഞ്ഞത് അവന് ലഭിച്ച സ്വപ്നങ്ങളിലൂടെ ആയിരുന്നു. ഇന്ന് ആഗോള സഭയിൽ നിറഞ്ഞുനിൽക്കുന്ന സലേഷ്യൻ സന്യാസ സമൂഹത്തിന്റെ അടിത്തറയ്ക്ക് കാരണം തന്റെ ആദ്യ സ്വപ്നത്തിൽ അവൻ കണ്ട ദിവ്യ പുരുഷൻ നൽകിയ ദൗത്യം; അനാഥരും, ആലംബഹീനരുമായി വെല്ലുവിളി നിറഞ്ഞ ജീവിതം നയിക്കുന്ന യുവജനങ്ങളുടെ പിതാവും മാർഗദർശിയും ആവുക എന്നതായിരുന്നു.

ജോണിയുടെ ജീവിതം കഷ്ടപ്പാടുകളുടെ പറുദീസ തന്നെയായിരുന്നു. നിർധന കർഷക കുടുംബത്തിലെ അംഗമായിരുന്നതിനാൽ ദാരിദ്ര്യം അവന് ഒരു സന്തത സഹചാരി ആയിരുന്നു. പഠിക്കാനുള്ള സൗകര്യത്തിനുവേണ്ടി സമ്പന്നരുടെ തോട്ടങ്ങളിൽ പണിയെടുത്ത് മാർഗങ്ങൾ കണ്ടെത്തി. അവഗണനയിലും, കുറ്റപ്പെടുത്തലുകളിലും തളരാതെ ശുഭാപ്തി വി

ശ്വാസത്തോടെ തന്റെ ലക്ഷ്യത്തിനായി അക്ഷീണം പ്രയത്നിച്ച് ഒരു വൈദികനായിത്തീർന്നു.

ലോകം മുഴുവനും വ്യവസായ വിപ്ലവത്തിന്റെ അലകൾ ആഞ്ഞടിച്ചപ്പോൾ ഇറ്റലിയിലെ തെരുവുകളും അനാഥരും നിർധനരുമായ ബാല്യങ്ങൾക്ക് ജന്മം നൽകാൻ തുടങ്ങി. തടവറകൾ നിറഞ്ഞുകവിഞ്ഞു. ഈയൊരു ദുരവസ്ഥ മുന്നിൽ കണ്ട് ജോൺ ബോസ്കോ ജീവിതം അവർക്കുവേണ്ടി മാറ്റിവച്ചു. വിലപ്പെട്ട സ്ഥാനമാനങ്ങൾ വേണ്ടെന്നുവയ്ക്കാൻപോലുംവിധം യുവാക്കൾ അദ്ദേഹത്തെ ആകർഷിച്ചു. ഇറ്റലിയിലെ തടവറകൾ കുമ്പസാര കൂടുകൾ ആയി.

വടികൊണ്ടും അടികൊണ്ടുമല്ല സ്നേഹംകൊണ്ടു മാത്രമേ ഇവരെ നേടാനാകൂ എന്ന് മനസ്സിലാക്കിയ അദ്ദേഹം തന്റേതായ രീതിയിൽ ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിന് തന്നെ രൂപം നൽകി. യുവജനങ്ങളുടെ വാസനകളും, ക്രിയാത്മകതയും, ആർജ്ജവവും തിരിച്ചറിഞ്ഞ് അദ്ദേഹം അവർ സ്നേഹിക്കുന്നവയെ സ്നേഹിക്കാൻ പഠിക്കണമെന്ന് തന്റെ അനുയായികളെ പഠിപ്പിച്ചു. കാലത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അദ്ദേഹം കുട്ടികളെ തൊഴിലുകൾ പഠിപ്പിച്ച് സമൂഹത്തിന്റെ ഭാവി ജേതാക്കൾ ആക്കി മാറ്റി. അദ്ദേഹം വളർത്തി വലുതാക്കിയ കുട്ടികൾ തന്നെ പിൽക്കാലത്ത് അദ്ദേഹത്തിന്റെ വിശ്വസ്ത അനുയായികളായിമാറി.

സലേഷ്യൻസഭ ഇന്ന് 133 രാജ്യങ്ങളിലായി 90 പ്രോവിൻസുകളിൽ 14,486 സലേഷ്യൻ സഭാംഗങ്ങളുമായി വിശുദ്ധ ജോൺ ബോസ്കോ തുടങ്ങിവച്ച ദൗത്യം തീഷ്ണതയോടെ നിർവഹിച്ചുവരുന്നു. സമഗ്രവിദ്യാഭ്യാസ മുന്നേറ്റത്തിനും, സാമൂഹിക ഭദ്രതയ്ക്കും വേണ്ടി യുവജനങ്ങളെ പ്രാപ്തരാക്കുന്ന ലക്ഷ്യം മുന്നിൽവച്ച് നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സാമൂഹ്യസേവന കേന്ദ്രങ്ങളുമായി ഇന്ത്യയിലുടനീളം സന്നദ്ധരായി പ്രവർത്തിക്കുന്നു. തെരുവിൽ അകപ്പെട്ടുപോയ ബാല്യങ്ങളുടെ ജീവിത സുരക്ഷ ഉറപ്പുവരുത്തിയും, ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ലഹരി വസ്തുക്കളുടെ ദുരുപയോഗങ്ങൾക്കെതിരെ ശക്തമായി പ്രവർത്തിച്ചുകൊണ്ട് ശക്തരായ യുവജനങ്ങളെയും മൂല്യബോധമുള്ള തലമുറയെയും വാർത്തെടുക്കുന്നതിൽ സലേഷ്യൻ വൈദികരും, ബ്രദേഴ്സും വ്യാപൃതരാണ്.


യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുക എന്നത് ഇന്നത്തെ സാഹചര്യത്തിൽ ഒഴിച്ചുകൂടാനാവാത്ത ഉത്തരവാദിത്തമായി മാറുമ്പോൾ ക്രിസ്തുവിന്റെ അനുയായികളായി യുവജനങ്ങളുടെ ജീവിതത്തിൽ ഡോൺ ബോസ്കോയെപോലെ മാർഗദർശിയും വഴികാട്ടിയും ആകുവാൻ നിങ്ങളെ സ്നേഹപൂർവം ക്ഷണിക്കുന്നു.

യുവലോകം അനുകരിക്കാൻ ആഗ്രഹിക്കുക ധീരനും സംതൃപ്തനും സ്നേഹിക്കുന്നവനുമായ നേതാവിനെയാണ്. ഇതുകൊണ്ടാണ് ജോൺ ബോസ്കോ പുണ്യവാൻ ‘ഡോൺ ബോസ്കോ’ എന്ന പേരിൽ ഇന്നും യുവാക്കളുടെ പിതാവും സുഹൃത്തും വഴികാട്ടിയുമായി യുവ ഹൃദയങ്ങളിൽ നിലകൊള്ളുന്നത് – ദൈവം തിരഞ്ഞെടുത്ത് കൊടുത്ത നിയോഗം. ‘ഡോൺ ബോസ്കോ’ എന്നാൽ ഫാ. ബോസ്കോ. ഒരു ദരിദ്ര കുടുംബത്തിലാണ് ജനിച്ചുവളർന്നതെങ്കിലും ദൈവനിയോഗത്തോട് കഠിനാദ്ധ്വാനം ചേർത്തുവച്ച് പരിശുദ്ധ ദൈവമാതാവിന്റെ പ്രത്യേക സഹായത്താൽ, അമ്മയോടും ഗുരുഭൂതരോടുമുള്ള വിധേയത്വത്തിന്റെ ഫലമായി ഒരു വൈദികനായി. ഡോൺ ബോസ്കോ സ്ഥാപിച്ച സന്യാസ സമൂഹത്തിന് സലേഷ്യൻ സഭ എന്ന പേര് നൽകി.

സ്നേഹമാർഗത്തിലൂടെ നന്മയുടെ മനോഹാരിതയും തിന്മയുടെ വൈരൂപ്യവും യുവാക്കളെ പഠിപ്പിച്ച യുവാക്കളുടെ പിതാവാണ് ഡോൺ ബോസ്കോ.

യുവാക്കളെ സ്നേഹിച്ചുകൊണ്ട് അനേകരുടെ ആത്മരക്ഷ തന്റെ സൗഹൃദത്തിലൂടെ സാധ്യമാക്കിയ ഡോൺ ബോസ്കോയുടെ പാത പിന്തുടർന്ന് വിശുദ്ധന്റെ കരുതലും സ്നേഹവും ഇന്നത്തെ യുവതലമുറയ്ക്കും നൽകുന്നതിനും, അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നതിനും, ധീരതയോടെ വിശ്വാസത്തിന് സാക്ഷ്യം നൽകുന്നതിനും ആഗ്രഹിക്കുന്നുണ്ടെങ്കിൽ സലേഷ്യൻ സന്യാസ സമൂഹത്തിൽ ചേർന്ന് കത്തോലിക്കാസഭയിൽ യുവാക്കൾക്കുവേണ്ടി പ്രവർത്തിക്കാൻ താല്പര്യമുണ്ടെങ്കിൽ ബന്ധപ്പെടുക.

Vocation Promoter
DON BOSCO BHAVAN, MANNUTHY
P.B. No. 5, Thrissur - 680651, Kerala, India
Mob : 8848406302,
Ph: 0487-2370108





# ക്രിസ്തുവിന്റെ മാധ്യമ അപ്പസ്തോലർ: ഡോട്ടേഴ്സ് ഓഫ് സെന്റ് പോൾ

20–ാം നൂറ്റാണ്ടിൽ പ്രസ്, റേഡിയോ, സിനിമാ, ടെലിവിഷൻ തുടങ്ങിയ സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളുടെ അതിപ്രസരണ ഫലമായി ദൈവീകചിന്തയിൽ നിന്നും അകന്നുപോയിക്കൊണ്ടിരുന്ന ജനങ്ങളെ അതേ മാധ്യമങ്ങൾ ഉപയോഗിച്ച് സുവിശേഷപ്രഘോഷണത്തിലൂടെ ദൈവത്തിലേക്ക് നയിക്കുവാൻ വേണ്ടി 1915 ൽ ഇറ്റലിയിൽ ഫാ. ജെയിംസ് അൽബേരിയോണെ എന്ന ഇറ്റാലിയൻ വൈദികനാൽ സ്ഥാപിക്കപ്പെട്ടതാണ് ഡോട്ടേഴ്സ് ഓഫ് സെന്റ് പോൾ എന്ന സന്യാസ സമൂഹം.

ഒരു ദൈവനിയോഗം എന്നപോലെ സഭാംഗങ്ങൾക്ക് സഹായിയായി തെരേസാ മെർലോ എന്ന യുവതിയും പങ്കാളിയാകുകയും സെന്റ് പോൾസ് സഭയിലെ ആദ്യത്തെ അംഗമാകുകയും ചെയ്തു. അവർ മഹത്തായ ഈ പ്രേഷിത ദൗത്യം നിർവഹിക്കുവാൻ അക്കാലത്തെ സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളാണ് ഉചിതമെന്ന് മനസ്സിലാക്കി. പിന്നീട് എല്ലാ ഭൂഖണ്ഡങ്ങളിലും ഈ ദൗത്യം നിർവഹിക്കാനായി അവർ സഭാ സ്ഥാപനങ്ങൾക്ക് രൂപം നൽകി.

ഇന്ന് 52 രാജ്യങ്ങളിൽ ഡോട്ടേഴ്സ് ഓഫ് സെന്റ് പോൾ/പൗളൈൻ സിസ്റ്റേഴ്സ് എന്ന സന്യാസ സമൂഹം സേവനം അനുഷ്ഠിച്ചുവരുന്നു. ഇന്ത്യയിൽ മുംബൈ കേന്ദ്രമാക്കി 12 സ്ഥലങ്ങളിലായി 17 സന്യാസ സമൂഹങ്ങൾ പ്രവർത്തിക്കുന്നു. പൗളൈൻ സിസ്റ്റേഴ്സിന്റെ പ്രധാന പ്രവർത്തന മേഖലയായ ബുക്ക്സെന്ററുകൾ, ആനിമേഷൻ, ഇന്റർനെറ്റ്, ഫെയ്സ് ബുക്ക്, യു-ട്യൂബ് തുടങ്ങിയവയുടെ സഹായത്തോടെയുള്ള സുവിശേഷ പ്രഘോഷണമാണ് ഈ നൂറ്റാണ്ടിലെ ജനതയ്ക്കുവേണ്ടി ചെയ്തുവരുന്നത്.

വിദ്യാലയങ്ങളിൽ ദൈവീകമൂല്യങ്ങളായ സ്നേഹം, ക്ഷമ, സമാധാനം, സഹവർത്തിത്തം തുടങ്ങിയവയിൽ അധിഷ്ഠിതമായ പുസ്തകപ്രദർശനം, മാധ്യമ വിദ്യാഭ്യാസ ആനിമേഷൻ, കൗൺസിലിംഗ് തുടങ്ങിയ ശുശ്രൂഷകളിൽ സഹായം നൽകുന്നു. മാനസിക വികസനത്തിനും ആത്മീയ ഉന്നമനത്തിനും ഉതുകന്നവിധത്തിൽ ചിത്രപ്രദർശനങ്ങളും സംഗീതം, നൃത്തം തുടങ്ങിയ കലാരൂപങ്ങളിലൂടെ തങ്ങളുടെ കഴിവുകൾ ദൈവവചന പ്രഘോഷണത്തിനായി വനിയോഗിക്കാനും ഈ സന്യാസസമൂഹം ശ്രമിക്കുന്നു. കൂടാതെ അജപാലന മേഖലകളായ മതബോധന ക്ലാസുകളും, ഭവന സന്ദർശനം തുടങ്ങിയവയിലും സേവനം അനുഷ്ഠിക്കുന്നു.

പ്രാർഥനയിൽ അധിഷ്ഠിതമായ ആത്മീയ ജീവിതവും അനുദിന ദിവ്യബലിയിലെ പങ്കാളിത്തവും ദിവ്യകാരുണ്യ ആരാധനയും സഭാംഗങ്ങൾക്ക് ശക്തിയും അഭിവൃദ്ധിയും ആത്മീയ ഉണർവും പ്രദാനം ചെയ്യുന്നു. വഴിയും സത്യവും ജീവനുമായ യേശുനാഥനോടുള്ള ആത്മ സമർപ്പണം ഇവർ ജീവിത വ്രതമാക്കിയിരിക്കുന്നു. ദിവസേന കണ്ടുമുട്ടുന്നവരുടെ നിയോഗങ്ങൾക്കും അഭിവൃദ്ധിക്കും വേണ്ടി നിരന്തരം പ്രാർഥിക്കുന്നു

വിശാലഹൃദയത്തിനുടമകളായി ദൈവത്തിന്റെ സ്നേഹസന്ദേശകരായി നമ്മുടെ കാലഘട്ടത്തിൽ യേശുവിന്റെ മാധ്യമ അപ്പസ്തോലരാകാൻ ഇവർ ശ്രമിക്കുന്നു. വിവിധ മാധ്യമങ്ങളാൽ നിറഞ്ഞുനിൽക്കുന്ന ഈ കാലഘട്ടത്തിൽ ഇവയെ ദൈവവചനപ്രഘോഷണത്തിനും മൂല്യാധിഷ്ഠിത ജീവിതം നയിക്കാൻ മറ്റുള്ളവരെ സഹായിക്കുന്നതിനും ആയി സന്മനസ്സുള്ള കുഞ്ഞനുജത്തിമാരെ ഈ സഭയിലേക്ക് സ്വാഗതം ചെയ്യുന്നു. കേരളത്തിന്റെ തലസ്ഥാന നഗരിയിലെ വെള്ളയമ്പലം ബിഷപ്സ് ഹൗസ് കോമ്പൗണ്ടിലുള്ള പൗളൈൻ/ സെന്റ് പോൾ ബുക് സ്റ്റാളിൽ ഇപ്പോൾ സേവന അനുഷ്ഠിച്ചുവരുന്നു. ■



സിസ്റ്റർ സരിത

കഥ

# കാലം

**അ**തിനു ശേഷം ഒരു നീണ്ട കൈയ്യടി ആയിരുന്നു.

ഇത് എത്രാമത്തെ ആശംസാ പ്രസംഗമാണന്നറിയില്ല. ഇനി എത്രപേർ സംസാരിക്കാനുണ്ടെന്നുമറിയില്ല. തന്നെപ്പറ്റി ആൾക്കാർ പുകഴ്ത്തിപ്പറയുന്നതിന്റെ സുഖമനുഭവിച്ചു. അയാൾ വിനീത വിധേയനായി പുഞ്ചിരിച്ചുകൊണ്ട് കൈകൂപ്പി, അത്രവേഗം കുനിയുന്ന തലയൊന്നുമല്ലെങ്കിലും, തലകുനിച്ചു.

"വളരെ അധികം കഴിവുകൾ ഉള്ള ആളാണ് ... അലങ്കരിച്ച പദവികൾ... ജീവിത നേട്ടങ്ങൾ... ഉന്നത സ്വാധീനങ്ങൾ...

തനിക്കു മുമ്പേ സംസാരിച്ചവരെ കടത്തിവെട്ടാൻ കച്ചകെട്ടിയിറങ്ങിയ പ്രാസംഗികൻ വാശിയോടെ വാചാലനാകുന്നു.

ഒത്തിരിയേറെ കഴിവുകൾ അവനിൽ ഉണ്ടെന്നു പറയുമ്പോൾ അതുപോലെതന്നെ മുള്ളുകളും അവന്റെ ജീവിതത്തിലുണ്ടായിരുന്നെന്നു എത്രപേർ ഓർക്കുന്നു? ആ മുള്ളുകൾക്കു മീതെ വളർന്ന ദൈവകൃപയാണ് അവന്റെ കഴിവുകൾ എന്നാരൊക്കെ ബോധവാന്മാരാണ്? താൻപോലും പല അവസരങ്ങളിലും അത് മറന്നുപോയിട്ടില്ലേ?

കണക്കുകൾ സൂക്ഷിക്കാതെ ജീവിക്കുക. അതല്ലേ അഭികാമ്യം? പൊതുവേദികളിൽ വിളിച്ചുപറഞ്ഞ് അഹങ്കരിക്കുന്ന സൽകർമങ്ങളുടെ തിളക്കത്തിനു മങ്ങൽ ഏൽക്കില്ലേ?

അയാളുടെ ഉള്ളിൽ കുമിളകൾ പോലെ പൊങ്ങിക്കൊണ്ടിരുന്ന ചിന്തകൾക്ക് മീതെ പ്രാസംഗികന്റെ വാക്കുകൾ ഉയർന്നു കേട്ടു..

"ഇദ്ദേഹം ഇതൊന്നും ആഗ്രഹിക്കുന്നില്ലെന്നറിയാം, എന്നാലും, ക്രിസ്തുപോലും കൃതജ്ഞത പ്രതീക്ഷിച്ചില്ലേ? പത്തുപേരല്ലേ സുഖപ്പെട്ടത്? ബാക്കി ഒൻപതുപേരെവിടെ?"

സാഹചര്യങ്ങൾക്കനുസരിച്ചു വഴങ്ങുന്ന വചനങ്ങൾ.

അതിനുശേഷവും നീണ്ട കരഘോഷമായിരുന്നു.

പിന്നീട് ആശംസകൾ നേർന്നവരുടെ വാക്കുകളിൽ ഒരുകാലത്തു പാപങ്ങളെന്നു ചൂണ്ടികാണിച്ചവ പുണ്യങ്ങളായി അവതരിക്കപ്പെട്ടു...

കഴിവുകേടുകളെന്നു വിമർശിക്കപെട്ടവ ആദരിക്കപ്പെട്ടു...

പുച്ഛിച്ചുതള്ളപ്പെട്ടവ അംഗീകരിക്കപ്പെട്ടു...





ഫാ. ജിജി കലവനാൽ Sdb

വ്യാജസ്തുതികൾ...

ആത്മവിമർശനം നടത്തിയപ്പോൾ ഉള്ളിൽ ഒരു ശൂന്യത...

എല്ലാം കടന്നുപോകും...

'കടലിൽ മീൻ പെരുകുമ്പോൾ...
കരയിൽ വന്നടിയുമ്പോൾ...
കഴുകനും കാക്കകളും
പറന്നുവരും...'

കടൽത്തീരം ഒഴിയുന്നൊരു കാലമുണ്ട്... താൻ എന്തൊക്കെയോ ആണെന്നു ചിന്തിച്ചിരുന്ന കാലം... സ്തുതികൾ വലിച്ച തേരിൽ യാത്ര ചെയ്തിരുന്ന കാലം... ആജ്ഞാനുവർത്തികൾ ഉണ്ടായിരുന്ന കാലം... അഭിപ്രായ പ്രകടനങ്ങൾ നടത്തിയിരുന്ന കാലം... ഇതെല്ലാം കടന്നുപോകും...

കാലം എല്ലാം കവർന്നെടുക്കും.

ഇപ്പോൾ സ്വന്തം ശരീരം പോലും അനുസരണക്കേടു കാണിക്കുന്നു. അഭിപ്രായം ആരായുന്നത് പോയിട്ട് ഒന്നിലും പങ്കാളിയാകാനുള്ള ക്ഷണം പോലുമില്ലാതെ കാഴ്ചക്കാരനായി അവശേഷിച്ചു.

'ഫാദർ'

അയാൾ ചെറുതായൊന്നു ഞെട്ടി.

കണ്ണുകളിലേയ്ക്ക് ചാഞ്ഞു കിടന്ന നീണ്ട പുരികങ്ങൾക്കിടയിലൂടെ പാതി തുറന്ന കണ്ണുകൾ പായിച്ചു തല അല്പം ചരിച്ചയാൾ നോക്കി. ഒരു കൈയ്യിൽ ഗുളികകളും മറു കൈയ്യിൽ ഗ്ലാസുമായി നിൽക്കുന്നവൻ.

മുഖം ഓർമിച്ചെടുക്കാൻ എത്ര ശ്രമിച്ചിട്ടും സാധിക്കുന്നില്ല. ഓർമ്മകൾ വരാലുപോലെ വഴുതി മാറുകയാണ്.

"അവരൊക്കെ പോയോ?" തളർന്ന വിറയാർന്ന സ്വരം.

അധരങ്ങൾ തുറന്നതും അതുവരെ വായിൽ ഉറഞ്ഞുകൂടിയ കൊഴുത്ത ഉമിനീർ രണ്ടുനാൾ ഷൗരം ചെയ്യാത്ത കുറ്റി രോമങ്ങൾക്കിടയിലൂടെ അണപൊട്ടിയപോലെ താഴോട്ടോഴുകി നെഞ്ചിൽ കുതിർന്നിറങ്ങി.

"കോൻ? '

അയാളവനെ ഒന്നുകൂടെ സൂക്ഷിച്ചു നോക്കി. "ഫാദർ ഇത് ഞാനാ, സുധാഷ്."

നോട്ടം മെല്ലെ താണു. പിന്നെ വിറക്കുന്ന കൈകൊണ്ടയാൾ നെറ്റിയിലേക്ക് ചിതറിവീണു കിടന്ന നീണ്ട വെള്ളിക്കമ്പികൾ മെല്ലെ വകഞ്ഞു മാറ്റി.

"ഫാദർ വീണ്ടും സ്വപ്ന് ദെഖ?"

സ്വപ്നം. ഇത് സ്വപ്നമല്ല. ഇതാണ് യാഥാർഥ്യം. ഇതല്ലേ യാഥാർഥ്യം?

അയാൾ നോക്കുമ്പോൾ മുന്നിലുള്ള കാഴ്ചകൾ അത്ര വ്യക്തമല്ല. പക്ഷെ ചില സ്വരങ്ങൾ തിരിച്ചറിയാൻ സാധിക്കുന്നുണ്ട്.

അല്പം കഴിഞ്ഞയാൾ വീണ്ടും നിർത്താതെയുള്ള കൈയ്യടി കേട്ടു.

പിന്നീട് ഒരു ചെറുപുഞ്ചിരിയോടെ തല മെല്ലെ ചായ്ച്ചു.... ■





### മെയ് 12 ലോക നഴ്സസ് ദിനം

# ചിറകുകളില്ലാത്ത

പ്രാചീന സംസ്കാരങ്ങളിൽ മന്ത്രവാദിയും പുരോഹിതനും ഭിഷഗ്വരൻ എന്ന നിലയ്ക്ക് ബഹുമാനിതരായിരുന്നു. എന്നാൽ അക്കാലത്ത് ഭിഷഗ്വരധർമത്തിൽ നിന്ന് ഭിന്നമായ നഴ്സിംഗ് എന്ന സങ്കല്പം രൂപം കൊണ്ടിരുന്നില്ല. ക്രിസ്തുമതത്തിന്റെ പ്രചാരത്തോടെ വ്യക്തിഗത ശ്രദ്ധ, ദയ, കാരുണ്യം, പരിചരണം തുടങ്ങിയ മൂല്യങ്ങൾ പ്രചരിക്കുകയും സമ്പന്നവിഭാഗങ്ങളിൽ നിന്നുള്ള ആളുകൾ കാരുണ്യപ്രവർത്തനങ്ങൾക്ക് സന്നദ്ധരാവുകയും ചെയ്തു. കുടുംബങ്ങൾ കേന്ദ്രീകരിച്ചു നടന്ന ആതുരശുശ്രൂഷാ പ്രവർത്തനങ്ങളിൽ അക്കാലത്തെ സാമൂഹിക പരിഷ്കർത്താക്കളും പങ്കെടുത്തു. പാശ്ചാത്യ രാജ്യങ്ങളിലെ ഭരണകൂടത്തിന്റെ മതേതരവൽക്കരണത്തിന്റെ ഫലമായി രാഷ്ട്രീയാധികാരം ഉപേക്ഷിക്കേണ്ടി വന്ന ക്രിസ്തുമതം ആതുര സേവാപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി. വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും സ്ഥാപിച്ചുകൊണ്ട് സ്വാധീനം നിലനിർത്താനാണ് ക്രിസ്തുമതം ശ്രമിച്ചത്. ഇത് വൈദ്യശാസ്ത്ര ഗവേഷണങ്ങൾക്ക് പ്രോത്സാഹജനകമായിരുന്നു.

ഭിഷഗ്വരർക്കുപുറമെ ശുശ്രൂഷാ പ്രവർത്തകർ അഥവാ നഴ്സുമാരുടെ വലിയൊരു വിഭാഗത്തെ തന്നെ ഇത്തരം പ്രവർത്തനങ്ങൾക്കാവശ്യമായിത്തീർന്നു. മധ്യയുഗത്തിലെ കുരിശുയുദ്ധങ്ങൾ സൈനിക നഴ്



**സിസ്റ്റർ മേഗി ഫെർണാണ്ടസ്**
കൗൺസലിംഗ് & പി. കെയർ,
ജൂബിലി മെമ്മോറിയൽ ആശുപത്രി, പാളയം

സിംഗ് വിഭാഗത്തിന് ജന്മം നൽകി. വ്യാവസായികവിപ്ലവവും നഗരവൽക്കരണവും നഴ്സിംഗിന്റെ വളർച്ചയ്ക്ക് വളരെയേറെ സഹായകമായിട്ടുണ്ട്. വൈദ്യശാസ്ത്രരംഗത്തെ പുതിയ കണ്ടുപിടിത്തങ്ങളും രോഗനിർണയ-ശുശ്രൂഷോപകരണങ്ങളുടെ നിർമാണവും അവ കൈകാര്യം ചെയ്യുന്നതിൽ വിദഗ്ധരായ ആളുകളുടെ സേവനം ആവശ്യമാക്കിത്തീർത്തു. ഈ പരിവർത്തനങ്ങൾ നഴ്സിംഗിനെ വൈദ്യശാസ്ത്രമേഖലയുടെ അഭിഭാജ്യഘടകമാക്കുകയും നഴ്സുമാർ ഡോക്ടർമാരുടെ സഹപ്രവർത്തകർ എന്ന നിലയ്ക്ക് അംഗീകരിക്കപ്പെടുകയും ചെയ്തു.

സ്വതന്ത്രശാഖയാക്കുന്നതിൽ ഫ്ളോറൻസ് നൈറ്റിങ്ഗേൽ എന്ന ഇംഗ്ലീഷ് വനിത വഹിച്ച പങ്ക് സ്തുത്യർഹമാണ്. ഇവർ രചിച്ച നോട്സ് ഓൺ ഹോസ്പിറ്റൽസ്, നോട്സ് ഓൺ നഴ്സിംഗ് എന്നീ കൃതികൾ നഴ്സിംഗിന്റെ അടിസ്ഥാന സംഭാവനകളെ പുരസ്കരിച്ചുകൊണ്ട്

# മാലാഖമാർ

1907 ൽ ഇംഗ്ലണ്ടിലെ ഏറ്റവും വലിയ രാജകീയ ബഹുമതിയായ 'ഓർഡർ ഓഫ് മെറിറ്റ്' ഇവർക്ക് ലഭിച്ചു. ഇത് നഴ്സിംഗിന്റെ പൊതുജനസമ്മതിക്കും പ്രചാരത്തിനും വളരെയേറെ സഹായിച്ചിട്ടുണ്ട്. രാഷ്ട്രത്തിന്റെ ആരോഗ്യരഹസ്യം കുടുംബങ്ങളിലാണ് എന്ന് ആഹ്വാനം ചെയ്തത് ഫ്ളോറൻസ് നൈറ്റിങ്ഗേൽ ആണ്.

ആരോഗ്യപരിപാലന മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിദഗ്ധ തൊഴിലാണ് നഴ്സിംഗ്. രോഗികളെ പരിചരിക്കുന്നതിനും അവരെ ചികിത്സിക്കുന്നതിനും ആതുര ശുശ്രൂഷയിലും ശസ്ത്രക്രിയയിലും മറ്റ് ആരോഗ്യ പ്രവർത്തകരെ സഹായിക്കുന്നതിനും ആവശ്യമായ ശാസ്ത്രീയ പരിശീലനം നേടിയ ആരോഗ്യപരിപാലന വിദഗ്ധരാണ് നഴ്സുമാർ. ഒരു ആശുപത്രിയിൽ ഏറ്റവും കൂടുതൽ ആവശ്യമുള്ള ഒരു വിഭാഗം ജീവനക്കാരാണ് നഴ്സുമാർ. വളരെയധികം ക്ഷമയും സഹാനുഭൂതിയും വൈദഗ്ധ്യവും ആവശ്യമുള്ള ഒരു സേവനം കൂടിയാണിത്. പലവിധ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന രോഗികളെ ശുശ്രൂഷിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നത് വെല്ലുവിളി നിറഞ്ഞ ഒരു സേവനം തന്നെയാണ്. ഡോക്ടറുടെ നിർദ്ദേശാനുസരണം, രോഗിക്ക് ചികിത്സ നൽകുകയും പരിചരിക്കുകയും ചെയ്യുന്നതിനു പുറമെ ആരോഗ്യം നിലനിർത്തുകയോ വീണ്ടെടുക്കുകയോ ചെയ്യുന്നതിനുവേണ്ട മാർഗങ്ങളെക്കുറിച്ച് രോഗിയെ ബോധവൽക്കരിക്കുകയും ചെയ്യേണ്ടത് നഴ്സിംഗിന്റെ കടമകളാണ്.

സഹനത്തിന്റെ തീച്ചൂളയിലൂടെ കടന്നുപോകുമ്പോഴും, ഉറക്കമില്ലായ്മയും, വല്ലായ്മയും കൊടുമ്പിരിക്കൊള്ളിക്കുകയും താൻ, മരണത്തോട് അടുത്ത് എന്ന ഭയം രോഗിയെ കൂടുതൽ മനോവേദനയിൽ കൊണ്ടെത്തിക്കുന്ന സാഹചര്യത്തിലും, രോഗിയുടെ അരികിൽ പ്രതീക്ഷയുടെ മുഖവുമായി പുഞ്ചിരിയോടെ, എത്തിച്ചേരുന്ന നഴ്സിന്റെ സമീപനവും പ്രവർത്തികളും ഏതൊരു അവസ്ഥയിലായിരിക്കുന്ന രോഗിക്കും മനോധൈര്യവും വിശ്വാസവും നേടിയെടുക്കാൻ



സഹായിക്കുന്നു. എന്നാൽ ഇതേ സമയം ഒരു സമർപ്പിതയായ നഴ്സിന്റെ സാന്നിധ്യമാണെങ്കിൽ രോഗിയുടെ മാനസികവും ശാരീരികവും ആത്മീയവുമായ തലങ്ങളിൽ കൂടുതൽ കൃപയോടെ, രോഗിയെ സൗഖ്യത്തിൽ കൊണ്ടെത്തിക്കുവാൻ സാധിക്കും. കാരണം നമ്മുടെ ഓരോ പ്രവൃത്തിയിലും യേശുവിന്റെ മനോഭാവത്തിൽ കരുണയോടെ വർത്തിക്കുവാൻ കഴിയും. യേശുക്രിസ്തു തന്റെ ഓരോ അത്ഭുത പ്രവർത്തിക്കും മുൻപായി, അതിരാവിലെ എഴുന്നേറ്റു പ്രാർത്ഥിക്കുവാനായി വിജനസ്ഥലത്ത് പോകുമായിരുന്നു. ശിഷ്യന്മാർ യേശുവിനെ പ്രാർത്ഥനയിൽ കണ്ടെത്തുമ്പോൾ, അവിടെ അന്വേഷിക്കുന്ന ഒരു ജനക്കൂട്ടത്തേയാണ് യേശുവിന് കാണാൻ കഴിഞ്ഞത്.

നമ്മുടെ ആതുരസേവനത്തിൽ യേശുവിന്റെ മനോഭാവത്തിലൂടെ പ്രവർത്തിക്കേണ്ട കൃപ ലഭിക്കുന്നത് ദൈവവുമായുള്ള ബന്ധത്തിലാണ്, അതിനാൽ നാം പ്രാർത്ഥനയിൽ അനുനിമിഷം ശക്തിപ്രാപിക്കുകയും നഴ്സുമാരുടെ കരങ്ങളിലൂടെ ദൈവത്തിന്റെ സ്പർശനം അനുഭവവേദ്യമാക്കിതീർക്കുകയും ചെയ്യുന്നു. അങ്ങനെ ഈ സേവനം വ്യക്തിപരമായ പുരോഗതിക്ക് മാത്രമാകാതെ, മറിച്ച് അത് കുടുംബത്തിന്റെയും സമൂഹത്തിന്റെയും, സഭയുടെയും ഉയർച്ചയ്ക്ക് തന്നെ കാരണമായിത്തീരുന്നു. അങ്ങനെ മാനസികവും ശാരീരികവും ആത്മീയവുമായി നിരാശയിൽ തളർന്നിരിക്കുന്നവർക്ക് - അരികെ, പ്രതീക്ഷയുടെ പുഞ്ചിരിയുമായി നിൽക്കുന്ന മാലാഖമാരേ നിങ്ങളെ ലോകം നമിക്കട്ടെ.

# ചരിത്രപഥം

### ഉദയംപേരൂർ സുനഹദോസ് കൈക്കൊണ്ട

# വിപ്ലവാത്മകമായ തീരുമാനങ്ങൾ



ഇഗ്നേഷ്യസ് തോമസ്

സഭാനവീകരണവും സമൂഹനവീകരണവും ലക്ഷ്യമാക്കി സുനഹദോസ് നിരവധി തീരുമാനങ്ങളെടുക്കുകയുണ്ടായി. ആരാധനക്രമത്തെ സംബന്ധിച്ച് സീറോ കൽദായക്രമം തുടർന്നും ഉപയോഗിക്കാൻ അനുവാദം നല്കി. എന്നാൽ നെസ്റ്റോറിയൻ അംശങ്ങൾ ഒഴിവാക്കി. കർദ്ദിനാൾ റ്റിസ്സറാന്റ് അഭിപ്രായപ്പെടുന്നതുപോലെ, ആരാധാനക്രമത്തിലെ ലത്തിനീകരണത്തിലേക്ക് ഈ പരിഷ്ക്കരണം വഴിവച്ചു. ആർക്കിദിയോക്കൻ ജോർജ് ഉൾപ്പെടുന്ന സെന്റ്.തോമസ് ക്രിസ്ത്യാനികൾ റോമായിലെ പരമാചാര്യന്റെ സ്ഥാനം വ്യക്തമായി അംഗീകരിക്കാൻ സമ്മതിച്ചു. ബാബിലോൺ പാത്രിയാർക്കുമായുള്ള ബന്ധവും പരിത്യജിക്കുന്നതാണെന്ന് എല്ലാ പ്രതിനിധികളും പ്രതിജ്ഞ എടുത്തു. പാപ്പാ അംഗീകരിച്ച മെത്രാന്മാരെ മാത്രമെ തങ്ങൾ സ്വീകരിക്കുകയുള്ളുവെന്നും പ്രതിനിധികളെക്കൊണ്ട് പ്രഖ്യാപിപ്പിച്ചു. സുനഹദോസിന്റെ മറ്റു ചില പ്രധാന തീരുമാനങ്ങൾ ഇവയാണ്.

ആർച്ചു ഡീക്കൻ സ്ഥാനം ഇല്ലാതാക്കി.
പള്ളി പ്രതിപുരുഷയോഗത്തിന്റെ അധികാരം എടുത്തുമാറ്റി.
വൈദികർക്ക് ബ്രഹ്മചര്യം നിർബന്ധമാക്കി.
വൈദികരുടെയും അൽമായരുടെയും സന്മാർഗ്ഗജീവിതം ഉറപ്പുവരുത്തി.

## സാമൂഹ്യ പരിഷ്ക്കരണ രംഗത്ത് ശ്രദ്ധേയമായ തീരുമാനങ്ങൾ

ബഹുഭാര്യാത്വം തോമാ ക്രിസ്ത്യാനികൾക്കിടയിൽ നിലനിന്നിരുന്നു. മാല്പാൻമാർക്കും കത്തനാർമാർക്കും ഒന്നിലേറെ ഭാര്യമാരുണ്ടായിരുന്നു. ബഹു ഭാര്യാത്വം സുനഹദോസ് കർശനമായി നിരോധിച്ചു.

പൊല്ലാത്ത നാളിൽ (ജാതകദോഷം) പിറക്കുന്ന കുഞ്ഞുങ്ങളെക്കൊല്ലുന്ന അത്യന്തം ക്രൂരമായ രീതി അന്നത്തെ ക്രിസ്ത്യാനികളുടെ ഇടയിൽ നിലനിന്നിരുന്നു സുനഹദോസ് ഈ അനാചാരത്തെ കർശനമായി നിരോധിച്ചു.

ക്രിസ്ത്യാനികളുടെ ഇടയിൽ സർവസാധാരണമായിരുന്ന ശൈശവവിവാഹം നിരോധിക്കുകയും ആൺകുട്ടികൾക്ക് 14 ഉം പെൺകുട്ടികൾക്ക് 12 ഉം വയസ്സായി വിവാഹപ്രായം സുനഹദോസ് നിശ്ചയിക്കുകയും ചെയ്തു.

തീണ്ടലും അയിത്താചരണവും ക്രിസ്തീയതത്വങ്ങൾക്ക് വിരുദ്ധമായതിനാൽ അത്തരം അനാചരണങ്ങൾ നിരോധിച്ചു.

മന്ത്രവാദം കൂടോത്രം ഭാഗ്യദോഷപ്രവചനം എന്നിവയും നിരോധിക്കപ്പെട്ടു.

സ്ത്രീകൾ നഗ്നത പൂർണ്ണമായും മറച്ച് വസ്ത്രാധരണം ചെയ്യണമെന്നും പുരുഷന്മാർ മുണ്ടും മേൽമുണ്ടും ധരിക്കണമെന്നും നിഷ്കർഷിച്ചു. ക്ലെമന്റ് എട്ടാമൻ പാപ്പ സുനഹദോസിനെ 'ഭക്തിസാന്ദ്രം, വിശുദ്ധിയുടെ നിറച്ചാർത്ത്, സർവോപരി രക്ഷാകരം എന്ന് വിശേഷിപ്പിക്കുകയുണ്ടായി. സഭാചരിത്രകാരനായ ഡോ.സേവ്യർ കൂടപ്പുഴ ഇങ്ങനെ പ്രസ്താപിക്കുന്നു, 'സുനഹദോസ് പ്രതീക്ഷക്കതീതമായി വിജയകരമായി പര്യവസാനിക്കുകയും ഇവിടെയുണ്ടായിരുന്ന പല ദുരാചാരങ്ങളെയും ദൂരികരിക്കാൻ കഴിയുകയും ചെയ്തു' എന്ന കാര്യം ആർക്കും വിസ്മരിക്കാൻ ആവുകയില്ലന്നും രേഖപ്പെടുത്തിയിരിക്കുകയും ചെയ്യുന്നു.

## ആർച്ച് ബിഷപ്പ് ഡോ.മെനേസിസ് കേരളത്തിന്റെ യഥാർത്ഥ സാമൂഹ്യനവോത്ഥാന നായകൻ

പുരോഗമനപരവും വിപ്ലവാത്മകവുമായ തീരുമാനങ്ങളിലൂടെ കേരള സമൂഹത്തെ ന

വീകരിക്കുന്നതിന് മാർഗ്ഗദർശനം നൽകിയ ക്രാന്തദർശിയായ നവോത്ഥാന നായകനായിരുന്നു ആർച്ച് ബിഷപ്പ് മെനേസിസ്. സഭാചരിത്രത്തിൽ മാത്രമല്ല കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ നവോത്ഥാന നായകനായി ചരിത്രത്തിൽ ഇടം നേടേണ്ട മഹത് വ്യക്തിത്വത്തിനും അദ്ദേഹം ഉടമയാണ്. കേരള സമൂഹത്തിൽ പ്രത്യേകിച്ച് ക്രൈസ്തവരുടെയിടയിൽ നിലവിലിരുന്ന സാമൂഹ്യ അനാചാരങ്ങളെപറ്റി ആഴത്തിൽ പഠിക്കുകയും ഗ്രഹിക്കുകയും ചെയ്തശേഷം അവയെ നിയമംമൂലം (കാനോനകളിലൂടെ) നിരോധിക്കാനും അദ്ദേഹം പരിശ്രമിച്ചു. മാത്രമല്ല അത്തരം ദുഷിച്ച വ്യവസ്ഥകളെ ഇല്ലായ്മ ചെയ്യാനും അദ്ദേഹം മുൻകൈ എടുത്തു എന്നതിലാണ് മറ്റ് നവോത്ഥാനനായകരിൽ നിന്ന് അദ്ദേഹത്തെ വ്യതിരിക്തനാക്കുന്നത്. അജ്ഞതയുടെ നിഴലുകളകറ്റാൻ സഭയിലും സമൂഹത്തിലും നൂറ്റാണ്ടുകളായി വന്നുകൂടിയ അബദ്ധധാരണകളുടെയും അന്ധവിശ്വാസത്തിന്റെയും കരിനിഴലും അന്ധകാരവുമകറ്റാൻ ധീരതയോടെ ഒരു കെടാവിളക്ക് തെളിക്കുകയായിരുന്നു ആർച്ച് ബിഷപ്പ് അലക്സിസ് മെനേസിസ്. എന്നാൽ അദ്ദേഹത്തിന്റെ ദർശനം ഉൾക്കൊള്ളാത്തവർക്ക് അദ്ദേഹം അനഭിമതനായി. എന്തുകൊണ്ട് നസ്രാണി ക്രിസ്ത്യാനികൾക്ക് അദ്ദേഹം അനഭിമതനായി തീർന്നുവെന്നതിന് ബിഷപ്പ് അലക്സ് വടക്കുംതല നൽകുന്ന വിശദീകരണം ഇപ്രകാരമാണ്. 'തീരുമാനങ്ങളുടെ നടത്തിപ്പും പ്രയോഗവത്ക്കരണവും ശത്രുതതയ്ക്ക് കാരണമായി. ആ പ്രക്രിയയിലുണ്ടായ അതിരുകടന്നു കാർക്കശ്യവും നിർബന്ധബുദ്ധിയും തിടുക്കവും കാര്യങ്ങൾ കൂടുതൽ വഷളാക്കാൻ ഇടയായിട്ടുണ്ടാവുമെന്നതിൽ തർക്കമില്ല.'

സഭയോടുള്ള വിശ്വസ്തത, സ്നേഹം, ആത്മാർത്ഥത, തീക്ഷ്ണമായ പ്രേഷിത ദൗത്യത്തിലുള്ള താല്പര്യം ഇവയെല്ലാംമൂലം വിശ്വാസപ്രമാണങ്ങൾ ശക്തിയുക്തം നടപ്പിലാക്കാൻ നിരവധി മാർഗ്ഗങ്ങൾ അദ്ദേഹം തേടുകയുണ്ടായി. 'അദ്ദേഹത്തിന്റെ സിദ്ധികളും പരിശ്രമങ്ങളും അസാമാന്യമായിരുന്നു. അദ്ദേഹത്തിന്റെ തന്ത്രങ്ങളുടെ ആഴം അഗ്രാഹ്യമായിരുന്നു. പ്രയോഗിക്കപ്പെടുന്ന ആയുധം ഒന്നു പിഴക്കുമ്പോൾ തൊട്ടടുത്ത് വേറൊന്ന് പ്രയോഗിക്കും. ജനങ്ങളെ അധികാരത്താൽ കീഴടക്കാനാവാതെ വരുമ്പോൾ അവരുടെ ഭാവനകളെ ഉണർത്തി വശീകരിക്കും. സാവധാനം ഓരോ ദേവാലയത്തെയും ജനങ്ങളെയും തന്റെ ആജ്ഞാശക്തിയാൽ വരുതിയിലാക്കും. ധാരാളം ആക്രമണങ്ങളെയും എതിർപ്പുകളെയും നേരിട്ടുകൊണ്ടാണ് അദ്ദേഹം മുന്നേറിയത് തീരുമാനങ്ങളെടുക്കുവാനും അതു കൃത്യമായി നടപ്പിലാക്കാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരമായിരുന്നു. സുനഹദോസ് വിളിച്ചു കൂട്ടുന്നതിന്റെ നിയമസാധുത ചോദ്യം ചെയ്തും മുന്നോട്ടുള്ള സംഘാടനത്തിനും പ്രവർത്തനങ്ങൾക്കും വിഘ്നങ്ങൾ വരുത്തിയ ആർച്ച്ഡീക്കൻ ജോർജിനെയും അനുചരന്മാരെയും നിയന്ത്രിക്കുന്നതിന് കൊച്ചി രാജാവിന്റെയും പ്രാദേശിക ഭരണകർത്താക്കളുടെയും സഹായം തേടിക്കൊണ്ട് സുനഹദോസ് വിളിച്ചു ചേർക്കുന്ന നടപടികളുമായി അദ്ദേഹം മുന്നോട്ടു പോയി.

**ജാതിവ്യവസ്ഥക്കും അന്ധവിശ്വാസങ്ങൾക്കും സാമൂഹ്യതിന്മകൾക്കുമെതിരെ സമൂഹമനസാക്ഷി ഉണർത്തിക്കൊണ്ട് അത്തരം തിന്മകളെ ഉന്മൂലനം ചെയ്യാനും നിയമം വഴി സമൂഹത്തിൽ ശുദ്ധികലശം വരുത്താനുമാണ് സുനഹദോസ് സംഘാടകനും അദ്ധ്യക്ഷനുമായിരുന്ന ഡോ.മെനേസിസ് പരിശ്രമിച്ചത്. 'ഉദയംപേരൂർ സുനഹദോസ് വഴി ഡോ.മെനേസിസ് മെത്രാപ്പോലീത്ത ചെയ്ത സേവനങ്ങളെ മലങ്കര സഭ എല്ലാ കാലങ്ങളിലും കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണ്.**

ജാതിവ്യവസ്ഥക്കും അന്ധവിശ്വാസങ്ങൾക്കും സാമൂഹ്യതിന്മകൾക്കുമെതിരെ സമൂഹമനസാക്ഷി ഉണർത്തിക്കൊണ്ട് അത്തരം തിന്മകളെ ഉന്മൂലനം ചെയ്യാനും നിയമം വഴി സമൂഹത്തിൽ ശുദ്ധികലശം വരുത്താനുമാണ് സുനഹദോസ് സംഘാടകനും അദ്ധ്യക്ഷനുമായിരുന്ന ഡോ.മെനേസിസ് പരിശ്രമിച്ചത്. 'ഉദയംപേരൂർ സുനഹദോസ് വഴി ഡോ.മെനേസിസ് മെത്രാപ്പോലീത്ത ചെയ്ത സേവനങ്ങളെ മലങ്കര സഭ എല്ലാ കാലങ്ങളിലും കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണ്. അനേകം തെറ്റുകൾ തിരുത്തപ്പെടേണ്ടതായിട്ടുണ്ടായിരുന്നു. അനേകം ആചാരങ്ങൾ നിർമ്മാർജ്ജനം ചെയ്യപ്പെടേണ്ടതായിട്ടുണ്ടായിരുന്നു.

കേരളത്തിലെ സാമൂഹ്യ സാമ്പത്തിക പരിഷ്കരണത്തിന് തുടക്കം കുറിച്ച സംരംഭമായിരുന്നു ഉദയംപേരൂർ സുനഹദോസ്. സാമ്പത്തിക ഭദ്രതയ്ക്കും സുസ്ഥിതിയ്ക്കും ഭീഷണി ഉയർത്തിയിരുന്ന മദ്യപാനത്തിനെതിരായി സെഷൻ IX ഡിക്രി 18ൽ പരാമർശിക്കുന്നുണ്ട്. ചാരായം വീര്യം കൂട്ടി ഉണ്ടാക്കാനും വില്ക്കാനും പാടില്ലന്നും അമിതമായി മദ്യപിക്കുന്നത് വിലക്കിക്കൊണ്ടുമുള്ള നിയമം ഉൾപ്പെടുത്തിയതും മെനേസിസ് മെത്രാപ്പോലീത്തയുടെ സാമൂഹ്യവീക്ഷണത്തിന്റെ സൂക്ഷ്മതയും ഉത്തരവാദിത്വവും വെളിപ്പെടുത്തുന്നു. കള്ള തൂക്കവും കള്ള അളവുകളും പാടില്ലെന്നും മര്യാദപലിശ മാത്രമെ ഈടാക്കാവുവെന്നും പിഴപലിശ ഈടാക്കാൻ പാടില്ലന്നും കാനോനകൾ നിഷ്ക്കർഷിക്കുന്നു. മാതാപിതാക്കളുടെ സ്വത്തിന് ആൺമക്കൾക്കും പെൺമക്കൾക്കും തുല്യ അവകാശവും വ്യാജമരണപത്രങ്ങൾ ഉണ്ടാക്കുന്നതിനെതിരെയും വ്യവഹാരങ്ങൾ മെത്രാന്റെ തീർപ്പനുസരിച്ച് പരിഹാരം കാണണമെന്നും നിഷ്ക്കർഷിക്കുന്നു. ഇത്തരത്തിൽ സാമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ഠിതമായ കല്പനകൾ ജാതി വ്യവസ്ഥക്ക് അറുതിവരുത്തുന്നതിനും ശ്രീനാരായണഗുരുവും, ചട്ടമ്പിസ്വാമിയും മറ്റു പുരോഗമനപ്രസ്ഥാനങ്ങളും രംഗത്തിറങ്ങുന്നതിന് മുമ്പെ സാമൂഹിക പരിഷ്കരണ നടപടികൾ വിപ്ലവാത്മകമായി അവതരിപ്പിച്ച് നടപ്പിലാക്കിയത് ആർച്ച് ബിഷപ്പ് മെനേസിസ് ആണെന്ന് നിസ്സംശയം പറയാം.

കേരളം വിസ്മരിച്ചുപോയ ആ മഹാരഥന്റെ ഓർമ്മകൾക്ക് മുമ്പിൽ പ്രണാമം അർപ്പിക്കാം. അദ്ദേഹത്തിന്റെ ധീരനേതൃത്വവും ദീർഘവീക്ഷണവും സംഘാടകപാടവവും സഭാസേവനവും എല്ലാ സഭാസ്നേഹികളെയും എന്നും ആവേശഭരിതരാക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യും. ■

# അസാധാരണമായ പെൺപോരാട്ടം




'ആ ഒച്ച എന്താണെന്ന് എനിക്കറിയാം' കോർത്തോ മുത്തശ്ശിയുടെ ഭർത്താവ് പറഞ്ഞു, അദ്ദേഹം ഇരുന്നിടത്ത് ഉറഞ്ഞുപോയി. വിമതർ ഇവിടെ എത്തിയിരിക്കുന്നു.'ഫൂം ,ഫൂം. ഒരു പൊട്ടിത്തെറി ബൂം! വീണ്ടും ഫൂം, ഫൂം, കട്ടിയുള്ള പ്രതലത്തിൽ എന്തോ ചെന്നിടിക്കുന്നതുപോലെ. കുട്ടികൾ പുറത്ത് കളിക്കുകയാണ്! ഞാൻ പുറത്തേയ്ക്കോടി മാലയുടെ നാലുവയസ്സുകാരനെ ബലമായി പിടിച്ചുവലിച്ചു. അവളുടെ മൂന്നുവയസ്സുകാരി അപ്പോൾ മണലിൽ നിന്നെണിക്കുകയും വീടിനുനേരെ ഓടുകയും ചെയ്തു. കോർത്തോ മുത്തശ്ശിയും എറ്റവുമിഷ്ടമുള്ള പേരക്കുട്ടിയുമെടുത്ത് ഉമ്മറത്തെത്തി. ഞൊടിയിടയിൽ എല്ലാവരും വാതിലിന്റെ മറയ്ക്കുള്ളിലായി. അമ്മായിമാരിലൊരാൾ പേടിച്ചലറി: 'അത് ദുഷ്ടത്തരമാണ്'. അവശ്വസനീയമായ ആ കാഴ്ചകണ്ട് ഞാൻ സ്തംഭിച്ചുപോയി. അങ്ങനെ ആ നിമിഷം അവസാനിച്ചു. ഒച്ച നിലച്ചു. ആരും അതിലൂടെ കടന്നുപോയില്ല. അതുകൊണ്ടുതന്നെ ആരാണ് വെടിവച്ചതെന്ന് ഞങ്ങളറിഞ്ഞില്ല. ദിവസത്തിന്റെ ശേഷിച്ച നേരം മുഴുവൻ ഞങ്ങൾ വീടിനകത്ത് കഴിച്ചുകൂട്ടി. അഞ്ച് മണിയായപ്പോൾ ഞാൻ കണ്ണുകളടയ്ക്കുകയും പ്രധാന നിരത്തിൽ കാറുകൾ നീങ്ങുന്ന ശബ്ദം കേൾക്കുന്നതായി സങ്കൽപ്പിക്കുയും ചെയ്തു. എന്റെ അച്ഛനമ്മമാരും വീട്ടിലേയ്ക്ക് വരും. എല്ലാം വെറും പേടിപ്പിക്കൽ മാത്രമായിരുന്നെന്ന് റേഡിയോ പറയും....

## അസാധരണമായ പെൺപോരാട്ടം
– ലെയ്മാ ബോവി

എന്റെ അനുഭവത്തിൽ വായന നൽകുന്ന ജീവിതക്കാഴ്ചകൾക്ക് പകരം വെക്കാനായി മറ്റൊന്നിനും ആയിട്ടില്ല. എത്ര ആധുനികമായ സംവിധാനങ്ങൾ ആകട്ടെ, പ്രണയം ആകട്ടേ അങ്ങനെയൊന്നിനും കഴിഞ്ഞിട്ടില്ല. ആ വായനയിൽ തന്നെ ആത്മകഥകൾ അതും പെൺജീവിത വായനയാണെങ്കിൽ ഒരു പരകായ പ്രവേശമാണ്. ആത്മകഥകൾ അമിതമായി വായിക്കുന്നതും ഇഷ്ടപ്പെടുന്നതും ഒരു തരം മനോരോഗമാണെന്ന് എവിടെയോ വായിച്ചതായി ഓർക്കുന്നു. അങ്ങനെയെങ്കിൽ എന്റെ ആ രോഗാവസ്ഥ വളരെ ഗുരുതരമാണ്. ഇന്നുവരെ ഏകദേശം ഇരുന്നൂറോളം പുസ്തകങ്ങൾ ആത്മകഥകളും



ജോയിഷ് ജോസ്

ജീവചരിത്രങ്ങളുമായി മാത്രം വായിച്ചു. അല്ലത്തവ എകദേശം എഴുന്നൂറോളവും.

അജ്ഞാതമായ രാജ്യങ്ങളിലൂടെ അജ്ഞാതമായ സംസ്കാരങ്ങളും ജീവിതവും ഉൾക്കൊണ്ട് അജ്ഞാതവും അപ്രാപ്യവുമായ വികാരങ്ങളും ആവാഹിച്ച് ജീവിതങ്ങളിലൂടെ ഒരു യാത്ര. പലപ്പോഴും ഇങ്ങനെ സ്വന്തമാക്കിയ തീക്ഷ്ണമായ അനുഭവങ്ങളാണ് ശരിയായ ജീവിത വീക്ഷണവും സമൂഹിക ബോധവും പ്രതികരണശേഷിയും ഉണ്ടാക്കി തന്നതും. അത്തരമൊരു വായനയാണ് ലെയ്മ ബോവിയുടെ "അസാധാരണമായ പെൺ പോരാട്ടവും" പകർന്ന് തന്നത്. ഈ പുസ്തകം നിങ്ങളുടെ ലോകത്തോടുള്ള കാഴ്ചപ്പാടുകളെ മാറ്റുകയും പുതിയ ഒരുണർവ്വിലേയ്ക്കും പുതുബോധത്തിലേയും നയിക്കുകയും ചെയ്യും തീർച്ച.

'സമാധാനത്തിന്റെ അമ്മ' എന്നറിയപ്പെടുന്ന ലൈബീരിയൻ സ്ത്രീ സമര നായിക ലെയ്മാ ബോവിയുടെ ഓർമ്മക്കുറിപ്പുകളാണ് ഈ പുസ്തകം.

ആഭ്യന്തര യുദ്ധം തളർത്തിയ ലൈബീരിയയുടെ സമാധാനത്തിനുവേണ്ടിയും സ്ത്രീകളുടെ അവകാശത്തിനുവേണ്ടിയും പ്രവർത്തിക്കുന്ന മുന്നണി പോരാളിയാണ് ലെയ്മാ ബോവി. ഗാർഹിക പീഡനത്തിന്റെ ഇര കൂടിയായ ലെയ്മ, സമാധാന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും പ്രതിസന്ധികളിൽ തളരാതെ ജീവിതത്തെ മുന്നോട്ടു നയിക്കുകയും ചെയ്തു. ലൈബീരിയ അടക്കമുള്ള രാജ്യങ്ങളിലെ സംഘർഷമേഖലകളിലെ പ്രധാന ഇരകളായ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ലെയ്മ നടത്തുന്ന പോരാട്ടങ്ങളുടെ ചരിത്ര രേഖയാണീ ഗ്രന്ഥം.

ആഭ്യന്തര യുദ്ധകാലത്ത് കൂലിപ്പട്ടാളവും നിരവധി സ്ത്രീകളെ ലൈബീരിയയിൽ അപമാനിക്കുകയുണ്ടായി. മാനം കാക്കാൻ അവർ വനിതകളെ അണിനിരത്തി തെരുവ് പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. നിഷ്ഠൂരരായ ഭരണാധികാരികളുടെയും യുദ്ധപ്രഭുക്കളുടെയും യുദ്ധവെറി കണ്ട് മടുത്ത് ലെയ്മാ ബോവി ലൈബീരിയയിലെ ഒരു പെണ്ണും കലാപം അവസാനിക്കുന്നതുവരെ പങ്കാളിക്കൊപ്പം കിടക്ക പങ്കിടില്ലെന്ന തീരുമാനത്തിലെത്തുന്നതും അവരുടെ വേറിട്ട സമര രീതിക്ക് ലഭിച്ച വ്യാപകമായ അംഗീകാരവും ഗ്രന്ഥത്തിൽ വിവരിക്കുന്നു. സ്ത്രീകളുടെ സുരക്ഷയ്ക്കുവേണ്ടിയും സമാധാനപ്രവർത്തനങ്ങളിൽ സമ്പൂർണ്ണമായി പങ്കെടുക്കുവാനുള്ള സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയും അക്രമരഹിതമായ മാർഗ്ഗങ്ങളിലൂടെ പോരാടിയതിന് 2011ലെ നൊബേൽ സമാധാന പുരസ്കാരത്തിന് ലെയ്മാ ബോവി തെരഞ്ഞെടുക്കപ്പെട്ടു.

എത്രമോശപ്പെട്ട കാലത്തും മനുഷ്യത്വത്തിന്റെ ഏറ്റവും ഉത്കൃഷ്ട മാതൃകകൾക്ക് തിളക്കമുള്ളതായിത്തീരാൻ കഴിയും എന്ന് ഈ പുസ്തകം ഓർമ്മിപ്പിക്കുന്നുവെന്ന് 1984ലെ നൊബേൽ പുരസ്കാര ജേതാവ് ആർച്ച് ബിഷപ്പ് ഡസ്മണ്ട് ടുട്ടു. മാനവികതയുടെ ഏറ്റവും ദുഷിച്ച മുഖത്തിനു സാക്ഷിയായവളാണ് ലെയ്മ. അവർ ലൈബീരിയയെ അതിന്റെ ഇരുണ്ട കാലത്തുനിന്നു പുറത്തുകൊണ്ടുവന്നു എന്നും സ്ത്രീശക്തിയുടെയും കരുത്തിന്റെയും തെളിവായി ചരിത്രത്തിൽ ഇടംനേടിയിട്ടുള്ളതാണ് അവരുടെ ഈ ഓർമ്മപുസ്തകമെന്നും ലൈബീരിയൻ പ്രസിഡന്റും 2011 ലെ നൊബേൽ പുരസ്കാര ജോതാവമായ എല്ലൻ ജോൺസൺസർലീഫ് അഭിപ്രായപ്പെടുന്നു.

*പുസ്തകം:*
**അസാധാരണമായ പെൺപോരാട്ടം**
*ആത്മകഥ:*
**ലെയ്മാ ബോവി**
*പരിഭാഷ:* കബനി

കഥ

# ചിരിക്കളി



**ഞാ**ൻ എന്റെ സഹോദരിയോട് പറഞ്ഞു, അല്ലെങ്കിൽ അവളെന്നോട് പറഞ്ഞു, വാ നമുക്ക് ചിരികളിക്കാം. ഞങ്ങൾ ഒരു കിടക്കയിൽ അടുത്തടുത്ത് കിടന്നു. എന്നിട്ട് തുടങ്ങി. അതെ, തീർച്ചയായും ഇല്ലാത്തത് ഉണ്ടെന്ന് നടിച്ചുകൊണ്ട് ചിരിക്കാൻ കഴിയുന്ന ചിരി. ചിരി അത്രത്തോളം ചിരിക്കാനാവുന്നതുകൊണ്ട് അത് നമ്മളെ ചിരിപ്പിക്കുന്നു. എന്നിട്ട് അത് വളരുന്നു. യഥാർഥ ചിരി. പൂർണമായ ചിരി, അത്, അതിന്റെ ബൃഹത്തായ അലകളിലേക്ക് നമ്മെ കൊണ്ടുപോകുന്നു. ആവർത്തിച്ചുള്ളത്, തിരക്കിട്ടത്, പിന്നെ, കെട്ടഴിച്ചുവിട്ട ചിരിയുടെ പൊട്ടിച്ചിതറലുകൾ... ഗംഭീരമായ ചിരി, സമൃദ്ധവും ഭ്രാന്തവുമായത്.

.... നാം ചിരിക്കുന്നു.


നമ്മുടെ ചിരി ചിരിയുടെ അനന്തതയിലേക്ക്...

ഓ, ചിരിയേ!

വൈകാരികാനന്ദത്തിന്റെ ചിരി, ചിരിയുടെ വൈകാരികാനന്ദം... ചിരിക്കുന്നത് അഗാധമായി ജീവിക്കലാണ്.

*ആനി ലെക്ലെർക്: ഫ്രഞ്ച് എഴുത്തുകാരിയും ഫിലോസഫറും.*

*പ്രധാനകൃതികൾ: The North Bridge, Woman's word*



**ആനി ലെക്ലെർക്**




# സിസ്റ്റർ റാണി മരിയയുടെ ജീവിതം അഭ്രപാളിയിൽ പകർത്തിയ ഡോ. ഷെയ്സന് ജോൺ പോൾ അവാർഡ്



കൊച്ചി: വാഴ്ത്തപ്പെട്ട രക്തസാക്ഷി സിസ്റ്റർ റാണി മരിയയുടെ അസാധാരണ ജീവിതത്തിന്റെ നേർക്കാഴ്ചകൾ അഭ്രപാളിയിൽ പകർത്തിയ 'ദ ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലെസ്' സിനിമയുടെ സംവിധായകൻ ഡോ. ഷെയ്സൺ പി ഔസേപ്പിന് കെസിബിസി മീഡിയ കമ്മീഷൻ നൽകുന്ന നവാഗത ചലച്ചിത്ര പ്രതിഭയ്ക്കുള്ള ജോൺപോൾ അവാർഡ്.

തിരക്കഥാകൃത്ത് ജോൺ പോളിന്റെ ഓർമയ്ക്കായി കെസിബിസി മീഡിയ കമ്മീഷൻ ഏർപ്പെടുത്തിയതാണ് ഈ അവാർഡ്. 2023 ൽ പുറത്തിറങ്ങിയ ദി ഫേസ് ഓഫ് ദി ഫേസ്‌ലെസ് 2024ലെ ഓസ്കാർ നോമിനേഷൻ നേടിയിരുന്നു. ഇന്റർനാഷണൽ കാത്തലിക് വിഷൽ മീഡിയ ഗോൾഡൻ അവാർഡ് 2024 ഉൾപ്പെടെ 55 ൽ അധികം പുരസ്കാരങ്ങൾ ഇതിനോടകം ഈ സിനിമ നേടിക്കഴിഞ്ഞു. ഡോ. ഷെയ്സൺ പി ഔസേപ്പ് മുംബൈ സെന്റ് സേവിയേഴ്സ് കോളേജ് ഫിലിം ആൻഡ് ടെലിവിഷൻ വിഭാഗം ഡീനാണ്. മെയ് 24 ന് നടക്കുന്ന ചടങ്ങിൽ കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പാംപ്ലാനി അവാർഡ് സമ്മാനിക്കുമെന്ന് കെസിബിസി മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ. എബ്രഹാം ഇരിമ്പിനിക്കൽ അറിയിച്ചു.

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ലിറ്റൽ ഫ്ളവർ കോൺഫെറൻസിന്റെ രജതജൂബിലി വാർഷികം 2024




വെള്ളയമ്പലം: വെള്ളയമ്പലം ഇടവകയോട് ചേർന്ന് പ്രവർത്തിക്കുന്ന സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ലിറ്റൽ ഫ്ളവർ കോൺഫെറൻസിന്റെ രജതജൂബിലി വാർഷികം 2024 ഏപ്രിൽ 14 ശനിയാഴ്ച രാവിലെ 8:00 ന് വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ പാരിഷ് ഹാളിൽ വെച്ച് ആഘോഷിച്ചു. വെള്ളയമ്പലം ഇടവക വികാരി ഫാ. മൈക്കിൾ തോമസ്, ഫാ. അരുൺ രാജ് മാനുവൽ OFM, ബ്രദർ. ഫ്രാൻസിസ് (CC president), ബ്രദർ. ഡയനീഷ്യസ് പെരേര (CC vice pre-sident), ബ്രദർ. ലോറൻസ് (CC secretary) & ബ്രദർ. ബെനഡിക്റ്റ് രാജ് (AC vice president) എന്നിവർ പങ്കെടുത്തു. ദത്തു കുടുംബങ്ങൾക്കും വിദ്യാർത്ഥികൾക്കും സഹായവിതരണം നടത്തി.

# ഫിഗോ ഷാരോൺ ദേശീയ ചാമ്പ്യൻഷിപ്പിനുള്ള തമിഴ്നാട് സബ് ജൂനിയർ ഫുട്ബോൾ ടീമിൽ



കഴക്കൂട്ടം: ലിഫയുടെ അണ്ടർ 15 ക്യാപ്റ്റൻ ഫിഗോ ഷാരോൺ തമിഴ്നാട് സബ് ജൂനിയർ ഫുട്ബോൾ ടീമിൽ. ആന്ധ്രാപ്രദേശിൽ നടക്കുന്ന 2023–24 ദേശീയ ചാമ്പ്യൻഷിപ്പ് മത്സരത്തിലാണ് തമിഴ്നാടിനെ പ്രതിനിധീകരിച്ച് സബ്ജൂനിയർ ഫുട്ബാൾ ടീമിൽ കളിക്കുന്നത്. നിലവിൽ ലിഫ അണ്ടർ 15 ടീമിന്റെ ക്യാപ്റ്റനാണ് ഫിഗോ. വള്ളവിള സ്വദേശിയായ ഫിഗോ ലിഫയിൽ നിന്നും ലഭിച്ച പരിശീലനത്തിൽ നിന്നാണ് ഫുട്ബാളിന്റെ ഉയരങ്ങളില്ക്ക് കയറുന്നത്. സെന്റർ മിഡ് ഫീൽഡിൽ സ്ഥിരതയാർന്ന പ്രകടനം നടത്തുന്ന ഫിഗോ അണ്ടർ 15 വിഭാഗത്തിലെ LiFFA ടീമിലെ സ്ഥിരം സാന്നിധ്യമാണ്. 2023 ൽ നടന്ന സുബ്രതോ കപ്പ് കേരള സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ നേടാൻ ഫിഗോ ഷാരോണിന്റെ മികച്ച പ്രകടനങ്ങൾ അണ്ടർ14 ടീമിനെ സഹായിച്ചിരുന്നു. തീരദേശത്തിൽ നിന്നും കാല്പന്തുകളിയിൽ പ്രതിഭകളെ വളർത്തിയെടുക്കാൻ ലിഫ എന്നും പ്രതിജ്ഞാബദ്ധമാണെന്ന് ലിഫ ഭാരവാഹികൾ പറഞ്ഞു.

# ‘വേനൽ മഴ‘ ചൈൽഡ് പാർലമെന്റ് കുട്ടികൾക്കായി അവധിക്കാല ജീവിതദർശന ക്യാമ്പ് ഒരുക്കി വലിയതുറ ഫൊറോന





വലിയതോപ്പ്: വേനലവധിക്കാലം ഉല്ലാസഭരിതമാകാനും ഭാവിജീവിതത്തെക്കുറിച്ച് ഉൾക്കാഴ്ച നല്കാനും സഹായിക്കുന്ന ജീവിതദർശന ക്യാമ്പ് ഒരുക്കി സാമൂഹ്യ ശുശ്രൂഷ വലിയതുറ ഫൊറോന. ‘വേനൽ മഴ’ എന്ന പേരിൽ നടത്തുന്ന ക്യാമ്പ് വലിയതോപ്പ് സെന്റ്. റോക്സ് സ്കൂളിൽ ഏപ്രിൽ 22 തിങ്കളാഴ്ച ആരംഭിച്ചു. അതിരൂപത സാമൂഹ്യ ശുശ്രൂഷ ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ അതിരൂപത കോഡിനേറ്റർ ശ്രീമതി രമ്യ ജോസ് ആമുഖ സന്ദേശം നല്കി. ഫോറോന സ്ത്രീ കോൺഫറൻസ് പ്രസിഡന്റ് ബ്രദർ ജസ്റ്റിൻ ലൂയിസ്, ശിശു സമിതിയംഗം ശ്രീമതി ദീപ്തി, വോളണ്ടിയർ ശ്രീമതി അനു എന്നിവർ ആശംസകളർപ്പിച്ചു.

‘വേനൽ മഴ‘ എന്ന പേരിനെ അന്വർത്ഥമാക്കുംവിധം കുട്ടികളിലെ സർഗ്ഗശേഷി വളർത്താനുതകുന്ന കളികളും കഥകളുമുൾപ്പെടെ ഒത്തിരി പരിപാടികളാണ് ക്യാമ്പിൽ ഒരുക്കിയിരിക്കുന്നത്. ഏപ്രിൽ 24 ന് സമാപിക്കുന്ന ക്യാമ്പിൽ ഫൺ ആൻഡ് ക്രിയേറ്റിവ് ആക്ഷൻ പ്രോഗ്രാം, മെഡിറ്റേഷൻ, ജീവിത നൈപുണ്യ വികസന പരിശീലനം, വിവിധ തൊഴിലുകളെ കുറിച്ചുള്ള അവബോധനം, കൗൺസിലിംഗ്, സംവാദം തുടങ്ങിയ വിപുലമായജീവിത ദർശന പരിപാടികളാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് ആനിമേറ്റർ ശ്രീമതി ഷീജ വ്യക്തമാക്കി.

# റഷ്യൻ യുക്രൈൻ മേഖലകളിൽ തോഴിലന്വേഷിക്കുന്നവർ ജാഗ്രത പാലിക്കണം: നോർക്ക റൂട്ട്സ്

തിരുവനന്തപുരം: സംഘർഷം നിലനിൽക്കുന്ന റഷ്യൻ, യുക്രൈൻ മേഖലകളിലേക്ക് തോഴിലന്വേഷിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് തിരുവനന്തപുരം പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസും നോർക്ക റൂട്ട്സ് അധികൃതരും അറിയിച്ചു. ഈ മേഖലകളിലേക്ക് ഇടനിലക്കാർ വഴി തൊഴിൽ വാഗ്ദാനം ലഭിച്ച് പോയ ചിലർ തട്ടിപ്പിനിരയായ പശ്ചാത്തലത്തിലാണ് അറിയിപ്പ്.



വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളുടേയും ഇടനിലക്കാരുടേയും വാഗ്ദാനങ്ങളിൽ വീഴരുത്. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ ലൈസൻസുള്ള അംഗീകൃത ഏജൻസികൾ വഴി മാത്രമേ വിദേശ തൊഴിൽ കുടിയേറ്റത്തിന് ശ്രമിക്കാവൂ. ഓഫർ ലെറ്ററിൽ പറഞ്ഞിരിക്കുന്ന ജോലി, ശമ്പളം മറ്റാനുകൂല്യങ്ങൾ എല്ലാം പൂർണമായും വിശ്വാസയോഗ്യമാണെന്ന് ഉറപ്പ് വരുത്തണം. ജോലിക്കായി വിസിറ്റ് വിസയിലൂടെ വിദേശത്തേക്ക് പോകുന്നത് ഒഴിവാക്കണം. വിദേശ തൊഴിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് പരാതികൾ spnri.pol@kerala.gov.in, dyspnri.pol@kerala.gov.in എന്നീ ഇമെയിലുകൾ വഴിയും, 04712721547 എന്ന ഹെൽപ്പ്ലൈൻ നമ്പറിലും അറിയിക്കാവുന്നതാണ്.

# പേട്ട ഫൊറോനയിൽ സാമൂഹ്യ ശുശ്രൂഷ സമിതിയുടെ വാർഷികാഘോഷം നടന്നു



പുഷ്പഗിരി: പേട്ട ഫെറോന സാമൂഹ്യ ശുശ്രൂഷ സമിതിയുടെ വാർഷിക സംഗമം പുഷ്പഗിരി ഇടവകയിൽ ഏപ്രിൽ 21 ഞായറാഴ്ച നടന്നു. വാർഷികാഘോഷം അതിരൂപത സാമൂഹ്യ ശുശ്രൂഷ ഡയറക്ടർ ഫാ. ആഷ് ലിൻ ജോസ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിൽ ഫൊറോനയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ഇടവകയ്ക്കുള്ള ക്യാഷ് അവാർഡ് മുട്ടട ഇടവക പ്രതിനിധികൾ ഏറ്റുവാങ്ങി. സ്വയം സഹായ സംഘങ്ങൾക്കുള്ള സമ്മാനവിതരണവും നടന്നു.

ഫൊറോന വികാരി ഫാ. റോബിൻസൺ, സാമൂഹ്യ ശുശ്രൂഷ കോർഡിനേറ്റർ ഫാ. പോൾ തോമസ്, വാർഡ് കൗൺസിലർ ശ്രീ അജിത് കുമാർ, അതിരൂപത കോഡിനേറ്റേഴ്സ് ശ്രീമതി ലീജ സ്റ്റീഫൻ, ശ്രീമതി നിഷ പ്രതീഷ്, ഫെറോന സാമൂഹ്യ ശുശ്രൂഷ സമിതി സെക്രട്ടറി ശ്രീ. ഹ്യൂബർട്ട്, SHG പ്രസിഡന്റ് ശ്രീമതി മേരി ട്രീസാ, KLM പ്രസിഡന്റ് ശ്രീ. ബാബു എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ട്രഷറർ ശ്രീ. ബിനോയ് മൈക്കിൽ, വിവിധ ഇടവകകളിലെ സാമൂഹ്യ ശുശ്രൂഷ കൺവീനർമാർ തുടങ്ങിയവർ പരിപാടിയിൽ സന്നിഹിതരായിരുന്നു. ചൈൽഡ് പാർലമെന്റ് കുട്ടികളും വിവിധ സമിതികളും ചേർന്ന് നടത്തിയ കൾച്ചറൽ പ്രോഗ്രാം വാർഷിക സംഗമത്തിനു മിഴിവേകി.

# സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തി



വെള്ളയമ്പലം: 2023-24 അധ്യായന വർഷത്തെ സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തി. അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷയ്ക്ക് കീഴിൽ 2023 ജൂൺ മാസമാണ് ഈ അധ്യായന വർഷത്തെ സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് ആരംഭിച്ചത്. അതിരൂപതയിലെ എട്ട് ഫെറോനകളിൽ നിന്നും എട്ടു മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള 74 വിദ്യാർത്ഥികൾ ഒരു വർഷം നീണ്ടു നിന്ന ഫൗണ്ടേഷൻ കോഴ്സിൽ ഓഫ്‌ലൈൻ ഓൺലൈൻ ക്ലാസുകളിലൂടെ പരിശീലനം നേടി. ഈ വിദ്യാർത്ഥികൾക്കാണ് ഏപ്രിൽ 20 ശനിയാഴ്ച രാവിലെ 10 മണിക്ക് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് പരീക്ഷ നടത്തിയത്. ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, പൊളിറ്റിക്കൽ സയൻസ് എന്നീ വിഷയങ്ങളെ ആസ്പദമാക്കി നടന്ന പരീക്ഷയിൽ 43 കുട്ടികൾ പങ്കെടുത്തു. വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. സജു റോൾഡൺ, ആർസി സ്കൂൾ കോർപ്പറേറ്റ് മാനേജർ ഫാ. ഡൈസൺ, ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.



# ‘ക്രിസ്തുവിനോട് അനുരൂപരായ വൈദികരാകുക’: നല്ലഇടയൻ ഞായറിൽ ഫ്രാൻസിസ് പാപ്പ

വത്തിക്കാൻ: നല്ല ഇടയനായ യേശുവിനോട് അനുരൂപരാകുന്നതിനുള്ള പ്രക്രിയയിൽ വൈദികാർത്ഥികൾ ആത്മീയ ജീവിതം, പഠനം, കൂട്ടായ ജീവിതം അപ്പസ്തോലിക പ്രവർത്തനം എന്നീ ചതുർമാനങ്ങളിൽ ശ്രദ്ധിക്കണമെന്ന് ഫ്രാൻസിസ് പാപ്പ. സ്പെയിനിലെ സെവില്ലെയിലെ ‘റെദെംപ്തോറിസ് മാത്തെർ‘ അതിരൂപതാ സെമിനാരിയിൽ നിന്ന് അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ്പ് ഹൊസേ ആഞ്ചെൽ സായിസ് മെനേസെസിന്റെ നേതൃത്വത്തിൽ എത്തിയ വൈദികാർഥികളും വൈദികപരിശീലകരുമുൾപ്പടെയുള്ള നാല്പതോളം പേരുടെ സംഘത്തെ വത്തിക്കാനിൽ സ്വീകരിച്ച് സംബോധന ചെയ്യുകയായിരുന്നു ഫ്രാൻസിസ് പാപ്പ.

# പുതുക്കുറിച്ചി ഫൊറോനയിൽ ചൈൽഡ് പാർലമെന്റ് കുട്ടികൾക്കായി ത്രിദിന സമ്മർ ക്യാമ്പ് സംഘടിപ്പിച്ചു



വെട്ടുകാട്: വേനൽക്കാലം ഫലപ്രദമാക്കുവാനും, സാമൂഹിക ചുറ്റുപാടുകളെക്കുറിച്ച് ബോധവത്കരിക്കുന്നതിനും, ലക്ഷ്യം നേടുന്നതുവരെയും പൊരുതുവാനും കുട്ടികളെ പ്രാപ്തരാക്കാൻ സഹായിക്കുന്ന സമ്മർ ക്യാമ്പ് പുതുക്കുറിച്ചി ഫൊറോനയിൽ ചൈൽഡ് പാർലമെന്റ് കുട്ടികൾക്കായി നടത്തി. സെന്റ്. ഡൊമനിക് വെട്ടുകാട് പാരിഷ് ഹാളിലാണ് മൂന്നു ദിവസത്തെ ക്യാമ്പ് നടന്നത്. സാമൂഹിക വിശകലനം, നാം നമ്മെത്തന്നെ കണ്ടെത്തുക, നേതൃത്വ പരിശീലനം, ആശയവിനിമയം, പ്രസംഗ മത്സരം, ലഹരി, കൗമാരക്കാരുടെ മാനസികാരോഗ്യം, കുട്ടികളുടെ സുരക്ഷ, തൊഴിൽ പരിശീലനം, അതിരൂപതയിലെ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ  എന്നിവയായിരുന്നു പ്രധാന വിഷയങ്ങൾ. സാമൂഹ്യ ശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സ്റ്റാലിൻ ഫർണ്ണാണ്ടസ് സമ്മർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സാമൂഹ്യ ശുശ്രൂഷ ഫൊറോന കോഓർഡിനേറ്റർ ഫാ. പോൾ ജി സമാപന സന്ദേശം നല്കി.

# ദാരിദ്ര്യം അനുഭവിക്കുന്നവർക്ക് കുട്ടികളുടെ നേതൃത്വത്തിൽ ഭക്ഷണം വിതരണം ചെയ്ത് അരയതുരുത്തി ഇടവക



അരയതുരുത്തി: കുട്ടികളിൽ ഉപവിയുടെയും കൂട്ടായ്മയുടെയും പുണ്യങ്ങൾ വളർത്തുകയെന്ന ലക്ഷ്യത്തോടെ അരയതുരുത്തി ഇടവകയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർക്ക് കുട്ടികളുടെ നേതൃത്വത്തിൽ ഭക്ഷണം വിതരണം ചെയ്തു. ഇടവകയിലെ വിദ്യാഭ്യാസ ശുശ്രൂഷയുടെയും ക്രിസ്തീയ ജീവിത വിശ്വാസ പരിശീലന സമിതിയുടെയും നേതൃത്വത്തിലാണ് മാതൃകാപരമായ ഈ പുണ്യപ്രവൃത്തി നടന്നത്. ചിറയിൻകീഴും അതിന് പരിസരത്തുമുള്ള ദാരിദ്ര്യത്തിൽ ജീവിക്കുന്നവരും തെരുവിൽ കഴിയുന്നവരുമായ ആളുകൾക്ക് 150 ഭക്ഷണപൊതികാളാണ് കുട്ടികൾ വിതരണം ചെയ്തത്. തപസുകാലത്ത് നടന്ന ഈ പുണ്യപ്രവൃത്തി കുട്ടികളിൽ ഉപവി പ്രവർത്തനത്തിലൂടെ ലഭ്യമാകുന്ന ദൈവസ്നേഹം അനുഭവിക്കാനും ഒപ്പം ആഹരത്തിന്റെ മൂല്യത്തെകുറിച്ചുള്ള അവബോധം ലഭ്യമാക്കാനും സഹായിച്ചു. പ്രവർത്തനങ്ങൾക്ക് ഇടവക വികാരി ഫാ. ജോസഫ് പ്രസാദ്, വ്ദ്യാഭ്യാസ ശുശ്രൂഷ, മതബോധന സമിതി അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

# ഈശോയോട് കൂട്ടുകൂടാൻ: അതിരൂപത ചൈൽഡ് കമ്മിഷൻ കുട്ടികൾക്കായി ധ്യാനവും ക്യാമ്പും സംഘടിപ്പിച്ചു



മേനംകുളം: തിരുവനന്തപുരം ലത്തീൻ അതിരൂപത കെ.സി.എസ്.എൽ.ന് കീഴിലുള്ള ചൈൽഡ് കമ്മിഷൻ അതിരൂപതയിലെ കുട്ടികൾക്കായി ഏപ്രിൽ മാസം എട്ടാം തീയതി മുതൽ പത്താം തീയതി വരെ ഈശോയോട് കൂട്ടുകൂടാൻ എന്ന പേരിൽ അനുഗ്രഹ ഭവനിൽ വച്ച് ധ്യാനവും ക്യാമ്പും സംഘടിപ്പിച്ചു. അവധിക്കാലം ആരംഭിക്കുന്ന ഈ ദിവസങ്ങളിൽ ഈശോയോട് കൂടുതൽ അടുക്കുവാൻ കുട്ടികൾക്ക് ഈ ധ്യാന അവസരം സഹായകമായി. അതിരൂപതയിലെ 16 ഇടവകകളിൽ നിന്ന് 7, 8, 9 ക്ലാസുകളിൽ പഠിക്കുന്ന 217 കുട്ടികളാണ് ധ്യാനത്തിൽ പങ്കെടുത്തത്. അനുഗ്രഹ ഭവൻ ഡയറക്ടർ ബഹുമാനപ്പെട്ട മോൺ. ജോർജ് പോളിന്റെ അനുഗ്രഹപ്രഭാഷണത്തോടുകൂടി ആരംഭിച്ച ധ്യാനം രണ്ടാം ദിവസം സഹായ മെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് കുട്ടികളെ സന്ദർശിച്ച് അവരോടൊപ്പം കുറച്ചു സമയം പങ്കിട്ടത് ഹൃദ്യമായ അനുഭവമായി. അവസാന ദിവസം ആരാധനയോടും കുമ്പസാരത്തോടും കൂടി ധ്യാനം സമാപിച്ചു. അതിരൂപതയിലെ എല്ലാ ഇടവകകളിലും കുട്ടികൾക്കായുള്ള കൂട്ടായ്മകൾ ആരംഭിക്കേണ്ടതും കുട്ടികളെ ദേവാലയത്തോട് ചേർത്ത് വളർത്തേണ്ടതും ചൈൽഡ് കമ്മിഷന്റെ ലക്ഷ്യമാണെന്ന് എക്സിക്യൂട്ടീവ് സെക്രട്ടറി ഫാദർ ഡേവിഡ്സൺ ജസ്റ്റസ് സമാപന ചടങ്ങിൽ പറഞ്ഞു. ഫാ. വിജിൽ ജോർജ്ജ്, ഫാ. വർഗീസ്, ഫാ. സജിത്ത്, ഫാ. ജോൺ ജേക്കബ് എന്നിവർ ധ്യാനത്തിലും ക്യാമ്പിലും വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി..

# വെളിച്ചമുള്ള അധ്യാപകർക്കേ സമൂഹത്തിൽ ഉണർവ് സൃഷ്ടിക്കാൻ കഴിയൂ: ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ



കോവളം: കേരള കാത്തലിക് ടിച്ചേഴ്സ് ഗിൽഡ് സംസ്ഥാന നേതൃത്വ ക്യാമ്പ് തിരുവനന്തപുരം കോവളം റിന്യൂവൽ സെന്ററിൽ നടന്നു. തിരുവനന്തപുരം അതിരൂപത ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. വെളിച്ചമുള്ള അധ്യാപകർക്കേ സമൂഹത്തിൽ ഉണർവ് സൃഷ്ടിക്കാൻ കഴിയൂ. സാമൂഹിക വികസനം വിദ്യാഭ്യാസത്തിലൂടെയാണ് ലഭ്യമാകുന്നത്. അതുകൊണ്ട് ഭാവനാത്മകമായ സമീപനം കണ്ടെത്തണം. പുതിയ ഉൾക്കാഴ്ചയും സമീപനവും ഉൾക്കൊണ്ട് പ്രവർത്തിക്കുമ്പോൾ മറ്റുള്ളവരുടെ കാര്യങ്ങളിലും ഇടപെടാൻ കഴിയും. അങ്ങനെ സമൂഹത്തിൽ നന്മകൾ വളർത്താൻ അധ്യാപകർക്ക് സാധിക്കുമെന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ആർച്ച്ബിഷപ്പ് പറഞ്ഞു.

കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മിഷൻ ചെയർമാൻ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മുഖ്യ പ്രഭാഷണം നടത്തി. മനുഷ്യ സമൂഹത്തിന് പ്രത്യാശ നൽകുന്നവരാകണം അധ്യാപകർ എന്നും അന്ധകാരത്തെ അകറ്റി വ്യക്തികളിൽ പ്രകാശം ചൊരിയുവാൻ കഴിയണമെന്നും വിദ്യാർത്ഥികൾക്ക് പ്രത്യാശകൊടുക്കാൻ അധ്യാപകർ പ്രവർത്തിക്കണമെന്നും മുഖ്യ പ്രഭാഷണത്തിലൂടെ ബിഷപ്പ് ഉദ്ബോധിപ്പിച്ചു. കോവളം എം.എൽ.എ. എം. വിൻസെന്റ് മുഖ്യാതിഥി ആയിരുന്നു. രക്ഷാകർത്താക്കളുടെ അനാവശ്യമായ ഇടപെടൽമൂലവും, സ്കൂളുകളിൽ യോജിപ്പുള്ള പ്രവർത്തനക്കുറവുമൂലവും ഇന്ന് അധ്യാപകർ മെക്കാനിക്കലായി മാറിയിരിക്കുന്നോയെന്ന് പരിശോധിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

# തെലുങ്കാനയിൽ മദർ തെരേസ ഹൈസ്കൂളിൽ തീവ്ര ഹിന്ദു സംഘടനയുടെ ആക്രമണം

തെലുങ്കാന: തെലുങ്കാനയിലെ ലക്ഷിറ്റിപ്പേട്ടുള്ള മദർ തെരേസ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ തീവ്ര ഹിന്ദു സംഘടനയുടെ നേതൃത്വത്തിൽ ആക്രമണം നടന്നു. സ്കൂൾ യൂണിഫോമിനു പകരം മതപരമായ വസ്ത്രങ്ങൾ ധരിച്ചുവന്ന കുട്ടികളോടു കാരണം ആവശ്യപ്പെട്ടതാണ് ആക്രമണത്തിനു പിന്നിൽ. 'ഹനുമാൻ സാമീസ്' എന്ന സംഘടനയാണ് ആക്രമണത്തിനു നേതൃത്വം നൽകിയത്.



മദർ തെരേസയുടെ രൂപം അടിച്ചു തകർത്ത അക്രമികൾ മലയാളിയായ വൈദികനെ അടിക്കുകയും ചെയ്തു. ആദ്യം പത്തും പിന്നീട് നൂറും ഒടുവിൽ ആയിരവുമായി വർധിപ്പിച്ച അക്രമികൾ സ്കൂളിന്റെ ഒന്നാം നിലയും രണ്ടാം നിലയിലെ ഒരു ഭാഗവും ഓഫീസ് റൂമിന്റെ ജനാലകളും ഗേറ്റും സെക്യൂരിറ്റി റൂമും അടിച്ചു തകർത്തു. നിലവിൽ സി.ആർ.പി.എഫ് ന്റെ അംഗങ്ങൾ സ്കൂളിൽ കാവലുണ്ട്. രാത്രിയിലും ആക്രമിക്കുമെന്ന ഭീഷണി ഹനുമാൻ സാമീസ്' സംഘടന മുഴക്കിയിട്ടുണ്ട്. ആക്രമണത്തിന്റെയും രൂപം തകർക്കുന്നതിന്റെയും ദൃശ്യങ്ങൾ മ്യൂസിക് ചേർത്ത് അക്രമികൾ തന്നെ പ്രചരിപ്പിക്കുന്നുണ്ട്.

# ബി.സി.സി. കോഓർഡിനേറ്റർമാരുടെയും സിസ്റ്റർ ആനിമേറ്റർമാരുടെയും അതിരൂപതാതല പരിശീലനം സംഘടിപ്പിച്ചു



വെള്ളയമ്പലം: തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ 117 ദൈവാലയങ്ങളിൽ നിന്നുള്ള ബി.സി.സി. കോഓർഡിനേറ്റർമാരുടെയും സിസ്റ്റർ ആനിമേറ്റർമാരുടെയും വൈദിക കോഓർഡിനേറ്റർമാരുടെയും അതിരൂപതതല സംഗമം ഏപ്രിൽ മാസം 13ാം തീയതി വെള്ളയമ്പലം ടി.എസ്.എസ്.എസ്. ഹാളിൽ വച്ച് നടന്നു. അതിരൂപതാ ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ഡാനിയേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപതാ ശുശ്രൂഷാ കോഓർഡനേറ്റർ ഫാ. ലോറൻസ് കുലാസ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയും തുടർന്ന് നടന്ന പാനൽ ചർച്ചയ്ക്ക് മോഡറേറ്ററാകുകയും ചെയ്തു.

'സാമുദായിക സംഘടനകൾ സഭയുടെയും സമൂഹത്തിന്റെയും ഉന്നമനത്തിന്' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന പരിശീലനത്തിൽ കെ.ആർ.എൽ.സി.സി. വൈസ്പ്രസിഡൻറ് ജൂഡ് ജോസഫിന്റെ അസാന്നിദ്ധ്യത്തിൽ ബി.സി.സി. ആനിമേറ്റർ ശ്രീമതി സുശീല ജോ പാർലമെൻറ് ഇലക്ഷന്റെ പശ്ചാത്തലത്തിൽ തിരുവനന്തപുരം രൂപത തയ്യാറാക്കിയ അവകാശപത്രിക അവതരിപ്പിച്ചു. തുടർന്ന് തിരുവനന്തപുരം അതിരൂപത കെ.എൽ.സി.എ. പ്രസിഡൻറ്. ശ്രീമാൻ പാട്രിക് മൈക്കിൾ, കെ.എൽ.സി.ഡബ്ല്യൂ.എ. പ്രസിഡൻറ് ശ്രീമതി ജോളി പത്രോസ്, ഡി.സി.എം.എസ്. പ്രസിഡൻറ്. ശ്രീമാൻ ജോർജ് പള്ളിത്തറ, കെ.സി.വൈ.എം. പ്രസിഡൻറ് സനു സാജൻ എന്നിവർ അതിരൂപതയിലെ വിവിധ ഇടവകകളിൽ സാമൂഹിക സംഘടനകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അല്മായ ശാക്തീകരണം ഊർജ്ജിതമാക്കുന്നതിനെപ്പറ്റിയും സംസാരിച്ചു.

# ആർസി സ്കൂളുകളിൽ നിന്നും വിരമിച്ച അധ്യാപകരുടെ വാർഷിക സംഗമം നടന്നു



വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിലെ വിരമിച്ച അധ്യാപകരുടെ വാർഷിക സംഗമം നടന്നു. ആർസി സ്കൂളുകളിലെ വിരമിച്ച ആധ്യാപകരുടെ കൂട്ടായ്മയായ അസോസിയേഷൻ ഓഫ് റിട്ടയേർഡ് ടീച്ചേഴ്സ് & സ്റ്റാഫ് (ആർട്സ്) ന്റെ ആഭിമുഖ്യത്തിലാണ് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് ഏപ്രിൽ 18 വ്യാഴാഴ്ച പരിപാടി നടന്നത്. ശ്രീ. ജെ. സിൽവസ്റ്റർ അധ്യക്ഷത വഹിച്ച ചടങ്ങ് തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ശ്രീമതി മേരി പുഷ്പം സ്വാഗതവും കോർപ്പറേറ്റ് സ്കൂൾ മാനേജർ റവ. ഡോ. ഡൈസൺ ആമുഖ പ്രഭാഷണവും നടത്തി. ശ്രീ. ഇഗ്നേഷ്യസ് തോമസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. സജു റോൾഡൻ ആശംസകളർപ്പിച്ചു. 70 വയസ്സ് പൂർത്തിയാക്കിയ അധ്യാപകരെയും അനധ്യാപകരെയും സമ്മേളനത്തിൽ ആദരിച്ചു.

കാനൻ ലോ

ഫാ. ജോസ് ജി.
ജൂഡീഷ്യൽ വികാർ

# ദണ്ഡവിമോചനം എന്ത്? എന്തിന്? എങ്ങനെ?

അനുരഞ്ജന കൂദാശയോടു ചേർന്നുപോകുന്നതും, എന്നാൽ ഈ കൂദാശയ്ക്ക് പുറത്തുവച്ച് നല്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുന്ന ഒന്നാണ് ദണ്ഡവിമോചനം. ലത്തീൻസഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 992 997, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC) 1471 1498 എന്നിവ ദണ്ഡവിമോചനത്തെക്കുറിച്ച് സംക്ഷിപ്തമായി വിവരിക്കുന്നു.

പാപമോചനം നല്കുന്ന കൂദാശയാണ് അനുരഞ്ജന കൂദാശ. സഭയുടെ പ്രബോധനമനുസരിച്ച് രണ്ടുതരം പാപമുണ്ട്: (1) മാരക പാപം; (2) ലഘുപാപം.

CCC 1472 പ്രകാരം, മാരകപാപം ദൈവവുമായുള്ള നമ്മുടെ ഐക്യത്തെ ഇല്ലായ്മ ചെയ്യുന്നു. അതുകൊണ്ട്, അത് നമ്മെ നിത്യജീവന് അയോഗ്യരാക്കി മാറ്റുന്നു. ഈ അയോഗ്യതയെ പാപത്തിന്റെ "നിത്യശിക്ഷ" എന്നു വിളിക്കപ്പെടുന്നു. ലഘുപാപം ദൈവവുമായും സൃഷ്ടികളുമായുള്ള നമ്മുടെ ബന്ധത്തെ അനാരോഗ്യകരമാക്കുന്നു. ഈ ലോകത്തിൽവച്ചോ ശുദ്ധീകരണസ്ഥലം എന്നുവിളിക്കപ്പെടുന്ന അവസ്ഥയിൽവച്ചോ നടത്തേണ്ട ശുദ്ധീകരണത്തെ പാപത്തിന്റെ "കാലികശിക്ഷ"എന്ന് വിളിക്കപ്പെടുന്നു.

*എന്താണ് ദണ്ഡവിമോചനം? (CIC 992, CCC 1471)*

അപരാധ വിമുക്തമായ പാപങ്ങളുടെ കാലിക ശിക്ഷയിൽനിന്നും ദൈവതിരുമുമ്പാകെയുള്ള ഇളവുചെയ്യലാണ് ദണ്ഡവിമോചനം. നിർദ്ദിഷ്ട നിബന്ധനകൾ പാലിച്ചുകൊണ്ട് ശരിയായ മനോഭാവമുള്ള ക്രിസ്തീയ വിശ്വാസി അത് നേടിയെടുക്കുന്നു. വീണ്ടെടുപ്പിന്റെ ശുശ്രൂഷ എന്ന നിലയിൽ, ക്രിസ്തുവിന്റെയും വിശുദ്ധരുടെയും പരിഹാരകർമ്മങ്ങളുടെ നിക്ഷേപം അധികാരത്തോടെ വിതരണം ചെയ്യുകയും വിനിയോഗിക്കുകയും ചെയ്യുന്ന സഭയുടെ പ്രവൃത്തിയിലൂടെയാണ് ക്രിസ്തീയ വിശ്വാസി ദണ്ഡവിമോചനം പ്രാപിക്കുന്നത്.

*വിവിധതരം ദണ്ഡവിമോചനം (CIC 993, CCC 1471)*

ദണ്ഡവിമോചനം രണ്ടുതരത്തിലുണ്ട്: (1) ഭാഗികം. പാപംമൂലമുള്ള കാലികശിക്ഷയെ ഭാഗികമായി ഇളവു ചെയ്യുന്നതാണ് ഭാഗിക ദണ്ഡവിമോചനം; (2) പൂർണ്ണം. പാപംമൂലമുള്ള കാലികശിക്ഷയെ പൂർണ്ണമായി ഇളവുചെയ്യുന്നതാണ് പൂർണ്ണ ദണ്ഡവിമോചനം.

*ദണ്ഡവിമോചനം അനുവദിക്കുന്ന അധികാരി (CIC 995)*

സാധാരണയായി ദണ്ഡവിമോചനം അനുവദിക്കുന്ന അധികാരി പാപ്പയാണ്. പാപ്പയ്ക്ക് വേണമെങ്കിൽ ദണ്ഡവിമോചനം നല്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്താം. പാപ്പയെക്കൂടാതെ വർഷത്തിൽ പരമാവധി മൂന്നുതവണ മെത്രാന് പൂർണ്ണ ദണ്ഡവിമോചന ആശീർവാദം നല്കാവുന്നതാണ് (cf. Decree Diversi-s ex locis of the Apostolic Penitentiary, 14.12.1985, AAS 78 (1986) 293 - 294)

*ദണ്ഡവിമോചനത്തിന്റെ സ്വീകർത്താവ് (CIC 994, CCC 1471, 1478-1479)*

ഏതു വിശ്വാസിക്കും തനിക്കുവേണ്ടിത്തന്നെയോ മരിച്ചവർക്കുവേണ്ടിയോ ദണ്ഡവിമോചനം നേടാവുന്നതാണ്.

*ദണ്ഡവിമോചനം സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ (CIC 996 - 997)*

1. ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തിയായിരിക്കണം
2. കത്തോലിക്കാ സഭയുമായി പൂർണ്ണ ബന്ധത്തിലായിരിക്കണം.
3. വരപ്രസാദത്തിലായിരിക്കണം.
4. ദണ്ഡവിമോചനം സ്വീകരിക്കാനുള്ള പൊതുവായ നിയോഗമെങ്കിലും ഉണ്ടായിരിക്കണം
5. ദണ്ഡവിമോചനം നല്കുമ്പോൾ നിർദ്ദേശിക്കുന്ന നിബന്ധനകൾ നിശ്ചയിച്ചിരിക്കുന്ന സമയത്തും ഉചിതമായ രീതിയിലും നിറവേറ്റണം.

# കണ്ണേ... മടങ്ങുക ! സ്നേഹം നുകരുക !

**പെസഹാക്കാലം ആറാം ഞായർ (മെയ് 5)** അപ്പോ. 10: 25-26, 34-35, 44-48 1 യോഹ. 4: 7-10 യോഹ. 15: 9-17

**ഫാ. വിക്ടർ എവരിസ്റ്റസ്**

ക്രിസ്തു രഹസ്യങ്ങളുടെ കാതൽ സ്നേഹമാണ്. സ്നേഹമെന്നാൽ പങ്കുവയ്ക്കലാണ്, പകർന്ന് കൊടുക്കലാണ് അപരന് വേണ്ടി സ്വയം ബലിയായി തീരുന്നതാണ്.

വിഭജിച്ചു നൽകുന്ന, സ്വയം ദാനമാകുന്ന സ്നേഹത്തിനും ആഴമുണ്ടാകും. കാരണം, മുറിപ്പാടിന്റെ രുചി അതിനുള്ളിലുണ്ട്. മാക്സിമില്യൻ കോൾബേ നാസി തടങ്കൽ പാളയത്തിൽ സ്നേഹത്തിന്റെ മുഖമുദ്രയായി തീർന്നത് കൂടെയുള്ള സ്നേഹിതനുവേണ്ടി ജീവൻ ദാനമായി അർപ്പിക്കുവാൻ തയ്യാറായപ്പോഴാണ്. ഔഷിറ്റ്സ് തടങ്കൽ പാളയത്തിനുള്ളിൽ നിന്നും രക്ഷപെട്ടവനുവേണ്ടി സ്വയം മരണം ഏറ്റെടുത്തപ്പോൾ നാസി തടങ്കൽ പാളയത്തിനുള്ളിൽ ഒരു നിമിഷം നിശ്ശബ്ദത നിഴലിച്ചു. മദർ തെരേസ പാവപ്പെട്ട കുഷ്ഠരോഗികളുടെ കണ്ണുനീരിനു മുമ്പിൽ സ്വന്തം നാടും വീടും ഉപേക്ഷിച്ച് വിളിക്കുള്ളിലെ വിളിയായി അപരന്റെ മുഖത്ത് ക്രിസ്തുവിന്റെ മുഖം വായിച്ചെടുത്തപ്പോൾ സ്വയം ദാനമായി തീരുന്ന, വിഭജിച്ചു നൽകുന്ന സ്നേഹം കരകവിഞ്ഞൊഴുകി.

> എപ്പോഴെങ്കിലും സ്നേഹത്തിന്റെ ഉറവ പൊട്ടുന്നുണ്ടെങ്കിൽ അതിനെ പിൻതുടരുക. അപ്പോൾ നിങ്ങൾ ദൈവാലയത്തിലേക്കാണ് അടുക്കുന്നത്. സ്നേഹമാണ് ഈശ്വരനിലേക്ക് പ്രവേശിക്കാനുള്ള ഇടുങ്ങിയ വാതിൽ.



നമ്മുടെ ഭവനങ്ങളിലും സമൂഹജീവിതത്തിലും സ്നേഹത്തിന്റെ ബലിപീഠം തീർക്കേണ്ടവരാണ് നമ്മൾ. അബ്രാഹം ഇസഹാക്കിനെ ബലികഴിക്കാനായി ഒരു ബലിപീഠം തയ്യാറാക്കിയപ്പോൾ അത് ദൈവത്തോടുള്ള വിശ്വസ്തതയുടെയും കുടുംബത്തോടുള്ള സ്നേഹത്തിന്റെയും ബലിപീഠമായി മാറി. മക്കൾക്കുവേണ്ടി സ്വയം ബലിയായി തീരേണ്ടവരാണ് മാതാപിതാക്കൾ. മക്കൾ മാതാപിതാക്കളെ അനുസരിക്കുവാനും വിധേയപ്പെടുവാനും തയ്യാറാകുമ്പോൾ സ്നേഹബന്ധങ്ങളുടെ ആഴം വർദ്ധിക്കുകയാണ്. സ്വന്തം ആഗ്രഹങ്ങളെ സമൂഹത്തിന്റെ നന്മയ്ക്കായി മാറ്റിവയ്ക്കുവാൻ തയ്യാറാകുമ്പോൾ ആ സമൂഹത്തിനു മുമ്പിൽ നാമും സ്നേഹത്തിന്റെ ബലിപീഠം പണിതുയർത്തുന്നു. പ്രസിദ്ധ ജർമ്മൻ മനശാസ്ത്രജ്ഞനായ എറിക് ഹാം സുർഗർ 'Childhood and Socitey' എന്ന തന്റെ ഗ്രന്ഥത്തിൽ കുറിച്ച് വയ്ക്കുന്നു. "To Love is to give" സ്നേഹിക്കുക എന്നാൽ സമ്മാനിക്കുക എന്നാണ്. സമസ്തവും തന്നെത്തന്നെയും മറ്റുള്ളവർക്ക് സമ്മാനമായി, സ്വയം ദാനമായി നൽകുന്നതാണ് ഏറ്റവും വലിയ സ്നേഹമെന്ന് നമുക്ക് തിരിച്ചറിയാം.

മറ്റുള്ളവർക്കായി പകരേണ്ടതും പങ്കുവയ്ക്കേണ്ടതുമായ നമ്മുടെ ജീവിതവും ആദ്ധ്യാത്മീകതയും ഇന്ന് വെറും യാന്ത്രീകതയിൽ അമർന്നിരിക്കുന്നുവെന്നത് ഏറെ ഖേദകരമാണ്. പ്രാർത്ഥനയുണ്ട്, നോമ്പു നോക്കുന്നുണ്ട് ഉപവി പ്രവർത്തനമുണ്ട്. പക്ഷേ, ഒരു വിരസതയുടെ നിഴൽപടരുന്നുണ്ട് എല്ലായിടത്തും. ജീവിതം യാന്ത്രികമാകുക എന്നത് സ്നേഹം നഷ്ടപ്പെടുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണ്. എല്ലാ യാന്ത്രികമായ പ്രവർത്തനങ്ങളും അവസാനിക്കുമ്പോൾ ശേഷിക്കുന്നതെന്താണോ അതാണ് സത്യത്തിൽ നിന്നെ നീയാക്കുന്നത്. അത് സ്നേഹം മാത്രമാണ്. പരസ്

പരം സ്നേഹിക്കാനുള്ള മനസ്സ് മനുഷ്യർക്കിപ്പോൾ കൈമോശം വരുകയാണ്.

ആകാശത്തോളം ഉയരമുള്ള ഫ്ളാറ്റിലെ അത്യാധുനിക സജ്ജീകരണങ്ങളുള്ള വിശാലമായ മുറികളിൽ ഇപ്പോൾ നമ്മൾ നമ്മുടെ ജീവിതത്തെ ചുരുക്കിക്കളയുകയാണ്. എ.സി കാറിൽ യാത്രചെയ്യുന്നവർ വല്ലപ്പോഴുമൊക്കെ ചില്ലു ജാലകം തുറക്കുമ്പോഴാണ് ചപ്പുചവറുകൾക്കിടയിൽ ഒരു പിടി അന്നത്തിനുവേണ്ടി അലയുന്ന അനാഥ പൈതങ്ങളുടെ അരികിലാണ് അവർ ജീവിക്കുന്നതെന്ന് അറിയുന്നതു തന്നെ. വെറുതെ വഴക്കടിച്ചും പോരാടിയും അസൂയപ്പെട്ടും ഇടറി വീണും ജീവിക്കുകയാണ്. ഒരേ ഭാഷയിൽ സംസാരിച്ചിട്ടും പലപ്പോഴും പരസ്പരം ഒന്നും മനസ്സിലാവുന്നില്ലെന്ന് ഏറെ വൈകിയാണെങ്കിലും അറിയുന്നുണ്ട്. സ്നേഹമില്ലാത്ത നിഷ്ക്രിയരായവർ ഈ ലോകത്തെ ജീവിക്കാൻ കൊള്ളാത്ത ഒന്നാക്കിയിരിക്കുന്നു.

ക്രിസ്തു ജീവിച്ചത് ആത്മീയത അതിന്റെ മുഴുവൻ യാന്ത്രികതയിൽ വളർന്ന യഹൂദകാലത്തായിരുന്നു. അവൻ ചോദ്യം ചെയ്തതും, തകർത്തതും സ്നേഹരഹിതമായ അത്തരം അനുഷ്ഠാനങ്ങളെയാണ്. സാബത്ത് യഹൂദർക്ക് ഏറ്റവും വിശുദ്ധമായ ഒരു ദിവസമായിരുന്നു. ക്രിസ്തു ആ ദിവസത്തിന്റെ യാന്ത്രിക ചിട്ടവട്ടങ്ങളെ പലവട്ടം തെറ്റിച്ചു. ആത്മാർത്ഥത നഷ്ടപ്പെടുന്നു എന്നതാണ് യാന്ത്രികതയുടെ ഒരടയാളം. യന്ത്രങ്ങൾക്ക് ഒരു പോരായ്മയുണ്ട്. അതിന്റെ ബാറ്ററി ചാർജ് തീർന്നാൽ പ്രവർത്തന രഹിതമാകും. അതുതന്നെയായിരിക്കും നമുക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ദൈവസ്നേഹത്തിന്റെ സ്രോതസ്സ് ഒരു നിമിഷം തീർന്നുപോകുമ്പോൾ നിഷ്ക്രീയതയുടെ വരൾച്ച നമ്മേയും ബാധിച്ചിരിക്കും.

ദാർശനികനായ ഇമ്മാനുവേൽ കാന്റിനെ ഓർമ്മിക്കുകയാണ്. യാന്ത്രീക ജീവിതം നയിച്ച ഒരാൾ. രാത്രി 10 മണിക്ക് ഉറങ്ങും, കൃത്യം 5 മണിക്ക് ഉണരും. തണുപ്പോ, ചൂടോ, രോഗമോ അങ്ങനെ എന്തുണ്ടായാലും സമയക്രമത്തിൽ മാറ്റമില്ല. ഒരിക്കൽ അദ്ദേഹത്തോട് ഒരു യുവതി പ്രണയാഭ്യർത്ഥന നടത്തി. അയാൾ പറഞ്ഞു: ഞാൻ അതിനെക്കുറിച്ച് ഒന്നു ചിന്തിക്കട്ടെ. ഒരു തീരുമാനത്തിലെത്താൻ കാന്റ് മൂന്നു വർഷമെടുത്തു. വിവാഹത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് ദീർഘമായി വിചിന്തനം ചെയ്തു. ഒടുവിൽ വിവാഹത്തിന് അനുകൂലമായ നിലപാടാണ് എടുത്തത്. തീരുമാനം അറിയിക്കാൻ യുവതിയുടെ വീട്ടിലെത്തി. യുവതിയുടെ അച്ഛൻ ചോദിച്ചു, താങ്കൾ എന്തിനാണ് വന്നിരിക്കുന്നത്? അവസാനം ഞാൻ വിവാഹം കഴിക്കാൻ തീരുമാനിച്ചിരിക്കുന്നു. വിവാഹത്തിന്റെ ഗുണദോഷങ്ങളുടെ പട്ടിക തയ്യാറാക്കിയപ്പോൾ വിവാഹത്തിന് എതിരായി 300 ഉം അനുകൂലമായി 301 ഉം വാദഗതികൾ കണ്ടെത്തി. അതിനാൽ ഞാൻ വിവാഹിതനാകാൻ ആഗ്രഹിക്കുന്നു, എവിടെ മകൾ? അവളുടെ അച്ഛൻ ചിരിച്ചു, താങ്കൾ വൈകിപ്പോയിരിക്കുന്നു. അവളുടെ വിവാഹം കഴിഞ്ഞു, എന്നു മാത്രമല്ല ഒരു കുട്ടിയുമുണ്ട്'.

ഇതാണ് വാസ്തവം. ജീവിതം യാന്ത്രികമാക്കുന്നവർക്ക് നഷ്ടപ്പെടുന്ന സുകൃതങ്ങൾ അവരറിയുന്നത് വൈകിയാണ്.

അതുകൊണ്ട്, ആവർത്തന വിരസമായ ചിട്ടവട്ടങ്ങളിൽ നിന്നും പുറത്തു വരുക. വല്ലപ്പോഴുമെങ്കിലും ഓഫീസ് മുറി ഉപേക്ഷിച്ച് പ്രാർത്ഥനാനിർവൃതിയോടെ ഒരു ധ്യാനമന്ദിരത്തിന്റെ ഏകാന്തതയിലേക്കു കടന്നുവരുക. മൊബൈൽ സ്വിച്ച് ഓഫ് ചെയ്ത് ജീവിത വ്യഗ്രതയിൽ നിന്ന് പിൻവാങ്ങി എതെങ്കിലുമൊരു ദേവാലയത്തിൽ വന്ന് ശാന്തനായി കണ്ണടച്ചിരിക്കുക. പേഴ്സിലെ നോട്ടുകെട്ടിൽ നിന്ന് ഒരു ഭീമമായ സംഖ്യയെടുത്ത് ഒരനാഥാലയത്തിൽ ഡൊണേഷനായി കൊടുക്കുക. നഗരസമൃദ്ധിയിൽ നിന്ന് കിലോമീറ്ററുകളോളം യാത്ര ചെയ്തു ഗ്രാമത്തിലെ തറവാട്ടിലേക്ക് മടങ്ങിവരുക. വിളിച്ചു പറഞ്ഞാലുടനെ അവശ്യമുള്ളതൊക്കെ വീട്ടുപടിക്കൽ എത്തുന്ന ഫാസ്റ്റ് ഫുഡിന്റെ കാലത്ത്, ആ പഴയ പൊടിയരിക്കഞ്ഞിയുടെ സ്വാദ് നുകരുക. ഒറ്റയ്ക്ക് തണുത്തു വിറച്ചുകിടക്കുന്ന അമ്മയുടെ ചാരെ ഒരു രാത്രി ഒട്ടിചേർന്നു കിടക്കുക. വിയർപ്പിന്റെ മണമുള്ള അച്ഛന്റെ അദ്ധ്വാനിച്ച് പരുക്കനായ ആ കൈ തണ്ടയെടുത്ത് ഒന്നു ചുംബിക്കുക. ഉള്ളിൽ സ്നേഹം അപ്പോൾ ഉറപൊട്ടാൻ തുടങ്ങും തീർച്ച!

എപ്പോഴെങ്കിലും സ്നേഹത്തിന്റെ ഉറവ പൊട്ടുന്നുണ്ടെങ്കിൽ അതിനെ പിൻതുടരുക. അപ്പോൾ നിങ്ങൾ ദൈവാലയത്തിലേക്കാണ് അടുക്കുന്നത്. സ്നേഹമാണ് ഈശ്വരനിലേക്ക് പ്രവേശിക്കാനുള്ള ഇടുങ്ങിയ വാതിൽ. സ്നേഹത്തെ മാത്രമാണ്. നിങ്ങൾ പിൻചെല്ലുന്നതെങ്കിൽ ഒരിക്കലും വഴിതെറ്റുകയുമില്ല ഉറപ്പ്. നമ്മൾ ഇപ്പോൾ തന്നെ ഒരുപാടു നന്മകളുടെ സാധ്യതകളെ നഷ്ടപ്പെടുത്തിയിരിക്കുന്നു. ഉള്ളിൽ ഹൃദയത്തെ തട്ടി ക്രൂശിതൻ ഓർമ്മിപ്പിക്കുന്നു നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ.

# കർത്താവിന്റെ സ്വർഗാരോഹണം

**സ്വർഗാരോഹണ തിരുന്നാൾ (മെയ് 12)** അപ്പോ. 1 : 1-15 2 എഫെ. 4 : 1-13 മർക്കോ. 16: 15-20

**ഫാ. ഡൈസൻ**

യേശുവിന്റെ മനുഷ്യാവതാരത്തിൽ മാലാഖമാർ ആനന്ദഗീതം ആലപിച്ചുവെങ്കിൽ (ലൂക്ക 2:10), യേശുവിന്റെ സ്വർഗാരോഹണത്തിൽ ആനന്ദത്തിന്റെ സ്തുതി

പ്പുകളും, ഗീതികളും ആലപിക്കുന്നത് അവന്റെ ശിഷ്യന്മാരാണ് (ലൂക്ക. 24-52 -53). ഏലിയാ പ്രവാചകനെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടത് നേരിൽ കണ്ട എലിഷായിൽ ഏലിയായുടെ ആത്മാവുണ്ടായിരുന്നു (2 രജ 2:15). അതുപോലെ സ്വർഗാരോഹണം നേരിൽ കണ്ട ശിഷ്യന്മാരിൽ യേശുവിന്റെ ആത്മാവിൽ നിറയാൻ അവർ ദേവാലയത്തിൽ സമ്മേളിച്ചു (ലൂക്ക 24:53); പരിശുദ്ധ അമ്മയോട് പ്രാർത്ഥനയിൽ മുഴുകി (അപ്പ 1:14).

സ്വർഗാരോഹണം യേശു ദൈവമാണെന്ന് വെളിപ്പെടുത്തുന്നു. ദൈവത്തിന് മാത്രമേ സ്വന്തം ശക്തിയാൽ സ്വർഗത്തിലേക്ക് ആരോഹണം ചെയ്യാൻ സാധിക്കുകയുള്ളൂ. മനുഷ്യപ്രകൃതിക്ക് അതിന്റെ സ്വാഭാവിക കഴിവുകൊണ്ട് സ്വർഗത്തിൽ ആരോഹണം ചെയ്യാൻ കഴിയുകയില്ല. ആരെങ്കിലും സ്വർഗത്തിൽ ആത്മശരീരത്തോടെ പ്രവേശനം ലഭിച്ചിട്ടുണ്ടെങ്കിൽ, അവർ ദൈവത്താൽ എടുക്കപ്പെട്ടവരാണ്. യഹൂദവിശ്വാസമനുസരിച്ച് ഉടലോടെ സ്വർഗത്തിൽ ദൈവത്താൽ എടുക്കപ്പെട്ടത് ഹേനോക്കും, ഏലിയായും, മോശയുമാണ്. യേശുവിന്റെ സ്വർഗാരോഹണം ചരിത്രത്തിൽ ഒറ്റപ്പെട്ട സംഭവമാണ്. കാരണം യേശു മാത്രമാണ് സ്വർഗത്തിൽ സ്വന്തം ശക്തിയാൽ ആരോഹണം ചെയ്തത്. അവൻ ദൈവമാണ്.

യേശുവിന്റെ സ്വർഗാരോഹണം പ്രധാനമായിട്ടും മൂന്നുകാര്യങ്ങളാണ് ആവശ്യപ്പെടുന്നത്.

## 1. ദൗത്യം ചെയ്യാൻ ആവശ്യപ്പെടുന്നു

ആകാശത്തേക്കു മാത്രം നോക്കി നിൽക്കുവാനുള്ളതല്ല, ക്രൈസ്തവ ജീവിതം (അപ്പ. 1:11) ക്രിസ്തുനാഥൻ ഏല്പിച്ച സുവിശേഷ ദൗത്യം ചെയ്യുവാനുള്ളതാണ് ക്രൈസ്തവ ജീവിതം (മാർക്കോസ് 16:15). സ്വർഗത്തെ നോക്കി വെറുതെ കൈയുംകെട്ടി നിന്നിട്ട് കാര്യമില്ല. സ്വർഗത്തിലേക്ക് എത്തിച്ചേരാനുള്ള പുണ്യത്തിന്റെ ഗോവണി പണിയുന്ന ദൗത്യമാണ് നാം ചെയ്യേണ്ടത്. രണ്ടാം വത്തിക്കാൻ സുനഹദോസ് പറയുന്നു; സ്വഭാവത്താൽ തന്നെ ഓരോ ക്രൈസ്തവനും മിഷണറിയാണ്. നാം ചെയ്യേണ്ട ദൗത്യം നമ്മെയും, മറ്റുള്ളവരെയും സ്വർഗത്തിൽ എത്തിച്ചേരാൻ പ്രാപ്തരാക്കുകയെന്നുള്ളതാണ്.


ലോകം മുഴുവനും അഗതികൾക്ക് അമ്മയായി മാറിക്കൊണ്ട് ക്രിസ്തുസ്നേഹം പകർന്നുനൽകിയ മദർ തെരേസ സ്വർഗത്തിലേക്കുള്ള ഗോവണി തനിക്കും മറ്റുള്ളവർക്കുംവേണ്ടി കെട്ടിപൊക്കി. ആർത്തിക്കും അവശർക്കും അത്താണിയായി മാറിക്കൊണ്ട് ക്രിസ്തുവിന്റെ കാരുണ്യം ലോകത്തിന് പകർന്നുകൊടുത്ത വിൻസെന്റ് ഡി പോളും സ്വർഗത്തിലേക്കുള്ള ഗോവണിയുടെ ദൗത്യം പൂർത്തീകരിച്ചു. ക്രിസ്തു നമ്മെ ഏല്പിച്ച ദൗത്യത്തെക്കുറിച്ച് ചോദിക്കുവാൻ വീണ്ടും വരും. ക്രിസ്തുവിന്റെ രണ്ടാം വരവിൽ അവൻ നമ്മെ ഏല്പിച്ച ദൗത്യം നാം പൂർത്തീകരിച്ചെങ്കിൽ നമുക്ക് അവന്റെ വലത്തുഭാഗത്ത് നിൽക്കാനാകും.

## 2. വലത്തുഭാഗത്തിരിക്കാൻ ആവശ്യപ്പെടുന്നു

വലതുഭാഗം ബൈബിളിൽ മഹത്വത്തിന്റെയും അംഗീകാരത്തിന്റെയും നന്മയുടെയും ആത്മരക്ഷയുടെയും ഇടമാണ്. കാൽവരിമലയിൽ യേശുവിന്റെ വലതുഭാഗത്തുകിടന്ന കള്ളൻ നന്മയുടെയും ഇടതുഭാഗത്തുകിടന്ന കള്ളൻ തിന്മയുടെയും പ്രതീകങ്ങളാണ്. അന്ത്യനിമിഷത്തിൽ സുവിശേഷം ശ്രവിച്ച നല്ല കള്ളൻ മാനസാന്തരത്തിലൂടെ സ്വർഗം സ്വന്തമാക്കുന്നു (ലൂക്ക. 23:39-43). അന്ത്യവിധിയിൽ സുവിശേഷം ശ്രവിച്ച്, അത് പാലിച്ചവർ വലതുവശത്തും, യേശുവിന്റെ സ്നേഹത്തിന്റെയും രക്ഷയുടെയും സുവിശേഷം തിരസ്കരിച്ചവർ ഇടതുവശത്തും നിൽക്കുവാൻ വിധിക്കപ്പെട്ടു. വലതുഭാഗത്തുനിന്ന വരെ സ്വർഗം സ്വന്തമാക്കാൻ വിധിയാളനായ യേശു ക്ഷണിക്കുന്നു (മത്താ. 25:31 -46). വലതുഭാഗം സംരക്ഷണത്തിന്റെയും അടയാളമാണ്. സങ്കീർത്തനപുസ്തകത്തിൽ കർത്താവ് പറയുന്നു: " ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലതുഭാഗത്തായിരിക്കുക" (സങ്കീ. 110:1).

പണ്ടുകാലങ്ങളിൽ നാട്ടുനടപ്പനുസരിച്ച് പുതിയതായി വാഴിക്കുന്ന രാജകുമാരനെ രാജാവ് തന്റെ വലതുഭാഗത്താണ് ഇരുത്തുക. സുവിശേഷത്തിൽ പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് യേശു സർവ മഹത്വത്തോടും ഉപവിഷ്ടനാകുക വഴി മഹത്വത്തിന്റെ പരമകോടിയിലെത്തി. നമുക്കും മഹത്വത്തിന്റെ പരമകോടിയിലെത്താൻ വലത്തുഭാഗത്തിരിക്കാൻ പരിശ്രമിക്കാം. ജീവിതകാലത്ത് സകലതും പരിത്യജിച്ച് ചാക്കുവസ്ത്രം ധരിച്ച്, കുഷ്ടരോഗികളെ ചുംബിച്ച്, ഭിക്ഷാടനം

ക്രിസ്തു നമ്മെ ഏല്പിച്ച ദൗത്യത്തെക്കുറിച്ച് ചോദിക്കുവാൻ വീണ്ടും വരും. ക്രിസ്തുവിന്റെ രണ്ടാം വരവിൽ അവൻ നമ്മെ ഏല്പിച്ച ദൗത്യം നാം പൂർത്തീകരിച്ചെങ്കിൽ നമുക്ക് അവന്റെ വലത്തുഭാഗത്ത് നിൽക്കാനാകും.



നടത്തി പരമസാധുവായി മാറിയ ഫ്രാൻസിസ് അസീസി യേശുവിന്റെ സ്നേഹസുവിശേഷം കൊണ്ട് യൂറോപ്പിനെ ജ്വലിപ്പിച്ചു. ദൈവം അദ്ദേഹത്തെ തന്റെ മഹത്വത്തിന്റെ വലതുഭാഗത്തുനിറുത്തി. വലതുഭാഗത്തായിരിക്കാൻ സുവിശേഷദൗത്യം നടത്താം.

### 3. അനുഗ്രഹിക്കാൻ ആവശ്യപ്പെടുന്നു

യേശുനാഥൻ കൈകൾ വിരിച്ച് അനുഗ്രഹിച്ചുകൊണ്ടാണ് സ്വർഗത്തിൽ ആരോഹണം ചെയ്തത്. സ്വർഗത്തിൽ പോകണമെങ്കിൽ നാം മറ്റുള്ളവരെ അനുഗ്രഹിക്കുന്നവരായിരിക്കണം. നമ്മുടെ കരങ്ങളിലൂടെ അനുഗ്രഹത്തിന്റെ നീർച്ചാലുകൾ ഒഴുക്കാൻ ദൈവം കാത്തിരിക്കുന്നു. അബ്രഹാത്തെ ജനതകൾക്ക് അനുഗ്രഹമാക്കി മാറ്റിയ ദൈവം (ഉല്പത്തി 12:1-3) നമ്മെയും മറ്റുള്ളവർക്ക് അനുഗ്രഹമാക്കാൻ കാത്തിരിക്കുന്നു. മറ്റുള്ളവർക്ക് അനുഗ്രഹമാകാൻ നാം എന്തുചെയ്യണം? യേശു ഏല്പിച്ച ദൗത്യം ചെയ്യണം: സുവിശേഷം പ്രസംഗിക്കണം. പ്രഘോഷണം ആരംഭിക്കേണ്ടത് സ്വന്തം കുടുംബത്തിൽ നിന്നാകണം. കുടുംബത്തിൽ നിന്നും അയൽക്കാരിലേക്ക്, നീ ഇടപെടുന്ന വ്യക്തികളിലേക്ക്, നിന്നിലൂടെ നിന്റെ കുടുംബവും അയൽക്കാരും, സമൂഹവും. സ്വർഗത്തിലാണ് നമ്മുടെ പൗരത്വമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന തിരുനാളാണ് സ്വർഗാരോഹണം. ഈ കാലത്ത് അല്പം മാത്രം സംസാരിക്കുന്ന സ്വർഗത്തെക്കുറിച്ച്, നരകത്തെക്കുറിച്ച് ആഴമായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ദിനമാണ് സ്വർഗാരോപണ തിരുനാൾ ദിനം. മരണത്തിന്റെ അർത്ഥത്തെക്കുറിച്ചും നിത്യജീവനെക്കുറിച്ചും, നമ്മുടെ മഹത്വീകരിക്കുന്ന ശരീരത്തെ കുറിച്ചും ആഴമായി ചിന്തിക്കാൻ അവസരം നൽകുന്ന പൊൻദിനമാണ് സ്വർഗാരോഹണ തിരുനാൾ ദിനം. മറ്റുള്ളവരെ അനുഗ്രഹിച്ചുകൊണ്ട് ദൈവത്തിന്റെ വലതുഭാഗത്തിരിക്കാൻ യേശു നമ്മെ ഏല്പിച്ച ദൗത്യം നമുക്ക് ചെയ്യാം. നമ്മിലൂടെ ഈ ലോകവും ജനതകളും അനുഗ്രഹിക്കപ്പെടട്ടെ!

# അഭിഷേകാഗ്നിയുടെ നിറവ്

പെന്തക്കൊസ്ത തിരുനാൾ (മെയ് 19)    അപ്പോ. 2: 1-11 ഗലാ. 5: 16-25 യോഹ. 15 : 26-27, 16: 12-15

**ഫാ. പോൾ സണ്ണി**

> പെന്തക്കുസ്ത ഒരു പുതിയ പുലരിയാകണം. സ്വയം മതിമറന്ന്, തേൻകൂടുകളുടെ പിറകേപോയി തന്റെ ശക്തി അല്പാല്പമായി ക്ഷയിക്കുന്നത് തിരിച്ചറിയാതെ പോയി സാംസൺ. ജഡത്തിന്റെ ചിറകുകൾ നൽകുന്ന കാറ്റിൽ ലയിക്കാതെ പരിശുദ്ധാത്മാവിന്റെ കാറ്റിന്റെ ശീതളിമയിലേക്ക് നമുക്ക് തിരിയാം.

വിളവെടുപ്പിനോടനുബന്ധിച്ച് ആഘോഷിച്ചിരുന്ന തിരുനാളാണ് പെന്തക്കൊസ്ത. പുതിയനിയമത്തിൽ ഉയിർപ്പിനുശേഷം അമ്പതാം നാൾ ശിഷ്യന്മാരും മറ്റുള്ളവരും പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ശക്തിപ്രാപിച്ച ദിവസമാണ് പെന്തക്കൊസ്താ.

ധാന്യങ്ങളെല്ലാം അറകളിൽ ശേഖരിച്ചതിനുശേഷമുള്ള പെരുന്നാളാണ് പെന്തക്കൊസ്താ പെരുന്നാൾ. മരിച്ചവരിൽനിന്ന് ആദ്യമായി ക്രിസ്തു ഉയിർത്തെഴുന്നേറ്റ ഉയിർപ്പുഞായറാഴ്ചയാണ് പുതിയനിയമത്തിലെ ആദ്യ വിളവിന്റെ പെരുന്നാൾ (1 കൊറി 15:20). അതിനെത്തുടർന്ന് അമ്പതാം ദിവസം പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ വരികയും അന്നേദിവസം മൂവായിരത്തിൽപരം ആളുകൾ ക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്തു.

സീനായ് മലയിൽവച്ച് മോശ മുഖാന്തിരം ന്യായപ്രമാണം ലഭിച്ചതിന്റെ ഓർമയും പഴയ പെന്തക്കൊസ്തയിൽ കൊണ്ടാടിയിരുന്നു. പഴയനിയമം കല്പലകകളിൽ എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ, അത് അവരെ പൂർണമോചകരാക്കിയില്ല. ക്രിസ്തുഹൃദയങ്ങളിലെഴുതിയ പുതിയനിയമം അവനെ പുതിയ സൃഷ്ടിയാക്കുന്നു. അടിമത്വത്തിൽനിന്നുള്ള സ്വാതന്ത്ര്യം ലഭിച്ചതിന്റെ ഓർമ്മയായി ഇസ്രായേല്യർ പെന്തക്കൊസ്തായെ കണ്ടു. പുതിയനിയമത്തിൽ പാപത്തിൽനിന്നുള്ള മോചനമാണിത്. പരിശുദ്ധാത്മാവിനെ അനുസരിച്ച് ജീവിക്കുന്നവർ സ്വതന്ത്രരാകും.

അപ്പോസ്തലപ്രവർത്തനങ്ങളിൽ പരിശുദ്ധാത്മാവിന്റെ വരവിനെ ശക്തമായ അടയാളങ്ങളിലൂടെ വ്യക്തമാക്കുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലെയുള്ള ശബ്ദം ഉണ്ടാകുന്നു, അഗ്നിജ്വാലകൾപോലെയുള്ള നാവുകൾ ഓരോരുത്തരുടെയും ശിരസ്സിനു മുകളിൽ നിറയുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ ജലത്തിനുമീതെ ചലിച്ച കാറ്റാണിത്. ആത്മാവിന് കൊടുങ്കാറ്റിന്റെ വേഗതയും ശക്തിയും ഉണ്ടെന്ന് പറയുമ്പോൾ പരിശുദ്ധാത്മാവിന്റെ പ്രാഭവം നമുക്ക് മനസ്സിലാകും. ഒരേസമയം കൊടുങ്കാറ്റായും തീനാ

ളമായും വരിക. ഇതേ ആത്മാവ്തന്നെ യേശുവിന്റെ സ്നാനവേളയിൽ ശാന്തമായ പ്രാവായി ചിറകടിക്കുന്നത്. നോഹയുടെ പെട്ടകത്തിൽനിന്നു പറന്ന് ഒലിവിലയുമായി വന്ന പ്രാവും പുതുജീവന്റെ പരിശുദ്ധാത്മാവുതന്നെയാണ്.

ശിഷ്യന്മാർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞപ്പോൾ വിവിധ ഭാഷകൾ സംസാരിച്ചു. ശ്രോതാക്കൾ അത് അവരവരുടെ ഭാഷകളിൽ ശ്രവിച്ചു. ഇത് സുവിശേഷത്തിന്റെ ആഗോളസ്വഭാവത്തെ കാട്ടുന്നു. ക്രിസ്തുവിന്റെ രക്ഷ സാർവത്രികമാണെന്നും അത് ലോകംമുഴുവൻ പ്രഘോഷിക്കപ്പെടണമെന്നുമുള്ള സൂചന. സഭയുടെ ഔദ്യോഗികമായ പിറവിയും പെന്തക്കുസ്താദിനത്തിലായിരുന്നു. പെന്തക്കുസ്താദിനം പരിശുദ്ധാത്മാവബോധമുണ്ടായതിനുശേഷം അവർ എന്തും സഹിക്കാനുള്ള കരുത്താർജിച്ചു. യേശുവിനെ പരസ്യമായി പ്രസംഗിക്കാൻ അവർക്കു കഴിഞ്ഞു. ഗലാത്തിയരുടെ ലേഖനത്തിൽ ആത്മാവിന്റെ പ്രേരണകൾക്കനുസൃതമായി ജീവിക്കാനുള്ള ആഹ്വാനമാണ്. ആത്മാവും ജഡവും തമ്മിൽ മത്സരമുണ്ട്. മനുഷ്യൻ ജഡമോഹങ്ങളാൽ നയിക്കപ്പെടുന്നു. തൃഷ്ണകൾ അധികമാകുമ്പോൾ ജഡത്തിന്റെ ഏറ്റവും പരിതാപകരമായ അവസ്ഥയിൽ മനുഷ്യൻ ചെന്നു താഴും. നമുക്ക് ഹിതമല്ലാത്ത ഒരു വികാരം ഉണ്ടാകുമ്പോൾ നാം അതിനെ ആട്ടിപ്പായിക്കും. ഹിതകരമായതിനെ സ്വീകരിക്കും. ഒരു വികാരങ്ങളെയും ആട്ടിപ്പായിക്കേണ്ടതില്ല. തിരിച്ചറിഞ്ഞ് തിരുത്താൻ, സംയമനം ശീലിക്കാൻ സാധിക്കണം.

## പരിശുദ്ധാത്മാവിന്റെ വഴികൾ

യേശുവിന്റെ നിർദേശപ്രകാരം ശിഷ്യന്മാർ പത്തുദിവസം കാത്തിരുന്നു. പെന്തക്കുസ്താനാൾ പിതാവിൽനിന്നു പുറപ്പെടുകയും പുത്രന്റെ നാമത്തിൽ പിതാവിനാൽ അയയ്ക്കപ്പെടുകയും (യോഹ 14:26-; 15:26) പുത്രനിൽനിന്ന് എടുക്കുകയും (യോഹ 16:11-15) ചെയ്യുന്ന പരിശുദ്ധാത്മാവ് അഗ്നിനാവുകളുടെ സദൃശ്യത്തിൽ ശിഷ്യന്മാരുടെമേൽ ആവസിക്കുകയും ചെയ്തു. പുത്രനെ നമുക്കിടയിൽ ഉരുവാക്കുക, പുത്രനിൽ ഉള്ളത് നമുക്ക് വെളിപ്പെടുത്തുകയും നല്കുകയും ചെയ്യുക ഇതാണ് പരിശുദ്ധാത്മാവിന്റെ പ്രവൃത്തി. പരിശുദ്ധാത്മാവുമൂലം ക്രിസ്തു നമ്മിൽ വസിക്കുമ്പോൾ ക്രിസ്തുവിനുള്ള സകല അവകാശങ്ങളും നമ്മുടെ സ്വന്തമായിത്തീരുന്നു. നമ്മിൽ വിശ്വസിക്കുന്ന ക്രിസ്തുവഴിയായി നാം ദൈവമക്കളായിത്തീരുകയും തന്മൂലം പിതാവിനുള്ള സകലതിനും നാം കൂട്ടവകാശികളാവുകയും ചെയ്യുന്നു. നിത്യജീവന്റെ ഉറപ്പുലഭിക്കുകയും പാപത്തെ പോരാടി ജയിച്ച ഉയിർത്തെഴുന്നേല്പിന്റെ ശക്തി നാം നേടുകയും ചെയ്യുന്നു.

അറബികളുടെ ചൊല്ലുണ്ട് "ഒട്ടകങ്ങൾ പർവതങ്ങളെ വെറുക്കുന്നു. പർവതങ്ങൾക്കുമുന്നിൽ തങ്ങൾ ചെറുതാണല്ലോ. അവ മരുഭൂമി ഇഷ്ടപ്പെടുന്നു." മുന്നിൽ കാണുന്ന തടസങ്ങളും വൈതരണികളും അതിജീവിക്കുവാൻ നമുക്കാവണം. മലയെഭയന്ന് മണലാരണ്യങ്ങളിൽ തന്നെ ആയിരിക്കാൻ തീരുമാനിക്കരുത്. മുട്ട പൊട്ടാനും പാടില്ല, ഓംലറ്റ് തിന്നുകയും വേണം! രാത്രിയിലെ പ്രാർത്ഥനാവേളയിൽ ഉറങ്ങിപ്പോയ യുവസന്യാസിയെക്കുറിച്ച് പരാതി പറഞ്ഞ സന്യാസിയോട് ഗുരു പറഞ്ഞു - നിങ്ങളുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ ഞാനെന്റെ മടിചായ്ച്ചു കൊടുക്കുമായിരുന്നു അവന് നന്നായുറങ്ങാൻ. സ്വാസ്ഥ്യം നഷ്ടപ്പെടുന്നവർക്ക്, തണൽ ആവശ്യമുള്ളവർക്ക് അത് നൽകാൻ നമുക്കാവണം. ദൈവത്തിൽ നഷ്ടപ്പെട്ടവരാകാൻ ഫ്രാൻസിസ് മാർപാപ്പ യുജനങ്ങളോട് ഉപദേശിക്കുന്നുണ്ട്. 27 ലക്ഷം ആളുകൾ ഒത്തുചേരുന്ന ജറുസലേമിലെ പെസഹാക്കാലത്ത് ബാലനായ യേശുവിന്റെ കൈവിട്ടുപോകൽ സ്വാഭാവികമാണ്. എന്നാൽ അവൻ ദൈവത്തിന്റെ ആഗ്രഹസ്തം പിടിക്കുന്നുണ്ട്. പെന്തക്കുസ്ത ഒരു പുതിയ പുലരിയാകണം. സ്വയം മതിമറന്ന്, തേൻകൂടുകളുടെ പിറകേപോയി തന്റെ ശക്തി അല്പാല്പമായി ക്ഷയിക്കുന്നത് തിരിച്ചറിയാതെ പോയി സാംസൺ. ജഡത്തിന്റെ ചിറകുകൾ നൽകുന്ന കാറ്റിൽ ലയിക്കാതെ പരിശുദ്ധാത്മാവിന്റെ കാറ്റിന്റെ ശീതളിമയിലേക്ക് നമുക്ക് തിരിയാം.

# ദൈവം പെയ്തിറങ്ങട്ടെ...

പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ (മെയ് 26) നിയമ. 4: 32-34, 39-40 റോമ 8:14-17 മത്താ. 28:16-20

**ഫാ. അജിമോൻ** IVDei

ബുദ്ധനെക്കുറിച്ച് ഒരു കഥയുണ്ട്. മരണശേഷം ബുദ്ധൻ പരലോകത്തെത്തി. സ്വർഗ്ഗത്തിന്റെ വാതിലുകൾ അദ്ദേഹത്തിനുവേണ്ടി തുറക്കപ്പെട്ടു. ഉള്ളിൽ കയറാൻ മാലാഖമാർ ബുദ്ധനെ നിർബന്ധിച്ചെങ്കിലും അദ്ദേഹം. കയറിയില്ല പകരം ഒരു നിബന്ധന വച്ചു. അവസാനത്തെ ആളും കയറിയിട്ടേ ഞാൻ കയറൂ. അവസാനത്തെയാൾ എന്നുവച്ചാൽ എന്തൊക്കെയെന്നായി മാലാഖമാർ. അവസാനത്തെയാൾ എന്നുവച്ചാൽ, ബുദ്ധൻ പറഞ്ഞു, 'എല്ലാ മനുഷ്യരും മൃഗങ്ങളും ജീവനുള്ള

എല്ലാ ഉള്ളിൽ കയറിയതിനും ശേഷം ഞാൻ ഉള്ളിൽ കയറാം. മാലാഖമാർക്ക് സംശയം കൂടി അതിന് ഇനിയും നൂറ്റാണ്ടുകൾ എടുക്കില്ലേ? ബുദ്ധൻ പറഞ്ഞു. ഞാൻ കാത്തിരുന്നോളം ഈ വാതിൽക്കൽ എല്ലാ മനുഷ്യരും മൃഗങ്ങളും സ്വർഗത്തിൽ കയറുന്നതുവരെ ഞാൻ കാത്തിരിന്നോളാം. അതിനുശേഷം മാത്രമേ ഞാൻ കയറൂ അപ്പോഴേ എനിക്ക് കയറാൻ പറ്റൂ.

ഇത് വെറും കഥയായിരിക്കാം. പക്ഷേ ക്രിസ്തുവിന്റേത് ജീവിതമായിരുന്നു. കെ.പി.അപ്പൻ പറയുന്നതുപോലെ എന്നെങ്കിലും ഭൂമിയിൽ ജീവിക്കും എങ്കിൽ ആ ദൈവം ക്രിസ്തുവിനെപ്പോലെയിരിക്കും എന്ന്. അതെ ഇന്ന് നാം ചിന്തിക്കുന്നത് ദൈവത്തെക്കുറിച്ചാണ് ത്രിതൈ്വക ദൈവത്തെക്കുറിച്ച്. ദൈവത്തിന് ക്രിസ്തുവിന്റെ മുഖം എങ്കിൽ ദൈവത്തിന് എന്തുപേരിടാം. മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നവരെ നമുക്ക് ദൈവം എന്നു വിളിക്കാം. അപരനോടുള്ള സ്നേഹമാണ് ഇന്നത്തെ വായനകൾ. ആദ്യവായന മനുഷ്യനെ സ്നേഹിക്കുന്ന ദൈവത്തെ വരച്ചുകാട്ടുന്നു. രണ്ടാംവായന ദൈവത്തെ അപ്പനായി കാണാനുള്ള ഭാഗ്യമാണ് നമുക്ക് തരുന്നത്. ഈ സ്നേഹത്തിലേക്ക് മറ്റുള്ളവരെയും ക്ഷണിക്കുക അല്ലെങ്കിൽ കൊണ്ടുവരേണ്ട ചുമതലയാണ് ക്രിസ്തു നമ്മെ ഭരമേൽപ്പിക്കുന്നത്. ത്രിതൈ്വക നാമത്തിൽ അവരെ സ്നാനപ്പെടുത്തണം. എന്നുപറയുമ്പോൾ ത്രിതൈ്വക ദൈവത്തിന്റെ സ്നേഹത്തിൽ ജീവിക്കാനുള്ള ക്ഷണമാണത്. മറ്റുള്ളവർക്കുവേണ്ടി ജീവിക്കാനുള്ള ക്ഷണം.

വയലിൽ നിന്നും ധാന്യം ശേഖരിക്കുമ്പോൾ ഏതെങ്കിലും ഒരു കതിര് നിലത്തുവീണാൽ അത് എടുക്കാൻ പാടില്ല. അത് പാവങ്ങൾക്കുവേണ്ടിയുള്ളതാണ്. മുന്തിരിചക്ക് നിറയ്ക്കുമ്പോൾ ഏതെങ്കിലും മുന്തിരി താഴെ വീണാൽ അതും എടുക്കാൻ പാടില്ല. കാരണം അത് പാവങ്ങൾക്കുള്ളതാണ്. ചോദ്യമിതാണ്. ഏത് ശക്തിയാണ് വയലിൽ ഒരു കതിര് താഴെ വീഴ്ത്തുന്നത്? ഏത് ശക്തിയാണ് ചക്കിൽ നിന്നും മുന്തിരി താഴെ ഇടുന്നത്? അത് ദൈവമാണ് ആ സ്നേഹമാണ് ത്രിത്വം.

ക്രിസ്തുവിനെപ്പോലെ ജീവിച്ചവർ വളരെ കുറവായിരിക്കാം. എന്നാലും അവരാണ് അടയാളങ്ങൾ രേഖപ്പെടുത്തിയിട്ട് ഈ മണ്ണ് വിട്ടുപോയത്. ആ അടയാളമാണ് ദൈവം.

കഥയിലെ ബുദ്ധൻ ഇന്നും കാത്തിരിക്കുന്നു. എന്നാലും അവസാനത്തെ ആളിനുവേണ്ടി കാത്തിരിക്കാനുള്ള മനസ്സ് വലുതാണെന്നുപറയുവാനുള്ള മനസ്സെങ്കിലും നമുക്കുവേണം. സാധാരണ അമ്മമാരെല്ലാം അങ്ങനെയാണ്. വീട്ടിലെ അവസാനത്തെ ആളിനെയും അവർ രാവേറിയാലും കാത്തിരിക്കും. ബാക്കി എല്ലാ കണ്ണുകളിലും ഉറക്കം വന്നുതുടങ്ങിയാലും ആ കണ്ണുകൾ തിരിപോലെ കത്തിനിൽക്കും. ഈ സ്നേഹത്തിലേക്ക് മറ്റുള്ളവരെ സ്നാനപ്പെടുത്തുകയെന്നത് ക്രിസ്ത്യാനിയുടെ കടമയാണ് – ക്രിസ്തു ഓർമപ്പെടുത്തുന്നു.

എല്ലാവരും ത്രിത്വ ദൈവത്തിന്റെ സ്നേഹത്തിൽ സ്നാനം ചെയ്യട്ടെ. ഈശോ കല്പിച്ചതെല്ലാം പാലിക്കാൻ പഠിപ്പിക്കണമെന്നാണ് സുവിശേഷ ഭാഷ്യം. ഈശോ കല്പനകളെയെല്ലാം അവൻ തന്നെ ഒറ്റ കല്പനയിലേക്ക് ചുരുക്കി – സ്നേഹം. സ്നേഹ പ്രമാണമാണ് ക്രിസ്തു പഠനങ്ങളുടെ രത്നചുരുക്കം. നിന്റെ സ്നേഹജീവിതത്തിൽ സ്നേഹം സ്വീകരിക്കുവാനും, കൊടുക്കുവാനും നിനക്കാകുന്നുണ്ടോ? എങ്കിൽ നീ യേശുവിന്റെ കല്പന പാലിക്കുന്നവനാണ്. ഈ സ്നാനത്തിൽ നീ ജാലകങ്ങൾ തുറന്നാൽ, ഇലകൾ നഷ്ടമായ ഒരു രാവിൽ, ഇളം വെയിലിൽ കാത്തിരിക്കുന്ന ഒരു കിളിക്കുഞ്ഞിനെ കാണാം. പെരുമഴയത്ത് നനഞ്ഞുകുതിർന്നുവന്ന കുസൃതിക്കുട്ടിയെ മാറോട് ചേർത്ത് തലതോർത്തി നെറ്റിയിൽ ചുംബിക്കുന്ന ഒരമ്മയുടെ വാത്സല്യം കാണാം. അലറുന്ന കടലിനെ നോക്കി വിശക്കുന്ന വയറുകളുടെ കണ്ണീർ കാണാതിരിക്കാൻ അദ്ധ്വാനിക്കുന്ന ഒരു വൃദ്ധനെ കാണാം. മഴയുടെ ഇരമ്പലുകൾ മഷിതണ്ടിൽ നിറച്ച് കവിതകൾ ചമയ്ക്കുന്ന ഒരു കവിയെ കാണാം. മഴത്തുള്ളികളെ നോക്കി കിനാവുകാണുന്ന ഒരു കാമുകിയെ കാണാം. നിന്റെ ഹൃദയത്തിന്റെ ജാലകങ്ങൾ തുറന്നാൽ ഈ കിനാവുകളെല്ലാം നിനക്കായ് പെയ്തിറക്കുന്ന നിന്റെ ദൈവത്തെയും കാണാം. എല്ലാവർക്കും ഇടമുള്ള ത്രിതൈ്വക ദൈവത്തെ കാണാം. നമുക്ക് ജാലകങ്ങൾ തുറക്കാം. ദൈവം പെയ്തിറങ്ങട്ടെ എല്ലാവരും ആ സ്നേഹത്തിൽ സ്നാനപ്പെടട്ടെ.

എല്ലാവരും ത്രിത്വ ദൈവത്തിന്റെ സ്നേഹത്തിൽ സ്നാനം ചെയ്യട്ടെ. ഈശോ കല്പിച്ചതെല്ലാം പാലിക്കാൻ പഠിപ്പിക്കണമെന്നാണ് സുവിശേഷ ഭാഷ്യം. ഈശോ കല്പനകളെയെല്ലാം അവൻ തന്നെ ഒറ്റ കല്പനയിലേക്ക് ചുരുക്കി - സ്നേഹം. സ്നേഹ പ്രമാണമാണ് ക്രിസ്തു പഠനങ്ങളുടെ രത്നചുരുക്കം. നിന്റെ സ്നേഹജീവിതത്തെ സ്നേഹം സ്വീകരിക്കുവാനും, കൊടുക്കുവാനും നിനക്കാകുന്നുണ്ടോ? എങ്കിൽ നീ യേശുവിന്റെ കല്പന പാലിക്കുന്നവനാണ്.



**വചനജ്വാല**

2024 മേയ് മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# കൂദാശകൾ

**1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം**

**2. ആമുഖം**

അദൃശ്യമായ ദൈവവരപ്രസാദം സാധ്യമാക്കുന്നതിന് ഈശോമിശിഹാ സ്ഥാപിച്ച ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ ഒരു വിശ്വാസി അനുഭവിക്കുന്ന സമയങ്ങളാണ് കൂദാശസ്വീകരണസമയങ്ങൾ. എന്നാൽ ഒരു ക്രൈസ്തവ വിശ്വാസി എന്നനിലയിൽ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ സ്വീകരിക്കുന്ന കൂദാശകളെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും നമ്മളിൽ എത്രപേർക്ക് അറിവുണ്ട്? അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ മതബോധനവേദികളാകേണ്ടതിന്റെ ആവശ്യകത മറ്റേത് കാലത്തേക്കാൾ ഈ കാലഘട്ടത്തിന് ഉണ്ട് എന്ന തിരിച്ചറിവിൽ നിന്ന് കുടുംബകൂട്ടായ്മകളിൽ കൂദാശകളെക്കുറിച്ച് പഠിക്കുവാനായി ദൈവവചനാടിസ്ഥാനത്തിൽ ഗ്രഹിക്കുവാനായി നമുക്ക് ശ്രമിക്കാം.

**3. യേശുവിനെ ക്ഷണിക്കൽ**

**4. ദൈവവചന പാരായണം**

*എഫേസോസ് 4: 1–7*

**5. വചനഭാഗം പങ്കുവയ്ക്കൽ**

**6. നിശബ്ദധ്യാനം**

**7. വചനാനുഭവം പങ്കുവയ്ക്കൽ**

**8. വചനവിചിന്തനം**

കൂദാശ എന്ന പദത്തിന്റെ ഉദ്ഭവം 'സാക്രമെന്തും' (Sacramentum) എന്ന ലാറ്റിൻ വാക്കിൽ നിന്നാണ്. 'രഹസ്യം' എന്നർഥമുള്ള 'മിസ്ത്തേരിയോൺ' (mysterion) എന്ന ഗ്രീക്ക് വാക്കിന്റെ പരിഭാഷയാണ് 'സാക്രമെന്തും' എന്നത്. കോടതിയിൽ കെട്ടിവയ്ക്കുന്ന ജാമ്യത്തുകയും ദൈവത്തോടും രാജാവിനോടുമായി സൈനികർ എടുക്കുന്ന പ്രതിജ്ഞയും സൂചിപ്പിക്കാനാണ് ആദ്യകാലഘട്ടങ്ങളിൽ ഈ വാക്കുപയോഗിച്ചിരുന്നത്. മൂന്നാം നൂറ്റാണ്ടിൽ (ഏകദേശം 210 എ.ഡി.) ദൈവശാസ്ത്രജ്ഞനായ തെർത്തുല്യൻ ആണ് ക്രിസ്തീയ പാരമ്പര്യത്തിൽ 'സാക്രമെന്തും' എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്. ദൈവത്തിനുവേണ്ടി നിയുക്തമായവൻ എന്ന അർഥത്തിൽ മാമോദീസായെ സൂചിപ്പിക്കാനാണ് ഈ പദം അദ്ദേഹം ഉപയോഗിച്ചത്. ക്രമേണ ഏഴു കൂദാശകളെയും അർഥമാക്കുന്ന പദമായി 'സാക്രമെന്തും' മാറി. ഇതിന്റെ ഇംഗ്ലീഷ് വിവർത്തനമാണ് 'സാക്രമെന്റ്സ്' (Sacraments) എന്നത്. 'കൂദാശ' എന്ന സിറിയൻ വാക്കിനർഥം.

വിശുദ്ധീകരിക്കുന്ന കർമ്മം എന്നാണ്.

'കൂദാശ' എന്ന പദം പുതിയനിയമത്തിലൊരിടത്തും കാണുന്നില്ലെങ്കിലും ഇവ യേശുവിന്റെ കല്പനയ്ക്കും മനോഭാവത്തിനും അനുസൃതമാണെന്നത് ചില ബൈബിൾഭാഗങ്ങളിൽ നിന്ന് മനസിലാക്കാം.

**1. മാമോദീസ:-** ത്രിയേകദൈവത്തിന്റെ നാമത്തിൽ എല്ലാ ജനങ്ങളെയും ജ്ഞാനസ്നാനപ്പെടുത്താൻ ക്രിസ്തു ശിഷ്യന്മാരോട് ആവശ്യപ്പെടുന്നുണ്ട് (മത്താ. 28:20, മർക്കോ. 16:16). ജലത്താലും ആത്മാവാലും വീണ്ടും ജനിച്ച് ദൈവരാജ്യത്തിൽ പ്രവേശിക്കുവിൻ (യോഹ. 3:5) എന്ന് ക്രിസ്തു നിക്കോദേമോസിനോടു പ്രഖ്യാപിക്കുന്നത് മാമോദീസായുടെ ഉദ്ദേശ്യങ്ങളാണ് സൂചിപ്പിക്കുന്നത്. മാത്രമല്ല ക്രിസ്തുതന്നെ യോഹന്നാനിൽ നിന്നു ജ്ഞാനസ്നാനം സ്വീകരിക്കുന്നുമുണ്ട് (മത്താ. 3:12-17, മർക്കോ. 1:9, ലൂക്കാ. 3:21).

**2. സ്ഥൈര്യലേപനം:-** ലൂക്കാ 24:29, യോഹ. 14:16, അപ്പ 1:8 എന്നിവിടങ്ങളിൽ പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്ന ക്രിസ്തു പെന്തക്കുസ്താദിനത്തിലും (അപ്പ. 2:4), സ്വർഹാരോഹണസമയത്തും ആത്മാവിനെ നൽകുന്നു (യോഹ. 20:22). പിന്നീട് അപ്പസ്തോലന്മാരും കൈവയ്പ് ശുശ്രൂഷയിലൂടെ ആത്മാവിനെ നൽകുന്നു (അപ്പ. 8:15-17). ഇവയെല്ലാം സ്ഥൈര്യലേപന കൂദാശയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

**3. കുർബാന:-** പെസഹാവിരുന്നിൽ തന്റെ ശരീരവും രക്തവും അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ ശിഷ്യന്മാർക്കു നൽകിയതും തന്റെ ഓർമയ്ക്കായി അത് തുടർന്നു ചെയ്യാൻ ആജ്ഞാപിച്ചതും വിശുദ്ധ കുർബാന എന്ന കൂദാശയ്ക്കുള്ള നേർതെളിവാണ് (മർക്കോ. 14:22-24). പിന്നീട് ആദിമ ക്രൈസ്തവർ മുതൽക്കേ കുർബാന ആഘോഷിച്ചിരുന്നതായി നമുക്കു കാണാം (1 കൊറി. 11:23-26). ഇത് എന്റെ ശരീരമാകുന്നു എന്ന വാക്കിലൂടെയാണ് പരിശുദ്ധ കുർബാന സ്ഥാപിച്ചത്.

**4. കുമ്പസാരം:-** സുവിശേഷപ്രഘോഷണത്തിന് അയയ്ക്കപ്പെടുന്ന ശിഷ്യർക്ക് പാപമോചനത്തിനുള്ള അധികാരം കൂടി ക്രിസ്തു നൽകുന്നുണ്ട്. മത്താ. 18:18. യോഹ. 20:23 എന്നീ ക്രിസ്തുവാക്യങ്ങളിലാണ് കുമ്പസാരം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്.

**5. രോഗീലേപനം:-** തന്റെ ജീവിതകാലത്ത് അനേകം രോഗികളെ ഈശോ സുഖപ്പെടുത്തുകയും ചിലരെ മരണത്തിൽ നിന്നു രക്ഷിക്കുകയും ചെയ്തിട്ടുണ്ട്. രോഗികളെ സുഖപ്പെടുത്താൻ യേശു ശിഷ്യന്മാർക്ക് അധികാരം നൽകുന്നതും (മത്താ. 10:8) ശിഷ്യന്മാർ യേശുവിന്റെ ജീവിതകാലത്തു തന്നെ അനേകരെ സുഖപ്പെടുത്തുന്നതും (മർക്കോ. 6:13) സുവിശേഷങ്ങൾ എടുത്തുകാണിക്കുന്നുണ്ട്. വിശുദ്ധ യാക്കോബ് അന്ന് നിലവിലുണ്ടായിരുന്ന രോഗീലേപനത്തെക്കുറിച്ച് പരാമർശിക്കുന്നുമുണ്ട് (യാക്കോ. 5:14-15).

**6. തിരുപ്പട്ടം:-** അന്ത്യഅത്താഴവേളയിൽത്തന്നെ കുർബാന അർപ്പിക്കുന്നതിനുള്ള അധികാരവും (ലൂക്കാ. 22:19) പിന്നീട് പാപമോചനത്തിനുള്ള അധികാരവും (യോഹ. 20:33) ക്രിസ്തു ശിഷ്യന്മാർക്കു നൽകുന്നുണ്ട്. ഇവ ശിഷ്യർക്കെല്ലാർക്കുമായല്ല മറിച്ച് അപ്പസ്തോലന്മാർക്കു മാത്രമാണു നൽകുന്നത്. ഈ അധികാരങ്ങൾ പൗരോഹിത്യത്തെ സൂചിപ്പിക്കുന്നു. അപ്പസ്തോലന്മാർ കൈവയ്പ്പുവഴി ഈ അധികാരം പിൻഗാമികൾക്കു കൈമാറുന്നതും വേദപുസ്തകത്തിൽ കാണാം (1 തിമോ. 4:14).

**7. വിവാഹം:-** വൈവാഹികബന്ധത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചും അവിഭാജ്യതയെക്കുറിച്ചും വിവാഹിതർക്കും ലഭിക്കുന്ന പ്രത്യേക കൃപാവരത്തെക്കുറിച്ചും ക്രിസ്തു പഠിപ്പിക്കുന്നുണ്ട് (മത്താ. 19:4-11). കാനായിലെ വിവാഹത്തിൽ ക്രിസ്തു പങ്കെടുത്തത് വിവാഹം എന്ന ജീവിതശൈലിയെ അവൻ അനുഗ്രഹിച്ചു എന്നതാണല്ലോ സൂചിപ്പിക്കുന്നത് (യോഹ. 2:1-11).

ഏഴു കൂദാശകളും സ്ഥാപിച്ചത് ക്രിസ്തുവാണ്. എങ്കിലും ഈ കൂദാശകൾ അർപ്പിക്കപ്പെടേണ്ട ആരാധനക്രമം തീരുമാനിച്ചത് സഭയാണ്. അതായത്, ഓരോരോ കൂദാശകളിലും ഉപയോഗിക്കേണ്ട വസ്തുക്കൾ (ഉദാ: എണ്ണ, മോതിരം, വസ്ത്രങ്ങൾ), ചൊല്ലേണ്ട പ്രാർഥനകൾ, അർഥികളുടെ പ്രായാം തുടങ്ങിയവയെല്ലാം സഭതന്നെ ഓരോ സ്ഥലത്തിനും സംസ്ക്കാരത്തിനുമൊത്ത് രൂപപ്പെടുത്തിയതാണ്.

ഒരു വ്യക്തിയുടെ ജീവിതത്തിലെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ സ്വീകരിക്കുന്ന വിവിധങ്ങളായ കൂദാശകൾ വിശ്വാസജീവിതത്തിന്റെ പാതയിലെ വ്യത്യസ്ത ഘട്ടങ്ങളിൽ കൃപയേകി ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളരാൻ സഹായിക്കുന്നു. ഇത് മനുഷ്യരോടൊത്ത് വസിക്കുന്ന ദൈവത്തിന്റെ നിരന്തര സാന്നിധ്യത്തെ തിരിച്ചറിയുന്നതിനും ആ സാന്നിധ്യ ബോധത്തിൽ ജീവിക്കുന്നതിനും സഹായിക്കുകയും ചെയ്യുന്നു. കൂദാശകളുടെ പരികർമ്മങ്ങളിലൂടെ ഓരോ ക്രൈസ്തവനും കാലികമായുണ്ടാകുന്ന പ്രതികൂലമായ വെല്ലുവിളികളെ അതിജീവിച്ച് വിശ്വാസത്തിൽ ആഴപ്പെടാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**9. ദൗത്യമേറ്റെടുക്കൽ**

**10. സ്വയം പ്രേരിതപ്രാർഥന**

**11. കർത്തൃപ്രാർഥന**

**12. സമാപനപ്രാർഥന**

**രണ്ടാം ഭാഗം**

**1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)**

**2. വരവ് ചെലവ് കണക്ക് അവതരണം**

**3. ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം**

**(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)**

**4. ചർച്ചയും പങ്കുവയ്ക്കലും**

**5. ഹാജർ**

**6. രഹസ്യപ്പിരിവ്**

**7. അറിയിപ്പുകൾ**

**8. നന്ദി**

**9. സമാപനഗീതം**

*തയ്യാറാക്കിയത്:*
അതിരൂപത ബി.സി.സി.കമ്മിഷൻ

## നേർക്കാഴ്ച

ജെ.സി.

# ജനാധിപത്യത്തിൽ നിന്ന് സ്വേച്ഛാധിപത്യത്തിലേക്ക്

ഇന്ത്യ സ്വതന്ത്രമായതിനു തൊട്ടുമുൻപും തൊട്ടുപിൻപുമായി മഹാത്മാഗാന്ധി രണ്ടുകാര്യങ്ങൾ പറയുകയുണ്ടായി. ആദ്യത്തേത് ഇന്ത്യയെ രണ്ടാക്കി പകുത്തുകൊണ്ടുള്ള സ്വാതന്ത്ര്യം നമുക്ക് വേണ്ട എന്നു നിശ്ചയിക്കണം. ഇത് പറഞ്ഞത് സ്വാതന്ത്ര്യത്തിന് മുമ്പ്. ആരും കേട്ടില്ല. ഫലമോ അതേവരെ അഹിംസ കൊണ്ട് നേടിയതിന്റെ അനേകായിരം ഇരട്ടി ഏതാനും മാസങ്ങളിൽ ഹിംസിക്കപ്പെട്ടു. 1947 ഓഗസ്റ്റ് 16-ാംതീയതി ഗാന്ധിജി മറ്റൊരു നിർദേശം നൽകി. ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയകക്ഷി പിരിച്ചുവിടണം. കാരണം ഇനി ഇന്ത്യ ഭരിക്കേണ്ടത് കുറച്ചുപേരുടെ പാർട്ടിയല്ല മുഴുവൻ ഇന്ത്യക്കാരും ചേർന്നാണ്. പാർട്ടി രഹിത ജനായത്തം, അതായത് പഞ്ചായത്തി രാജ്, മതി എന്നാണ്. ഫലമോ ഈ രാജ്യത്ത് ഇന്നോളം ഭരിച്ച ഒരു സർക്കാരും കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും ഭൂരിപക്ഷ സർക്കാരുകൾ ആയില്ല. വോട്ടർമാരിൽ ഒരു ന്യൂനപക്ഷത്തിന്റെ പിന്തുണയേ അവർക്ക് എല്ലാവർക്കും യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ളൂ.



ഇന്ത്യ വീണ്ടുമൊരു തെരഞ്ഞെടുപ്പ് പ്രക്രിയയിലാണ്. രാഷ്ട്രീയ ചർച്ചകൾക്കൊപ്പം രാജ്യത്തിന്റെ ഘടനാപരവും അസ്തിത്വപരവും സാംസ്കാരികവുമായ സവിശേഷതകളിൽ ഊന്നിനിന്നുള്ള സംവാദങ്ങൾ കൂടി ആവശ്യമാണ്. 24 രാജ്യങ്ങളിലായി പ്യൂ റിസർച്ച് സെന്റർ നടത്തിയ ആഗോള മനോഭാവ റിപ്പോർട്ട് അനുസരിച്ച് പ്രാതിനിധ്യ ജനാധിപത്യം മികച്ചൊരു ഭരണ സംവിധാനമാണെന്ന് പലരും വിശ്വസിക്കുമ്പോഴും ഇന്ത്യ ഉൾപ്പെടെ മിക്ക രാജ്യങ്ങളിലും ജനാധിപത്യവിരുദ്ധഭരണ സംവിധാനങ്ങളെ ഇഷ്ടപ്പെടുന്നവരുടെ എണ്ണം വർധിക്കുകയാണ്. ഈ സർവേയിൽ പങ്കെടുത്ത ഇന്ത്യക്കാരിൽ 85 ശതമാനം പേരും മിലിട്ടറി ഭരണം അല്ലെങ്കിൽ സ്വേച്ഛാധിപതിയായ ഒരു നേതാവ് ഭരിക്കുന്നതാണ് രാജ്യത്തിന് ഗുണപ്രമെന്ന് അഭിപ്രായപ്പെട്ടു. എന്തുകൊണ്ടാണ് നാം സ്വേച്ഛാധിപത്യത്തെ ഇഷ്ടപ്പെടുകയും അനുകൂലിക്കുകയും ചെയ്യുന്നത്? നമ്മുടെ സമൂഹ മനസ്സിൽ അടിഞ്ഞുകൂടിയ രാജഭരണ, കൊളോണിയൽ അടിമത്താനുഭവങ്ങൾ ശരിയായ ജനാധിപത്യ ബോധം രാജ്യത്ത് വളരുവാൻ ഇപ്പോഴും തടസമാകുന്നുണ്ടോ?

ബ്രിട്ടീഷ് സാമ്രാജ്യത്തെ തോൽപ്പിച്ചോടിച്ച മഹത്തായ പാരമ്പര്യമുള്ള ഇന്ത്യൻ ജനാധിപത്യമാണ് ജാതിയോടും മതത്തോടും ധനത്തോടും തോറ്റ് പിൻവാങ്ങിക്കൊണ്ടിരിക്കുന്നത്. പ്യൂ റിസർച്ച് സെന്ററിന്റെ 2003-ലെ സർവേയിൽ കണ്ടെത്തിയിരിക്കുന്ന ചില കാര്യങ്ങൾ ഇവയാണ്. 24 രാജ്യങ്ങളിൽ നടത്തിയ പഠനങ്ങളിൽ ഒട്ടുമിക്ക രാജ്യങ്ങളിലും ജനാധിപത്യം ദുർബലമായിക്കൊണ്ടിരിക്കുകയാണ്. പ്രാതിനിധ്യജനാധിപത്യത്തെ മുൻ സർവേയിൽ (2017) പങ്കെടുത്ത ഇന്ത്യക്കാരിൽ 44% ശതമാനം അനുകൂലിച്ചിരുന്നു. ഇപ്പോൾ (2023) അവരുടെ എണ്ണം 36 ശതമാനമായി കുറഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ സർവേയിൽ പങ്കെടുത്ത ഇന്ത്യക്കാരിൽ 85 ശതമാനവും ആഗ്രഹിക്കുന്നത് സൈനികാധിപത്യമോ സ്വേച്ഛാധിപത്യമോ ആണ്. ശക്തനായ ഭരണാധികാരി ഉണ്ടെങ്കിലേ കാര്യങ്ങൾ നേരേചൊവ്വേ നടക്കു എന്നാണവർ അഭിപ്രായപ്പെട്ടത്. അരനൂറ്റാണ്ടുമുൻപ് ഇന്ദിരാഗാന്ധി ഇന്ത്യയിൽ അടിച്ചേൽപ്പിച്ച അടിയന്തിരാവസ്ഥ (1975-1977) യെ അക്കാലത്ത് കേരളീയർ പുകഴ്ത്തിയിരുന്നു. ഇതരസംസ്ഥാനങ്ങളിൽ ശക്തമായി എതിർപ്പ് പ്രകടിപ്പിച്ച് അവരെ ലോക്സഭാ ഇലക്ഷനിൽ പുറത്താക്കുകയും ചെയ്തു.

ഇന്ത്യൻ ജനാധിപത്യത്തിന്റെ പ്രാണവായു മതേതരത്വമാണ്. മതേതരത്വമില്ലെങ്കിൽ നമ്മുടെ ജനാധിപത്യമില്ല. ജനാധിപത്യമില്ലെങ്കിൽ നമുക്ക് മതേതരത്വവുമില്ല. ഇതു രണ്ടുമില്ലെങ്കിൽ നമുക്ക് ദേശീയതയുമില്ല. നമ്മുടെ ജനാധിപത്യം ധനാധിപത്യത്തിന് വഴിയൊരുക്കിക്കൊണ്ടിരിക്കുകയാണ്. ആദാനി, അംബാനി, ടാറ്റ, ബിർള മുതലായ കുത്തക മുതലാളിമാരാണ് നമ്മുടെ നാട് ഭരിക്കുന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്തെ തോല്പിച്ച മഹത്തായ പാരമ്പര്യമുള്ള ഇന്ത്യൻ ജനാധിപത്യമാണ് തോറ്റുപിൻവാങ്ങിക്കൊണ്ടിരിക്കുന്നത്. ഒരു ഹിന്ദുരാഷ്ട്രം പടുത്തുയർത്തുന്ന പണിയാണ് യവനികയ്ക്ക് മുന്നിലും പിന്നിലുമായി നടന്നുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യം ജനാധിപത്യ വിശ്വാസികളുടെ ഉത്തരവാദിത്വം വർധിപ്പിക്കുന്നു. അവർ കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കണം. ഒരു രണ്ടാം സ്വാതന്ത്ര്യസമരം അനിവാര്യമായി തീരുകയാണ്. ■



# കാർലോ അക്യുറ്റിസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ

**2024 മെയ് 24,25,26 തീയതികളിൽ**

**പാളയം സെന്റ്. ജോസഫ്സ് മെട്രോപോളിറ്റൻ കത്തീഡ്രൽ AC ഹാൾ**

ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം ഉച്ചസ്ഥായിയിൽ എത്തിയിരിക്കുന്ന കാലഘട്ടമാണ് നമ്മുടേത്. ആശയ സംവേദനത്തോടൊപ്പം മൂല്യങ്ങളും നൂതന ആശയങ്ങളും പകരുന്നതിൽ അദ്വിതീയ സ്ഥാനമുള്ള ദൃശ്യ മാധ്യമങ്ങളിൽ ഏറ്റവും അഗ്രഗണ്യമായത് സിനിമതന്നെ. ലോകത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്നതിൽ സിനിമ ചെലുത്തുന്ന സ്വാധീനം ചെറുതൊന്നുമല്ല. മൂല്യവത്തായ ആശയങ്ങളോടൊപ്പം സാമൂഹിക നന്മകളേയും സംസ്കാരങ്ങളേയും പ്രതികൂലമായി ബാധിക്കുന്ന ആശയങ്ങളുടെ കുത്തൊഴുക്കുകളും വികലമായ ബോധ്യങ്ങളും ഇതേ മാധ്യമത്തിലൂടെ മനുഷ്യ മസ്തിഷ്കങ്ങളിൽ നിറയ്ക്കുകയും സാമൂഹ്യവ്യവസ്ഥിതികളെ അപകടത്തിലാക്കുകയും ചെയ്യുന്നു. ഇളം തലമുറയാണ് ഇതിന് പ്രധാന ഇരകൾ... ഇതിനൊരുമാറ്റം അനുവാര്യമാണ്. മാതൃകാപരമായി പുതിയ തലമുറയെ വഴിനടത്താൻ ആത്മീയ വിശ്വാസ ബോധ്യങ്ങളും സന്മാതൃകയും ധാരാളം പകർന്ന് നൽകേണ്ടതുണ്ട്. ഇതിനും ചലച്ചിത്ര മാധ്യമം തന്നെ ഏറ്റവും അനുയോജ്യം.

ക്രിസ്തീയ മൂല്യങ്ങളും ദൈവജനതയുടെ ചരിത്രവും വിശദീകരിക്കുന്ന ചലച്ചിത്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ധ്യാനാത്മക ശൈലിയിൽ കുട്ടികൾക്കും മുതിർന്നവർക്കുമായി ക്രമീകരിച്ചിരിക്കുന്ന കാർലോ അക്യുറ്റിസ് ഇന്റർനാഷണൽ ഫിലിംഫെസ്റ്റിവൽ 2024 മെയ് മാസം 24,25,26 തീയതികളിൽ പാളയം സെന്റ്. ജോസഫ്സ് മെട്രോപോളിറ്റൻ കത്തീഡ്രൽ AC ഹാളിൽ നടക്കുന്നു. ഈ ഫെസ്റ്റിവലിൽ പങ്ക് ചേരാൻ നിങ്ങളെ ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

എന്ന്,

| മോൺ.വിൽഫ്രഡ് ഇ. | ഫാ.ജെറോം അമൃതയ്യൻ | ശ്രീ.ഇഗ്നേഷ്യസ് തോമസ് |
|---|---|---|
| പാളയം ഫൊറോന വികാരി | ഫൊറോന മതബോധന ഡയറക്ടർ | CAIFF കൺവീനർ |

രജിസ്ട്രേഷനും മറ്റുവിവരങ്ങൾക്കുമായി ബന്ധപ്പെടേണ്ടവർ

| ശ്രീ.ജോസ് | ശ്രീ.ആന്റണി രാജ് | ശ്രീമതി എൽസമ്മ |
|---|---|---|
| CAIFF ഓർഗനൈസർ | CAIFF പബ്ലിസിറ്റി കൺവീനർ | CAIFF രജിസ്ട്രേഷൻ കോർഡിനേറ്റർ |
| 9447304851 | 9497041303 | 8547850185 |

**ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന കമ്മീഷൻ**

പാളയം ഫൊറോന

Pub. Date : 01.05.2024
Total Page 44
REGD. NO. KL/TV(S)/266/2024-26.
RNI Registered NO. 36056/81.
Licenced to post without pre-payment KL/TV(S)/WPP/171/2024-26.
JEEVANUM VELICHAVUM
Rs. 30.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto